2025 JANUARY 20

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122






# ഡൊണൾഡ് ട്രംപ 2.0




## ഇ – മലയാളിയുടെ ഇന്ത്യ ലോഞ്ചിംഗും കഥാ – കവിത മത്സര വിജയികൾക്ക് സമ്മാന വിതരണവും കൊച്ചിയിൽ


Joyalukkas
GOLDEN DIWALI
THE BIGGEST DIWALI OFFER
24K
FREE
1 GM (24K)
LAKSHMI IDOL OR GOLD BAR
ON DIAMOND & PRECIOUS STONE JEWELLERY PURCHASES WORTH USD 1500 & GOLD JEWELLERY PURCHASE WORTH USD 5500
24K
FREE
500 MG (24K)
GOLD BAR
ON DIAMOND AND PRECIOUS STONE JEWELLERY PURCHASES WORTH USD 1000
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
10% PAY IN ADVANCE AND GET GUARANTEED GOLD RATE PROTECTION
SCAN FOR LATEST JEWELLERY COLLECTION
OFFER VALID UNTIL 3RD NOV. 2024
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936



# ഇത് വിമോചനദിനം, ഇനി സുവർണകാലം: പ്രസിഡന്റ് ട്രംപ്

വാഷിംഗ്ടൺ – സത്യപ്രതിജ്ഞ ചെയ്ത ശേഷം പ്രസിഡന്റ് ഡൊണൾഡ് ട്രംപ് നടത്തിയ പ്രസംഗത്തിൽ ഇത് "വിമോചന ദിനം" ആണെന്ന് പ്രഖ്യാപിച്ചു . കോമൺ സെൻസ് വിപ്ലവത്തിൽ അമേരിക്കയുടെ സുവർണ്ണകാലം ഇപ്പോൾ ആരംഭിക്കുന്നു- പ്രസിഡന്റ് പറഞ്ഞു.

78 കാരനായ ട്രംപ് തന്റെ തുടർച്ചയായ രണ്ടാമത്തെ ടേം ആരംഭിച്ച കാപ്പിറ്റോൾ റൊട്ടുണ്ടയിൽ നടന്ന സത്യപ്രതിജ്ഞ ചടങ്ങിൽ 600 ഓളം അതിഥികൾ പങ്കെടുത്തു. കടുത്ത തണുപ്പ് കാരണം പരിപാടി കാപിറ്റലിലേക്കു മാറ്റുകയായിരുന്നു.

വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്തത്. പിന്നാലെ ട്രംപും. മുൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കന്റെയും തന്റെ മാതാവിന്റെയും ബൈബിളുകൾ കയ്യിലേന്തിയാണ് ട്രംപ് സത്യവാചകം ചൊല്ലിയത്. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സ് ട്രംപിന് സത്യവാചകം ചൊല്ലിക്കൊടുത്തു, സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ബൈഡന് ഉടൻ തന്നെ ട്രംപ് ഹസ്തദാനം ചെയ്തു. വൈസ് പ്രസിഡന്റ് കമല ഹാരിസും പങ്കെടുത്തു

ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ, ആമസോൺ സിഇഒ ജെഫ് ബെസോസ്, ടിക്ടോക്ക് സിഇഒ ഷോ ച്യൂ, സ്പേസ് എക്സ്, ടെസ്ല എന്നിവയുടെ സിഇഒയും എക്സിന്റെ ഉടമയുമായ എലോൺ മസ്ക് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ന്യൂയോർക്ക് സിറ്റി മേയർ എറിക് ആഡംസ്, പോഡ്കാസ്റ്റർ ജോ റോഗൻ, ഫോക്സ് കോർപ്പറേഷന്റെ ചെയർമാൻ എമെറിറ്റസും ദി പോസ്റ്റ് ഉൾപ്പെടുന്ന ന്യൂ കോർപ്പിന്റെ സിഇഒയുമായ റൂപർട്ട് മർഡോക്ക് എന്നിവരും പങ്കെടുത്തു – അർജന്റീനിയൻ പ്രസിഡന്റ് ജാവിയർ മിലിയും പങ്കെടുത്തു.

മുൻ പ്രസിഡന്റുമാരായ ബരാക് ഒബാമ, ജോർജ്ജ് ഡബ്ല്യു. ബുഷ്, ബിൽ ക്ലിന്റൺ, മുൻ പ്രഥമ വനിത ഹിലരി ക്ലിന്റൺ എന്നിവരും സന്നിഹിതരായിരുന്നു. മുൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസും ഭാര്യയില്ലാതെ എത്തി.

"നമ്മുടെ 250 വർഷത്തെ ചരിത്രത്തിലെ ഏതൊരു പ്രസിഡന്റിനേക്കാളും ഞാൻ പരീക്ഷിക്കപ്പെടുകയും വെല്ലുവിളിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഞാൻ ധാരാളം കാര്യങ്ങൾ പഠിച്ചു. നമ്മുടെ റിപ്പബ്ലിക് വീണ്ടെടുക്കാനുള്ള യാത്ര എളുപ്പമുള്ള ഒന്നല്ല," ട്രംപ് പറഞ്ഞു.

"നമ്മുടെ ലക്ഷ്യം തടയാൻ ആഗ്രഹിക്കുന്നവർ എന്റെ സ്വാതന്ത്ര്യം കവർന്നെടുക്കാൻ ശ്രമിച്ചു, തീർച്ചയായും എന്റെ ജീവൻ അപഹരിക്കാൻ ശ്രമിച്ചു. കുറച്ച് മാസങ്ങൾക്ക് മുമ്പ്, മനോഹരമായ പെൻസിൽവാനിയ വയലിൽ, ഒരു കൊലയാളിയുടെ വെടിയുണ്ട എന്റെ ചെവിയിലൂടെ തുളച്ചുകയറി, പക്ഷേ എന്റെ ജീവൻ രക്ഷിക്കപ്പെട്ടത് ഒരു കാരണത്താലാണെന്ന് എനിക്ക് അപ്പോൾ തോന്നി. ഇപ്പോൾ അതിൽ കൂടുതൽ വിശ്വസിക്കുന്നു. അമേരിക്കയെ വീണ്ടും മഹത്തരമാക്കാൻ ദൈവം എന്നെ രക്ഷിച്ചു.

ഇന്ന് മുതൽ, നമ്മുടെ രാജ്യം അഭിവൃദ്ധി പ്രാപിക്കുകയും ലോകമെമ്പാടും വീണ്ടും ബഹുമാനിക്കപ്പെടുകയും ചെയ്യും. എല്ലാ രാഷ്ട്രങ്ങളുടെയും അസൂയ

നമ്മളായിരിക്കും. ഇനി നമ്മളെ മുതലെടുക്കാൻ അനുവദിക്കില്ല. ട്രംപ് ഭരണകൂടത്തിന്റെ ഓരോ ദിവസത്തിലും, ഞാൻ അമേരിക്കയെ ഒന്നാമതെത്തിക്കും.

നമ്മുടെ പരമാധികാരം വീണ്ടെടുക്കപ്പെടും. നമ്മുടെ സുരക്ഷ പുനഃസ്ഥാപിക്കപ്പെടും. നീതിയുടെ തുലാസുകൾ പുനഃസന്തുലിതമാക്കപ്പെടും. നീതിന്യായ വകുപ്പിന്റെയും നമ്മുടെ സർക്കാരിന്റെയും ക്രൂരവും അക്രമാസക്തവും അന്യായവുമായ ആയുധവൽക്കരണം അവസാനിക്കും.

അഭിമാനവും സമൃദ്ധിയുമുള്ള സ്വതന്ത്രമായ ഒരു രാഷ്ട്രം എന്നതായിരിക്കും നമ്മുടെ മുൻഗണന. അമേരിക്ക ഉടൻ തന്നെ മുമ്പത്തേക്കാൾ വലുതും ശക്തവും വ്യത്യസ്തവുമാകും.

അനധികൃത കുടിയേറ്റം തടയുന്നതിനായി വിപുലമായ എക്സിക്യൂട്ടീവ് ഉത്തരവുകൾ ട്രംപ് ഇന്ന് തന്നെ പുറപ്പെടുവിക്കുമെന്ന് സൂചന നൽകി. അഭയാർത്ഥികൾക്കായി “മെക്സിക്കോയിൽ തന്നെ തുടരുക“ എന്ന നയം പുനഃസ്ഥാപിക്കും. ആഭ്യന്തര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുക, രാഷ്ട്രീയ പ്രസംഗങ്ങൾക്കുള്ള സർക്കാർ സെൻസർഷിപ്പ് തടയുക എന്നിവയും ഉണ്ടാകും.




ആത്മവിശ്വാസത്തോടെയും ശുഭാപ്തി വിശ്വാസത്തോടെയുമാണ് ഞാൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മടങ്ങുന്നത്. മാറ്റത്തിന്റെ ഒരു വേലിയേറ്റം രാജ്യത്തെ മുഴുവൻ മൂടുകയാണ്. ലോകമെമ്പാടും സൂര്യപ്രകാശം ചൊരിയുന്നു, മുമ്പൊരിക്കലുമില്ലാത്തവിധം ഈ അവസരം പ്രയോജനപ്പെടുത്താൻ അമേരിക്കയ്ക്ക് അവസരമുണ്ട്, ട്രംപ് പറഞ്ഞു.

നമ്മൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് നമ്മൾ സത്യസന്ധരായിരിക്കണം. ഇന്ന് നമ്മുടെ സർക്കാർ വിശ്വാസത്തിന്റെ പ്രതിസന്ധി അഭിമുഖീകരിക്കുന്നു. വർഷങ്ങളായി, നമ്മുടെ പൗരന്മാരിൽ നിന്ന് സ്ഥാപിത താല്പര്യക്കാരും അഴിമതിക്കാരുമായ ഒരു പറ്റം പേർ അധികാരവും സമ്പത്തും പിടിച്ചെടുത്തു.

“സ്വന്തം നാട്ടിൽ ചെറിയ പ്രതിസന്ധി പോലും കൈകാര്യം ചെയ്യാൻ കഴിയാത്ത ഒരു സർക്കാരാണ് നമുക്കുള്ളത്. അതേസമയം വിദേശത്ത് ദുരന്ത സംഭവങ്ങളിൽ ഇടറിവീഴുന്നു. അമേരിക്കൻ പൗരന്മാരെ സംരക്ഷിക്കുന്നതിൽ അത് പരാജയപ്പെടുന്നു, പക്ഷേ ലോകമെമ്പാടുമുള്ള ജയിലുകളിൽ നിന്നും മാനസിക സ്ഥാപനങ്ങളിൽ നിന്നും അപകടകരമായ കുറ്റവാളികൾക്ക് അഭയവും സംരക്ഷണവും നൽകുന്നു.

സ്വന്തം ജനങ്ങളെ സംരക്ഷിക്കാൻ വിസമ്മതിക്കുന്ന ഒരു സർക്കാരാണ് നമുക്കുള്ളത്. തീപിടുത്തങ്ങൾ വീടുകളിലും സമൂഹങ്ങളിലും പടരുന്നു. നമ്മുടെ രാജ്യത്തെ ഏറ്റവും ധനികരും ശക്തരുമായ ചില വ്യക്തികളെ പോലും ബാധിക്കുന്നു, അവരിൽ ചിലർ ഇപ്പോൾ ഇവിടെ ഇരിക്കുന്നു. അവർക്ക് ഇനി വീടില്ല. ഇത് സംഭവിക്കാൻ നമുക്ക് അനുവദിക്കാനാവില്ല. അത് മാറാൻ പോകുന്നു. ജനങ്ങൾക്ക് അവരുടെ വിശ്വാസം, സമ്പത്ത്, ജനാധിപത്യം എന്നിവ തിരികെ നൽകുന്നതിനുമുള്ള ഒരു നിയോഗമാണ് എന്റെ തിരഞ്ഞെടുപ്പ്. ഈ നിമിഷം മുതൽ, അമേരിക്കയുടെ പതനം അവസാനിച്ചു.“

ട്രംപിന്റെ കാബിനറ്റ് സെക്രട്ടറി നോമിനികളും വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫ് സൂസി വൈൽസ്, ഇരു പാർട്ടികളിലെയും കോൺഗ്രസ് അംഗങ്ങളും ട്രംപ് കുടുംബത്തിലെ അംഗങ്ങളും ഉൾപ്പെടെ പങ്കെടുത്തവരിൽപ്പെടുന്നു.



# മൂന്ന് പതിറ്റാണ്ടിന്റെ പാരമ്പര്യവുമായി ഇ മലയാളിയുടെ പ്രവർത്തനം ഇന്ത്യയിലേയ്ക്കും




**എ.എസ് ശ്രീകുമാർ**

കൊച്ചി: വാർത്തകളും വിശേഷങ്ങളും വേഗത്തിൽ അറിയാനുള്ള അമേരിക്കൻ മലയാളികളുടെ ആഗ്രഹം സഫലമാക്കിക്കൊണ്ട് ജനപ്രിയ ഓൺലൈൻ പോർട്ടലായ ഇ മലയാളിയുടെ ജൈത്രയാത്ര മൂന്നാം പതിറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുകയാണ്. കരിയർ ഗ്രാഫിൽ വളർച്ചയുടെ രേഖകൾ അടയാളപ്പെടുത്തുന്ന ഇ മലയാളിയുടെ ഇന്ത്യാ പ്രവർത്തന ഉദ്ഘാടനവും ചെറുകഥാ-കവിതാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും ഇക്കഴിഞ്ഞ ദിവസം കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ വിശിഷ്ട വ്യക്തികളുടെയും പ്രൗഢഗംഭീരമായ സദസിന്റെയും സാന്നിധ്യത്തിൽ നടന്നു.

കർമഭൂമിയിലും ജൻമഭൂമിയിലും മലയാള ഭാഷയെ നെഞ്ചോടു ചേർത്തു നിർത്താനുള്ള ഉൾക്കടമായ ആഗ്രഹത്തിന്റെയും കടമയുടെയും ഭാഗമായി ആഗോള മലയാളികൾക്കായി ഇ മലയാളി നടത്തിയ ചെറുകഥാ-കവിതാ മത്സര വിജയികൾക്കുള്ള ട്രോഫിയും പ്രശസ്തി പത്രവും ക്യാഷ് അവാർഡുമാണ് കൊച്ചിയിൽ വിതരണം ചെയ്യപ്പെട്ടത്. വായന കുറയുന്നു എന്നു മുറവിളി കുട്ടുന്ന സാഹചര്യത്തിൽ ഇ മലയാളി ചെയ്യുന്ന സേവനങ്ങൾ മഹത്തരമാണെന്ന് യോഗം ഉദ്ഘാടനം ചെയ്തതിന് ശേഷം പുരസ്കാരങ്ങൾ സമ്മാനിച്ചുകൊണ്ട് എം.കെ രാഘവൻ എം.പി പറഞ്ഞു.

''പ്രവാസ ജീവിത കാലത്തിനിടയിൽ മലയാളത്തെ ഓർക്കുന്നതിനെ അഭിനന്ദിക്കുന്നു. നാടിനെയും ഭാഷയെയും സ്നേഹിക്കാൻ മനസും സമയവും കണ്ടെത്തുന്ന നിങ്ങളാണ് യഥാർത്ഥ മലയാളികൾ. ഭാഷ നിലർത്താൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇ മലയാളി ചെയ്യുന്നത്. അത് അനസ്യൂതം തുടരട്ടെ...'' കോഴിക്കോടിന്റെ എം.പിയായ എം.കെ രാഘവൻ ആശംസിച്ചു.

അഞ്ച് മില്യൺ വ്യൂവർഷിപ്പുള്ള മീഡിയ ലോജിസ്റ്റിക്സ്, ഇ മലയാളി, ഇന്ത്യ ലൈഫ് ആന്റ് ടൈംസ്, പ്രവാസി ചാനൽ, മീഡിയ ആപ്പ് യു.എസ്.എ ഒ.റ്റി.റ്റി മാനേജിങ് എഡിറ്ററും മാനേജിങ് ഡയറക്ടറും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡന്റുമായ സുനിൽ ട്രൈസ്റ്റാർ സമ്മേളനത്തിൽ സ്വാഗതമാശംസിച്ചു. പരസ്യങ്ങളിലൂടെയുള്ള ബിസിനസ് പ്രൊമോഷന്റെയും നാടുമായുള്ള തൂലികബന്ധം കൂടുതൽ സജീവമാക്കുന്നതിന്റെയും ഭാഗമായാണ് ഇ മലയാളിയുടെ ഇന്ത്യാ പ്രവർത്തനത്തിന് തുടക്കമിടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

മലയാളം പൊറ്റമ്മയാണെങ്കിൽ ഇംഗ്ലീഷ്






നമുക്ക് പോറ്റമ്മയാണ്. അതുകൊണ്ടാണ് തങ്ങൾ അമേരിക്കയിൽ ജീവിച്ചുപോകുന്നതെന്ന് ആമുഖ പ്രസംഗത്തിൽ ഇ മലയാളി എഡിറ്റർ ഇൻ ചീഫ് ജോർജ് ജോസഫ് പറഞ്ഞു. ''കലയും സാഹിത്യവുമാണ് നമ്മെ നിലനിർത്തുന്നത്. വിക്രമാദിത്യ സദസിലെ കാളിദാസനെയാണ് നമ്മൾക്ക് ഏറെ പരിചിതം. എസിസബത്ത് രാജ്ഞിയേക്കാൾ ലോകം അറിഞ്ഞത് ഷേക്സ്പിയറിനെയാണ്. ഹോമറിന്റെ കാലത്തെ രാജാവ് അരായിരുന്നുവെന്ന് അധികമാർക്കുമറിയില്ല. വിശ്വസാഹിത്യ പ്രതിഭകളിലൂടെയാണ് ഭാഷകൾ നിലനിൽക്കുന്നത്. ഭാഷയാക്കു വേണ്ടിയാണ് ഇ മലയാളിയും നിലകൊള്ളുന്നത്...'' ജോർജ് ജോസഫ് കൂട്ടിച്ചേർത്തു.











ചടങ്ങിൽ മുൻ വിദ്യാഭ്യാസ ഡയറക്ടറും എഴുത്തുകാരനുമായ കെ.വി മോഹൻ കുമാർ, എഴുത്തുകാരികളായ കെ രേഖ, ദീപ നിശാന്ത് എന്നിവർ പ്രഭാഷണം നടത്തി. പോൾ കറുകപ്പള്ളിക്ക് ബെസ്റ്റ് സോഷ്യോ-കൾച്ചറൽ ഐക്കൺ അവാർഡ് മാനേജിങ് ഡയറക്ടർ സുനിൽ ട്രൈസ്റ്റാർ നൽകി. മത്സര വിജയികൾക്ക് എം.കെ രാഘവൻ എം.പി, മുൻ ദൂരദർശൻ പ്രോഗ്രാം മേധാവി ജി സാജൻ, കെ.വി മോഹൻ കുമാർ, കെ രേഖ, ദീപ നിശാന്ത്, കുര്യൻ പാമ്പാടി. സുനിൽ ട്രൈസ്റ്റാർ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, നേർകാഴ്ച ചീഫ് എഡിറ്റർ സൈമൺ വളാച്ചേരിൽ എന്നിവർ മൊമെന്റോകളും കാഷ് അവാർഡുകളും വിതരണം ചെയ്തു.

ചെറുകഥ മത്സരത്തിന് ഒന്നാം സമ്മാനം 50,000 രൂപയും ഫലകവും സുരേന്ദ്രൻ മങ്ങാട്ട് (കാകവൃത്താന്തം), ജെസ്മോൾ ജോസ് (ഒറ്റപ്രാവുകളുടെ വീട്) എന്നിവർ പങ്കിട്ടു. രണ്ടാം സമ്മാനം (25,000 രൂപ) രാജീവ് ഇടവ (വീട്), സിന്ധു ടി.ജി (ഓതം) എന്നിവർക്കാണ്. മൂന്നാം സമ്മാനം (15,000 രൂപ) ദിവ്യാഞ്ജലി പിക്ക് ലഭിച്ചു (നോട്ട്റോക്കറ്റുകൾ). അമേരിക്കൻ മലയാളി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളവും ജോസഫ് എബ്രഹാമും (നാരായണീയം) സ്പെഷ്യൽ ജൂറി അവാർഡ് ഏറ്റുവാങ്ങി.

അമ്പിളി കൃഷ്ണകുമാർ-ഒറ്റമന്ദാരം, രേഖ ആനന്ദ്-മുല്ലപെരിയാർ തീരത്തെ മുല്ലപ്പൂക്കാരി, ആൻസി സാജൻ-അയത്നലളിതം, സിമ്പിൾ ചന്ദ്രൻ-ആകാശം തൊട്ട ചെറുമരങ്ങൾ, രാജ തിലകൻ-ബദ്റൂൽ മുനീർ, ഷാജു ബുദീൻ-ഇലച്ചാർത്തുകൾക്കിടയിലെ ഇലഞ്ഞി മരങ്ങൾ, പാർവതി ചന്ദ്രൻ-പിശാചിനി, ഹസ്ന വി.പി-നോവ് പടർന്നൊരു നോമ്പോർമ്മ, സജിത ചന്ദ്രൻ-രഹസ്യ കുടുക്ക, ശ്രീകണ്ഠൻ



കരിക്കകം-കുണ്ടമൺകടവിലെ പാലം, ശ്രീവത്സൻ പി.കെ-ഗോളാന്തരയാത്ര, സ്വാതി ആർ കൃഷ്ണ എന്നിവരും ജൂറി അവാർഡുകൾ ഏറ്റുവാങ്ങി.

കവിതാമൽസരത്തിനു ഒന്നാം സമ്മാനം (10,000 രൂപ) രാധാകൃഷ്ണൻ കാര്യക്കുളവും (നിന്നോടെനിക്കിഷ്ടമാണ്), ഷിനിൽ പൂനൂരും (മുഖംമൂടി) പങ്കിട്ടു. രണ്ടാം സമ്മാനം രമ പ്രസന്ന പിഷാരടി-കോവഡ ഇരിയ'യിലെ ഇടയക്കുട്ടികൾ എന്നിവർ സ്വീകരിച്ചു. ജൂറി അവാർഡ് വിജയികൾ ശ്രീലേഖ-വീട്ടിലേക്കുള്ള വഴി, ആനന്ദവല്ലി ചന്ദ്രൻ-വൈഡൂര്യമാലകൾ, രാജരാജേശ്വരി-ഉഷസെ, സ്വസ്തി എന്നിവരും ഏറ്റുവാങ്ങി.

എക്സിക്യൂട്ടീവ് എഡിറ്റർ പി.എസ് ജോസഫ്, സീനിയർ എഡിറ്റർ ആന്റണി കണിയാംപ്ലാക്കൽ എന്നിവരും ചുക്കാൻ പിടിക്കുന്ന ഇ മലയാളിയുടെ 'ഇ.എം ദ വീക്കിലി' വാർത്തകൾക്കൊപ്പം സാഹിത്യ രചനകൾക്കും മുൻതൂക്കം നൽകുന്നു. ഇ മലയാളിയുടെ ഡെയ്‌ലി ന്യൂസ് ലെറ്റർ ഒരു ലക്ഷം മലയാളികളിലെത്തുന്നു. സുബോധ് മാണിക്കോത്ത്, സുധീഷ് മാത്യു എന്നിവർക്കാണ് ഇന്ത്യാ ഓപ്പറേഷന്റെ ചുമതല.




















മൂന്നു പതിറ്റാണ്ടിന്റെ
മാധ്യമ പാരമ്പര്യവുമായി
അമേരിക്കയിൽ നിന്ന്
ഇ-മലയാളി ഇന്ത്യയിലേക്ക്
REDMI NOTE 9 PRO








മൂന്നു പതിറ്റാണ്ടിന്റെ
മാധ്യമ പാരമ്പര്യവുമായി
അമേരിക്കയിൽ നിന്ന്
ഇ-മലയാളി ഇന്ത്യയിലേക്ക്


KALYAN
JEWELLERS
PRESENTS
Jingle Bells
ChoirFest
Exclusively on
pravasi
CHANNEL HD
A 24 Hr Channel Available on
All Streaming Devices and
All Smart TV's
Every Day from Dec 20th, 2024 to Jan 30th, 2025
10am | 2 | 5 | 8 & 11pm US EST
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON



# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രൗഢ ഗംഭീരമായ ചടങ്ങിൽ മാധ്യമ പുരസ്കാരങ്ങൾ വിതരണം ചെയ്തു

കൊച്ചി: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക സംഘടിപ്പിച്ച എട്ടാമത് മാധ്യമ ശ്രീ ,മാധ്യമരത്ന, മീഡിയ എക്സൈലൻസ്, പയനിയർ അവാർഡ്കൾ വിതരണം ചെയ്തു.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ അന്തരിച്ച പത്രാധിപനും, എഴുത്തുകാരനുമായ എം.ടി. വാസുദേവൻ നായർ, പ്രശസ്ത പത്ര പ്രവർത്തകനായിരുന്ന എസ്. ജയചന്ദ്രൻ നായർ, പ്രമുഖ ഗായകനായിരുന്ന പി. ജയചന്ദ്രൻ എന്നിവരെ മാതൃഭൂമി ഡെപ്യൂട്ടി ന്യൂസ് എഡിറ്റർ ഡി. പ്രേമേഷ് കുമാർ അനുസ്മരിച്ചാദരിച്ചതിനു ശേഷം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി മാധ്യമശ്രീ പുരസ്കാരദാന ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. മാധ്യമ പ്രവർത്തനം ലോകമാകമാനം വെല്ലുവിളി നേരിടുന്ന സമയമാണ് ഇതെന്നും, ഈ വെല്ലുവിളികൾ നേരിടാൻ മാധ്യമപ്രവർത്തകർ ബോധവാന്മാരായിരിക്കണം എന്ന് വി. ഡി. സതീശൻ പറഞ്ഞു. ഇരുപതാം നൂറ്റാണ്ടിൽ സംഭവിച്ച കാര്യങ്ങൾ എല്ലാം ഇപ്പോൾ വേറൊരു ഫോർമുലയിൽ ഇപ്പോഴും തുടരുകയാണ്. അന്ന് ഏകാപാധിപതികൾ നടത്തി വന്നത് ഇപ്പോൾ മറ്റൊരു തലത്തിൽ തുടരുകയാണ്. ഔദോഗിക മാധ്യമങ്ങളുടെ കൂടെ നിൽക്കാത്തവർ വലിയ വെല്ലുവിളികൾ നേരിടുകയാണെന്നും അദ്ദേഹം കൂട്ടി ചേർത്തു,

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെര്ഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.















കേരളത്തനിമയാർന്ന പ്രത്യേക ഫ്യൂഷൻ നൃത്തത്തോടെ തുടങ്ങിയ പരിപാടികൾ, ഗായിക അമൃത രാജനും, സ്റ്റാർ സിംഗർ പ്രതിഭകളും അണി നിരന്ന സംഗീത സായാഹ്നവും ചടങ്ങിന് കൂടുതൽ മിഴിവ് നൽകി. ഇന്ത്യ പ്രസ് ക്ലബ്ബിന്റെ സെക്രട്ടറി ഷിജോ പൗലോസ് സ്വാഗതം ആശംസിച്ചചടങ്ങിൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ അധ്യക്ഷ പ്രസംഗം നടത്തി. കേരളത്തിൽ ഈ മാധ്യമ പുരസ്കാരം നടത്തുന്നതിന്റെ പ്രേത്യേകതകളെക്കുറിച്ചു അദ്ദേഹം സംസാരിച്ചു. 2025 ഒക്ടോബറിൽ ന്യൂ ജേഴ്‌സിയിൽ നടക്കുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫെറൻസിലേക്ക് എല്ലാരേയും സ്വാഗതം ചെയ്യുകയുണ്ടായി. അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം അമേരിക്കയിലെ മാധ്യമപ്രവർത്തനങ്ങളെ കുറിച്ച് പ്രതിപാദിച്ചു. , അഡ്വൈസറി ബോർഡ് അംഗങ്ങളായ ജോർജ് ജോസഫ്, മാത്യു വർഗീസ്, മധു കൊട്ടാരക്കര, ബിജു കിഴക്കേക്കൂറ്റ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. മാസ്റ്റർ ഓഫ് സെറിമണി ആയി രാജേഷ് കേശവ് , ഒപ്പം ആശ മാത്യു എന്നിവർ ചേർന്ന് പരിപാടികൾ നിയന്ത്രിച്ചു

ഈ ചടങ്ങിന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രായോജകർ ആയിരുന്നത് പ്ലാറ്റിനം മെയിൻ ഇവന്റ് സ്പോൺസർ ആയിരുന്ന സാജ് ഏർത് റിസോർട്ടിന്റെ സാജൻ, മിനി സാജൻ, കൂടാതെ വർക്കി എബ്രഹാം, ബേബി ഊരാളിൽ, ജോൺ ടൈറ്റസ്, ജോയ് നെടിയകാലയിൽ, ബിലീവേഴ്സ് ചർച് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെ പ്രതിനിധീകരിച്ചു ഫാദർ സിജോ പന്തപ്പാക്കൽ, ബെറാക്ക എലീറ്റ് എഡ്യൂക്കേഷന്റെ മാനേജിങ് ഡയറക്ടർ റാണി തോമസ്, നോഹ ജോർജ് ഗ്ലോബൽ , കൊളിഷൻ, ജോൺ പി ജോൺ,കാനഡ, ദിലിപ്-കുഞ്ഞുമോൾ വെർഗീസ്, അനിയൻ ജോർജ്, ബിനോയ് തോമസ്, ജെയിംസ് ജോർജ്, സജിമോൻ ആന്റണി, ജോൺസൻ ജോർജ്, ജിജു കുളങ്ങര, വിജി എബ്രഹാം എന്നിവരാണ്.

ചടങ്ങിലെ ഏറ്റവും വലിയ അവാർഡ് ആയ മാധ്യമശ്രീ അവാർഡ് ആർ.ശ്രീകണ്ഠൻ നായർ മാനേജിംഗ് ഡയറക്ടർ, ഫ്ളവേഴ്‌സ് ടി,വി, ചീഫ് എഡിറ്റർ 24 ന്യൂസ് അർഹനായി. മാധ്യമ രംഗത്തെ കുലപതികളും, രാഷ്ട്രീയ സാമൂഹ്യ മാധ്യമ രംഗത്തെ അതികായരും നിറഞ്ഞ വേദിയിൽ വച്ച് പ്രൊഫെ കെ.വി.തോമസ് മാധ്യമശ്രീ അവാർഡ് ആർ.ശ്രീകണ്ഠൻ നായർക്കു നൽകി. ബിലീവേഴ്സ് ചർച് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെ പ്രതിനിധീകരിച്ചു ഫാദർ സിജോ പന്തപ്പാക്കൽ പ്രശസ്തിപത്രം ആർ.ശ്രീകണ്ഠൻ നായർക്കു കൈമാറി. ഒരു ലക്ഷം രൂപയുടെ പാരിതോഷികം സാജ് എർത്തു റിസോർട്ടിന്റെ സാജൻ വര്ഗീസും മിനി സാജനും ചേർന്ന് ആർ.ശ്രീകണ്ഠൻ നായർക്കു കൈമാറി.

മികച്ച വാർത്താ അവതാരകനുള്ള അവാർഡ് രഞ്ജിത്ത് രാമചന്ദ്രൻ, ന്യൂസ് 18 കേരളം കരസ്ഥമാക്കി.

മികച്ച വാർത്താ നിർമ്മാതാവിനുള്ള പുരസ്കാരം അപർണ യു. റിപ്പോർട്ടർ, മികച്ച അന്വേഷണാത്മക പത്രപ്രവർത്തകൻ ആയി ടോം കുര്യാക്കോസ് ന്യൂസ് 18 കേരളം, മികച്ച വാർത്താ ക്യാമറമാൻ സിന്ധു കുമാർ, ചീഫ് ക്യാമറാമാൻ മനോരമ ന്യൂസ് ടിവി. മികച്ച വാർത്താ വീഡിയോ എഡിറ്റർ ലിബിൻ ബാഹുലേയൻ, ഏഷ്യാനെറ്റ് ന്യൂസ്, വാർത്താ ചാനലുകൾക്ക് പിന്നിലുള്ള മികച്ച സാങ്കേതികത്വത്തിനുള്ള ക്രിയേറ്റീവ് വ്യക്തി എന്ന നിലയിൽ അജി പുഷ്കർ റിപ്പോർട്ടർ ടി.വി ക്കു അംഗീകാരം ലഭിച്ചു.

മികച്ച എന്റർടൈൻമെന്റ് പ്രോഗ്രാം കാറ്റഗറിയിൽ ഏറ്റവും മികച്ച സംഗീതാത്മക പ്രോഗ്രാമായി സ്റ്റാർ സിംഗർക്കും അതിന്റെ നിർമാതാവ് സെർഗോ വിജയരാജിനും, ഏഷ്യാനെറ്റ് അവാർഡ് ലഭിച്ചു. സ്റ്റാർ സിംഗേഴ്സിൽ വിജയികളായ എല്ലാവരും അവാർഡ് സ്വീകരിക്കുവാനായി സെർഗോയോടൊപ്പം വേദിയിൽ എത്തി. മികച്ച വാർത്താ റിപ്പോർട്ടർ അച്ചടി ഷില്ലർ സ്റ്റീഫൻ, മനോരമ ന്യൂസ്. മികച്ച വാർത്താ ഫോട്ടോഗ്രാഫർ എൻ.ആർ. സുധർമ്മദാസ് കേരളം കൗമുദി.

മികച്ച യുവ മാധ്യമ പ്രവർത്തകൻ ഗോകുൽ വേണുഗോപാൽ സ്റ്റാഫ് റിപ്പോർട്ടർ കാലിക്കറ്റ് ബ്യൂറോ, ജനം ടി.വി. യുവ മാധ്യമപ്രവർത്തക അമൃത എ.യു മാതൃഭൂമി ന്യൂസ്. മികച്ച ആർ.ജെ ആയി ആർ ജെ ഫസലു ഒകഠഎങ ദുബായി, ഏറ്റവും പ്രവർത്തനങ്ങൾ കാഴ്ച വെച്ച പ്രസ് ക്ലബ് ആയി തിരുവനന്തപുരം പ്രസ് ക്ലബ്ബിനെ തിരഞ്ഞെടുത്തു. പ്രത്യേക ജൂറി പരാമർശം അഭിജിത്ത് രാമചന്ദ്രൻ ഹെഡ്, എസിവി ന്യൂസ് പ്രത്യേക ജൂറി പരാമർശം രാജേഷ് ആർ.നാഥ്, നിർമ്മാതാവ് ഫ്ളവേഴ്സ് ടി. വി. കൂടാതെ നോർത്തമേരിക്കയിലെ ആദ്യത്തെ പത്രം 'പ്രഭാതം' പ്രസാധകൻ ഡോ. ജോർജ് മരങ്ങോലിയെ അമേരിക്കയിലെ മാധ്യമരംഗത്തെ 'വഴികാട്ടി' എന്ന നിലയിൽ ആദരിച്ചു.

ചടങ്ങിൽ മാധ്യമ രംഗത്തെ നിരവധി അതികായരെ 'പയനിയർ' അവാർഡ് നൽകി ആദരിച്ചു. സി.എൽ. തോമസ്, ഡയറക്ടർ, കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ, ഏഷ്യാനെറ്റിന്റ പേഴ്സി ജോസഫിനെ തന്റെ 30 വർഷത്തെ ടെലിവിഷൻ വിഷ്വൽ എഫ്ഫക്റ്റ് രംഗത്തെ പ്രഗൽഭ്യത്തിന് അവാർഡ് നൽകി ആദരിക്കുകയുണ്ടായി, എൻ. പി. ചന്ദ്രശേഖരൻ ഡയറക്ടർ, ന്യൂസ് ആൻഡ് കറന്റ് അഫയേഴ്സ് കൈരളി ന്യൂസ് , 35 വർഷത്തെ മാധ്യമപ്രവർത്തിനു പി.ശ്രീകുമാർ, ഓൺലൈൻ എഡിറ്റർ ജന്മഭൂമി എന്നിവർക്കും പയനിയർ അവാർഡ് നൽകി ആദരിച്ചു. ഈ വർഷം ആദ്യമായി കേരള മീഡിയ അക്കാദമിയെ ആദരിക്കുവാനും അതിന്റെ ചെയർമാൻ ആർ.എസ്. ബാബുവിനെ മാധ്യമരംഗത്തെ അതികായൻ എന്ന നിലയിൽ മൊമെന്റോ നൽകിയും, ജേർണലിസം വിദ്യാർഥികൾക്ക്രു ഒരു ലക്ഷം രൂപ ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വകയായി നൽകുകയും ആർ.എസ്. ബാബുവിനെ പൊന്നാട അണിയിച്ചും ആദരിച്ചു.

ഔദോഗിക പരിപാടികൾക്ക് ശേഷം പ്രശസ്ത ഡാൻസ് മാസ്റ്റർ അബ്ബാസിന്റെ നെത്രത്വത്തിൽ നൃത്തവും, അമൃത രാജന്റെ ഗാനമേളയും ഉണ്ടായിരുന്നു. ഗോകുലം കൺവെൻഷൻ സെന്ററിന്റെ വിഭവ സമൃദ്ധമായ വിരുന്നോടു കൂടി പരിപാടിക്ക് സമാപനമായി. ഗോകുലം കൺവൻഷൻ സെന്റർ നിറഞ്ഞു കവിഞ്ഞ സദസ്സിനു ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള നന്ദി അറിയിച്ചു.


























പുരസ്കാരം
2024






























മീഡിയ
എക്സലൻസ്
പുരസ്കാരം
2024


പുരസ്കാരം
2024


പുരസ്കാരം
2024
₹25,000/-


പുരസ്കാരം








പുരസ്കാരം
2024
₹25,000/-








പുരസ്കാരം
2024
₹25,000/-


MEDIA


















മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാരം
2024




മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാരം
2024
₹25,000/-




പുരസ്കാരം
2024


പുരസ്കാരം
2024


India Press Club of North America
IPCNA Award Recipient
₹25,000/-
Rupees Twenty Five Thousand only


2024






പുരസ്കാരം
2024
India Press Club of North America
IPCNA Award Recipient
₹1,00,000/-
Rupees One Lakh only
















India Press Club of North America
IPCNA Award Recipient
₹25,000/-
Rupees Twenty Five Thousand only


India Press Club of North America
IPCNA Award Recipient
₹25,000/-
Rupees Twenty Five Thousand only





























nord stage 3





# വധശിക്ഷ; ഗ്രീഷ്മയുടേത് സമാനതകളില്ലാത്ത ക്രൂരത




**എ.എസ് ശ്രീകുമാർ**

കുറേക്കാലം മുമ്പ് ഛത്തീസ്ഗഡിലെ ശക്തി ജില്ലയിൽ ദേവർഘട്ടയിലെ ആചാരിപാലി ഗ്രാമത്തിൽ നിന്നുള്ള 16 കാരിയായ വിദ്യാർത്ഥിനി അന്ധവിശ്വാസം മൂത്ത് സ്വന്തം നാവ് അറുത്തെടുത്ത് ശിവന് വഴിപാടായി സമർപ്പിച്ച വാർത്ത ഞെട്ടലുളവാക്കുന്നതായിരുന്നു. പെൺകുട്ടി ധ്യാനത്തിനായി ക്ഷേത്രത്തിനുള്ളിൽ കയറി കവാടം അടച്ചിരുന്നു. സംഭവസ്ഥലത്ത് എത്തിയ പോലീസുകാരെ ഗ്രാമവാസികൾ ക്ഷേത്രത്തിന് അകത്ത് കയറാൻ അനുവദിച്ചതുമില്ല. ഇതുപോലെ അന്ധവിസ്വാസത്തിന്റെ പേരിൽ ഇന്ത്യയിലും സമ്പൂർണ സാക്ഷരത നേടിയ കേരളത്തിലും വലിയ തോതിലുള്ള കുറ്റകൃത്യങ്ങളാണ് ഓരോ മണിക്കൂറിലുമെന്നോണം നടക്കുന്നത്.

ഇതിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു നെയ്യാറ്റിൻകരയിലെ ഗോപൻ സ്വാമിയുടെ ദുരൂഹ സമാധിയും തുടർന്നുള്ള വിവാദ കോലാഹലങ്ങളും. ഗോപൻ സ്വാമിയുടെ ആന്തരികാവയവങ്ങളുടെ രാസപരിശോധനാ ഫലം കിട്ടുന്നതുവരെ അദ്ദേഹത്തിന്റെ മക്കളും ഭാര്യയും സംശയത്തിന്റെ നിഴലിൽ ത്തന്നെയാണ്. അതേസമയം കേരളത്തെ ഒന്നാകെ നടുക്കിയ ഒന്നായിരുന്നു പാറശാലയിലെ ഷാരോൺ വധം. സംഭവത്തിൽ ഷാരോണിന്റെ കാമുകി ഗ്രീഷ്മയും അമ്മാവൻ നിർമലകുമാരനും കുറ്റക്കാരാണെന്ന് നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തി. ജയിലിലുള്ള ഇവരുടെ ശിക്ഷ തിങ്കളാഴ്ച വിധിക്കും. സംശയത്തിന്റെ ആനുകൂല്യത്തിൽ ഗ്രീഷ്മയുടെ അമ്മ സിന്ധുവിനെ വെറുതെ വിട്ടിരുന്നു.

കടുത്ത അന്ധവിശ്വാസത്തിന്റെ പേരിലാണ് കേവലം 22 വയസ് മാത്രം പ്രായമുള്ള സമയത്ത് ഗ്രീഷ്മ ഷാരോൺ രാജിനെ (23) ഒരു കൂസലുമില്ലാതെ വിഷംകൊടുത്ത് കൊലപ്പെടുത്തിയത്. കോടതി പരാമർശിച്ചതുപോലെ ഇത് അപൂർവങ്ങളിൽ അപൂർവമായ കേസ് തന്നെയാണ്. മനസാക്ഷിയെ ഞെട്ടിച്ച 2020-ലെ അഞ്ചൽ ഉത്ര വധക്കേസിൽ സൂരജ് എന്ന നരാധമൻ മൂർഖൻ പാമ്പിനെ വിട്ട് കടുപ്പിച്ചാണ് ഭാര്യ ഉത്രയെ കൊലപ്പെടുത്തിയതെങ്കിൽ ഇവിടെ ഗ്രീഷ്മ, കാമുകൻ ഷാരോണിനെ വിഷം ചേർത്ത കഷായം കുടുപ്പിച്ചാണ് ഇല്ലായ്മ ചെയ്തത്. ബി.എസ്.സി റേഡിയോളജി വിദ്യാർഥിയായിരുന്നു ഷാരോൺ.





ഗ്രീഷ്മയ്ക്കെതിരെ കൊലപാതകം, തെളിവുനശിപ്പിക്കൽ, ഗൂഢാലോചന തുടങ്ങിയ കുറ്റങ്ങളെല്ലാം തെളിഞ്ഞു. കൊലപാതകം (സെക്ഷൻ 302) ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐ.പി.സി) വിവിധ വകുപ്പുകൾ

**പ്രാണൻപിടഞ്ഞു തീരുമ്പോഴും കാമുകി തന്നെ ചതിക്കുമെന്ന് ഷാരോൺ കരുതിയിരുന്നില്ല. ഗ്രീഷ്മയെ അത്രയ്ക്കും ഇഷ്ടമായിരുന്നു ഷാരോണിന്. ആ ഇഷ്ടം വിശ്വാസമായി വളർന്നതുകൊണ്ടാണ് ഗ്രീഷ്മ നൽകിയ കഷായം ഷാരോൺ രണ്ടാമതൊന്നാലോചിക്കാതെ കുടിച്ചത്. കേരളം കണ്ടതിൽ വച്ചേറ്റവും ദാരുണ കൊലപാതകങ്ങളിൽ ഒന്നാണ് പാറശാലയിലെ ഷാരോണിന്റേത്. പ്രതീക്ഷയോടെ തങ്ങൾ വളർത്തിയ മകനെയോർത്ത് കണ്ണീർ വാർക്കുകയല്ലാതെ മാതാപിതാക്കൾക്ക് മറ്റ് നിവർത്തിയില്ലാതായിരിക്കുന്നു**



പ്രകാരം ഗ്രീഷ്മ കുറ്റക്കാരിയാണെന്ന് കഴിഞ്ഞ ദിവസം കോടതി വ്യക്തമാക്കിയിരുന്നു. ഐ.പി.സി സെക്ഷൻ 201 പ്രകാരം തെളിവ് നശിപ്പിക്കലിനാണ് അമ്മാവൻ കുറ്റക്കാരനായത്. ഗ്രീഷ്മ ദയ അർഹിക്കുന്നില്ലെന്നും പരമാവധി ശിക്ഷയായ വധശിക്ഷ തന്നെ നൽകണമെന്നും സമൂഹം ഞെട്ടിയ ആസൂത്രിത കൊലപാതകമാണ് പ്രതി നടത്തിയതെന്നും പ്രോസിക്യൂഷൻ കോടതിയിൽ ബോധിപ്പിച്ചു. വിശ്വസ വഞ്ചനയും അത്യാഗ്രവും ഭൗതിക സുഖഭോഗാസക്തിയും വ്യക്തികളിൽ അന്തർലീനമായ ക്രിമിനൽ സഭാവത്തിന്റെ പൊട്ടിത്തെറിയുമാണ് ഈ കേസുകളിൽ നിഴലിക്കുന്നത്.

2021 ഒക്ടോബർ മുതലാണ് ഷാരോണും ഗ്രീഷ്മയും പ്രണയത്തിലാവുന്നത്. ഒരേ ബസിൽ കോളജിലേക്കുള്ള യാത്രയ്ക്കിടെയുള്ള പരിചയമാണ് പ്രണയമായി മൊട്ടിട്ടത്. ഒന്നര വർഷത്തോളം പ്രണയിച്ച് നടന്ന ഇരുവരും തിരുവനന്തപുരത്തെ വെട്ടുകാട് പള്ളിയിലെത്തി രഹസ്യമായി താലിയും കുങ്കുമവും ചാർത്തി വിവാഹിതരായി. പ്രണയകാലത്ത് ഇരുവരും നിരവധി തവണ ശാരീരിക ബന്ധത്തിലും ഏർപ്പെട്ടു. എല്ലാ അർത്ഥത്തിലും ഇവർ ഭാര്യാഭർത്താക്കന്മാരെ പോലെയാണ് ജീവിച്ചത്.

എന്നാൽ 2022 മാർച്ച് നാലിന് ഒരു സൈനികനുമായി ഗ്രീഷ്മയുടെ വിവാഹ നിശ്ചയം നടന്നു. ഇത് ഷാരോണിനെ തളർത്തി. കാഴ്ചയിൽ സുമുഖനായിരുന്നു ആ പട്ടാളക്കാരൻ. ഷാരോണിനാണെങ്കിൽ ജോലിയുമില്ല. വിവാഹ നിശ്ചയത്തിനായി ജാതകം പരിശോധിച്ചപ്പോൾ ആദ്യഭർത്താവിന് ദുർമരണം സംഭവിക്കുമെന്ന് ജ്യോൽസ്യൻ പറഞ്ഞുവത്രേ. ഷാരോണിനെ വകവരുത്തുക വഴി ആ കടമ്പ കടക്കാമെന്ന് ഗ്രീഷ്മയും വീട്ടുകാരും ഉറപ്പിച്ചു. സൈനികനൊപ്പം സുഖിച്ചുജീവിക്കാൻ ഗ്രീഷ്മ ആഗ്രഹിച്ചു. പണയത്തിൽ നിന്ന് പിന്മാറാൻ ഷാരോണും തയ്യാറായിരുന്നില്ല. ഷാരോണിന്റെ കൈവശം ഗ്രീഷ്മയുടെ സ്വകാര്യ ചിത്രങ്ങളുണ്ടായിരുന്നു. ഇത് പ്രതിശ്രുത വരന് അയയ്ക്കുമെന്ന് ഗ്രീഷ്മ ഭയന്നിരുന്നു. അങ്ങനെയാണ് കൊലപാതകം പ്ലാൻ ചെയ്യുന്നത്.

ആദ്യം ജ്യൂസ് ചലഞ്ച് നടത്തി. പാരസെറ്റാമോൾ കലർത്തിയ ജ്യൂസ് ഷാരോണിനെ കൊണ്ട് കുടിപ്പിച്ചായിരുന്നു ആദ്യ ശ്രമം. ദേഹാസ്വാസ്ഥ്യമുണ്ടായെങ്കിലും അന്ന് ഷാരോൺ രക്ഷപ്പെട്ടു. പിന്നീട് വീട്ടിലേക്ക് വിളിച്ച് വരുത്തിയായിരുന്നു ക്രൂരത. 2022 ഒക്ടോബർ 14-നാണ് ഈ കൊടിയ കുറ്റകൃത്യം നടന്നത്. വിഷം കലർത്തിയ കഷായം ഷാരോണിന് നൽകുന്നതിന്റെ തലേദിവസം രാത്രി ഒരു മണിക്കൂർ ഏഴു മിനിറ്റ് ലൈംഗിക കാര്യങ്ങളാണ് ഗ്രീഷ്മ ഷാരോണിനോട് സംസാരിച്ചതെന്ന് വാട്സ്ആപ്പ് ചാറ്റുകൾ വ്യക്തമാക്കുന്നു.

പിറ്റേദിവസം വീട്ടിൽ ആരുമുണ്ടാകില്ലെന്നും ഇവിടെ വരണമെന്നും പറഞ്ഞ് നിർബന്ധിച്ചു. 2022 ഒക്ടോബർ 14-ന് രാവിലെ 7.35 മുതൽ ലൈംഗിക ബന്ധത്തിന് വീട്ടിലേക്ക് വരാനായി ഗ്രീഷ്മ ഷാരോണിനെ വീണ്ടും നിർബന്ധിച്ചുവെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. ലൈംഗിക ചുവയോടെ ഷാരോണിനെ വശീകരിച്ച് വീട്ടിലെത്തിച്ച ഗ്രീഷ്മ, ''ഏത് കയ്പ്പും കഴിക്കുന്ന ആളല്ലേ, എന്നാൽ ഈ കഷായം ഒന്ന് കുടിക്ക്...'' എന്നു പറഞ്ഞാവണം ശാരീരികമായി ബന്ധപ്പെട്ടതിനുശേഷം ഷാരോണിനെക്കൊണ്ട് അത് കുടിപ്പിച്ചത്. ഗ്രീഷ്മയുടെ അമ്മയ്ക്ക് കൊലപാതകത്തെ കുറിച്ച് അറിവുണ്ടായിരുന്നു. ഷാരോൺ എത്തുംമുമ്പ് അവർ വീട്ടിൽ നിന്നും മാറി.

സുഹൃത്തിനൊപ്പമാണ് ഷോരോൺ ഗ്രീഷ്മയുടെ വീട്ടിലെത്തിയത്. അയാളെ പുറത്തുനിർത്തിയായിരുന്നു തന്റെ കാമുകിയെ കാണാൻ പോയത്. കഷായം കഴിച്ച ഉടൻ ദേഹാസ്വാസ്ഥ്യമുണ്ടായ ഷാരോൺ നിർത്താതെ ഛർദിച്ചതിനെ തുടർന്ന് സുഹൃത്തും കൂടി ചേർന്നാണ് ഷാരോണിനെ ആശുപത്രിയിലെത്തിച്ചത്. ഒടുവിൽ 11 ദിവസത്തെ ചികിത്സ ഫലിക്കാതെ ആന്തരികാവയവങ്ങൾ തകർന്ന് ഷാരോൺ മരണത്തിന് കീഴടങ്ങി. മജിസ്ട്രേറ്റിന് നൽകിയ മരണമൊഴിയിൽ ഗ്രീഷ്മക്കെതിരെ ഷാരോൺ ഒന്നും പറഞ്ഞിരുന്നില്ല. എന്നാൽ സുഹൃത്തിനോടും അച്ഛനോടും ഗ്രീഷ്മ ചതിച്ചെന്ന് ഷാരോൺ പറഞ്ഞെന്നായിരുന്നു പ്രോസിക്യൂഷൻ വാദം.

കൃഷിക്കാരനായ അമ്മാവൻ നിർമലകുമാരന്റെ പക്കൽ നിന്നാണ് പാരാക്വാറ്റ് ഡൈക്ലോറൈഡ് എന്ന കളനാശിനി ഗ്രീഷ്മ സംഘടിപ്പിച്ചത്. പ്രമാദമായ ഈ കേസിന്റെ വിചാരണ 2024 ഒക്ടോബർ 15-ന് തുടങ്ങി 2025 ജനുവരി മൂന്നിനാണ് അവസാനിച്ചത്. 95 സാക്ഷികളെ കോടതി വിസ്തരിച്ചു. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയ ഗ്രീഷ്മ 22-ാം വയസിലാണ് ഈ ക്രൂരകൃത്യം നടത്തിയത്. ഗ്രീഷ്മയ്ക്കെതിരെ പ്രോസിക്യൂഷൻ കോടതിയിൽ ഡിജിറ്റൽ തെളിവുകൾ സമർപ്പിച്ചിരുന്നു. പാരാക്വാറ്റിന്റ മനുഷ്യ ശരീരത്തിലെ പ്രവർത്തന രീതിയും ഇത് അകത്ത് ചെന്നാൽ ഒരാൾ എത്ര നേരം കൊണ്ട് മരിക്കുമെന്നുമൊക്കെ സംഭവദിവസം ഗ്രീഷ്മ ഇന്റർനെറ്റിൽ സെർച്ച് ചെയ്തിരുന്നു. ഇത് ഗ്രീഷ്മയുടെ ഫോണിൽ നിന്ന് അന്വേഷണ സംഘം കണ്ടെത്തിയിരുന്നു. ഇതാണ് കോടതിയിൽ സമർപ്പിച്ചത്.

പ്രാണൻപിടഞ്ഞു തീരുമ്പോഴും കാമുകി തന്നെ ചതിക്കുമെന്ന് ഷാരോൺ കരുതിയിരുന്നില്ല. ഗ്രീഷ്മയെ അത്രയ്ക്കും ഇഷ്ടമായിരുന്നു ഷാരോണിന്. ആ ഇഷ്ടം വിശ്വാസമായി വളർന്നതുകൊണ്ടാണ് ഗ്രീഷ്മ നൽകിയ കഷായം ഷാരോൺ രണ്ടാമതൊന്നാലോചിക്കാതെ കുടിച്ചത്. കേരളം കണ്ടതിൽ വച്ചേറ്റവും ദാരുണ കൊലപാതകങ്ങളിൽ ഒന്നാണ് പാറശാലയിലെ ഷാരോണിന്റേത്. പ്രതീക്ഷയോടെ തങ്ങൾ വളർത്തിയ മകനെയോർത്ത് കണ്ണീർ വാർക്കുകയല്ലാതെ മാതാപിതാക്കൾക്ക് മറ്റ് നിവർത്തിയില്ലാതായിരിക്കുന്നു. പ്രിയപുത്രനെ ഇല്ലാതാക്കിയവൾക്ക് പരമാവധി ശിക്ഷ ലഭിക്കണമെന്നാണ് അവരുടെയും മനസ് പറയുന്നത്...അതറിയാൻ തിങ്കളാഴ്ചവരെ കാത്തിരിക്കാം.


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ഷാജൻ ആനിത്തോട്ടത്തിന്റെ പുതിയ കഥാസമാഹാരം പ്രസിദ്ധീകരിച്ചു

കോഴിക്കോട്: ലാന മുൻ പ്രസിഡന്റും സാഹിത്യകാരനുമായ ഷാജൻ ആനിത്തോട്ടത്തിന്റെ പുതിയ പുസ്തകം "ഹിമ" പ്രസിദ്ധീകരിച്ചു. കേരളത്തിലെയും അമേരിക്കയിലെയും പ്രമുഖ ആനുകാലികങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പ്രസിദ്ധീകരിച്ച ഇരുപത്തിയൊന്ന് ചെറുകഥകളുടെ സമാഹാരമാണ് "ഹിമ". മാതൃഭൂമി ബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. മലയാള സാഹിത്യലോകത്തെ സമാരാധ്യനായ എഴുത്തുകാരൻ സി. രാധാകൃഷ്ണന്റെ അവതാരികയും പ്രമുഖ നോവലിസ്റ്റും കഥാകാരനുമായ ബെന്യാമിന്റെ ആസ്വാദനക്കുറിപ്പും പുസ്തകത്തിന്റെ പ്രത്യേകതയാണ്.


ഷാജൻ ആനിത്തോട്ടത്തിന്റെ അഞ്ചാമത്തെ പുസ്തകമാണ് "ഹിമ". 2014 ൽ തിരൂർ തുഞ്ചൻപറമ്പിൽ വച്ച് നടന്ന ലാന സാഹിത്യസമ്മേളനത്തിൽ എം.ടി. വാസുദേവൻനായർ, സി. രാധാകൃഷ്ണന് ആദ്യപ്രതി നല്കി പ്രകാശനം ചെയ്ത "ഹിച്ച് ഹൈക്കർ" (ചെറുകഥാ സമാഹാരം) ആണ് ഗ്രന്ഥകാരന്റെ ആദ്യത്തെ പുസ്തകം. പിറ്റേവർഷം കോഴിക്കോട് ബേപ്പൂരിലെ വൈക്കം മുഹമ്മദ് ബഷീറിന്റെ വീട്ടിൽ വച്ച് നടന്ന ചടങ്ങിൽ അന്നത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അബ്ദുൾ സലാം ഷാജൻ ആനിത്തോട്ടത്തിന്റെ രണ്ടാമത്തെ കൃതിയായ "പൊലിക്കറ്റ്" (കവിതാ സമാഹാരം) പ്രകാശനം ചെയ്തു. ബഷീറിന്റെ മകൻ അനീസ് ബഷീർ പുസ്തകം ഏറ്റുവാങ്ങി. കേരള സാഹിത്യ അക്കാദമി മുൻ പ്രസിഡന്റ് പെരുമ്പടവം ശ്രീധരന്റെ അദ്ധ്യക്ഷതയിൽ 2018 മെയ് മാസം കോട്ടയത്തു വച്ച് നടന്ന സമ്മേളനത്തിൽ പ്രശസ്ത സാഹിത്യകാരൻ സഖറിയ കഥാകൃത്ത് ഉണ്ണി ആർ.ന് ആദ്യപ്രതി നല്കി മൂന്നാമത്തെ പുസ്തകമായ "ഒറ്റപ്പയറ്റ്" (ലേഖന സമാഹാരം) പ്രകാശിപ്പിച്ചു. കറന്റ് ബുക്സ് തൃശൂർ പ്രസിദ്ധീകരിച്ച ഷാജൻ ആനിത്തോട്ടത്തിന്റെ പ്രഥമ നോവൽ "പകർന്നാട്ടം" 2021 ൽ വിപണിയിലെത്തി. മാതൃഭൂമി ആഴ്ചപ്പതിപ്പ് പത്രാധിപരും നോവലിസ്റ്റുമായ സുഭാഷ് ചന്ദ്രൻ പ്രമുഖ നോവലിസ്റ്റ് യു.കെ. കുമാരന് നല്കിയാണ് ഔദ്യോഗിക പ്രകാശന കർമ്മം നിർവഹിച്ചത്. "പകർന്നാട്ടം" മികച്ച ആസ്വാദകശ്രദ്ധ നേടി രണ്ടാം പതിപ്പിലെത്തിയിരിക്കുന്നു.

കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ ജനിച്ച ഷാജൻ ആനിത്തോട്ടം സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽ അഞ്ചുവർഷത്തെ അദ്ധ്യാപകസേവനത്തിനു ശേഷം 1998 ൽ അമേരിക്കയിലേക്ക് കുടിയേറി. കുറവിലങ്ങാട് ദേവമാതാ കോളജ് (ബി.എ.), പാലാ സെന്റ് തോമസ് കോളജ് (എം.എ.), മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് (ബി.എഡ്.), പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി (എം.ഫിൽ.), യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി, ചിക്കാഗോ (എം.എസ്. ഡബ്ള്യൂ.) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികമായി ഇല്ലിനോയി സ്റ്റേറ്റ് ഗവൺമെന്റ് സർവ്വീസിൽ മാനേജരായി ജോലി ചെയ്യുന്നു. ഉദ്യോഗത്തോടൊപ്പം കോൺകോർഡിയ യൂണിവേഴ്സിറ്റി(ചിക്കാഗോ)യിൽ പി.എച്ച്.ഡി. പഠനവും നടത്തുന്നു. കേരളത്തിലും വിദേശത്തുമായി നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2009 ഏപ്രിലിൽ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്കോക്കി ഡിസ്ട്രിക്റ്റ് 69 ബോർഡ് ഓഫ് എഡ്യുക്കേഷൻ മെമ്പറായി മികച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന), ഇല്ലിനോയി മലയാളി അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റായിരുന്നു. ലയൺസ് ക്ലബ് ഇന്റർനാഷണൽ വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ (ഡിസ്ട്രിക്റ്റ് വൺ എഫ്), സ്കോക്കി വില്ലേജ് ഫാമിലി സർവ്വീസ് കമ്മീഷൻ വൈസ് ചെയർമാൻ എന്നീ നിലകളിൽ കർമ്മഭൂമിയിലെ വിവിധ സാമൂഹിക സേവന പദ്ധതികളിൽ പങ്കാളിത്തം വഹിക്കുന്നു.




മാതൃഭൂമി ബുക്സിന്റെ സ്റ്റാളുകളിൽ നിന്നോ ഓൺലൈനായോ "ഹിമ"യുടെ കോപ്പികൾ ലഭിക്കുന്നതാണ്. വില 250 രൂപ.

# അലക്സിന്റെ ഓർമ്മകളിൽ മേയുന്ന ആഫ്രിക്കൻ മലയാളികൾ ഒരായിരം





**കുര്യൻ പാമ്പാടി**

ആഫിക്കയിൽ അര നൂറ്റാണ്ടോളവും അതിലധികവും സേവനം ചെയ്ത മലയാളികൾ കുറഞ്ഞത് ആയിരം പേരുണ്ട്. അവർ രൂപീകരിച്ച ആഫ്രിക്കൻ റിട്ടേനീസ് അസോസിയേഷന്റെ മൂന്നാമത് സംഗമം അടുത്തയിടെ ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലെ കോൺടൂർ ബാക്ക് വാട്ടർ റിസോർട്ടിൽ നടന്നു.

അധികം പേരും അധ്യാപകർ. മിക്കവാറും ഭാര്യാഭർത്താക്കൻമാർ. സാംബിയയിലും കെനിയയിലും നൈജീരിയയിലും മൊസാംബിക്കിലും ദക്ഷിണാഫ്രിക്കയിലും സേവനംചെയ്തവർ. മഡഗാസ്കറിൽ പോയ ഒരാളെങ്കിലും ഉണ്ടായിരുന്നു. പതിറ്റാണ്ടുകൾ മുമ്പ് നൈജീരിയയിലെ ലാഗോസിൽ എത്തി ഈയടുത്ത ദിവസം വരെയും അവിടെ കഴിഞ്ഞ ദമ്പതിമാരെയും കണ്ടു.

എന്നാൽ അവരാരും ചരിത്രത്തിൽ ആദ്യമായി സൗത്താഫ്രിക്കൻ പാർലമെന്റിൽ അംഗമായ തിരുവല്ലയിലെ അലക്സ് ജേക്കബിനെ പരാമർശിച്ചതായി കേട്ടില്ല. പക്ഷെ കാലയവനികക്കുള്ളിൽ മറഞ്ഞ അലക്സിന്റെ ഭാര്യ ശോഭയും അലക്സിന്റെ ജേഷ്ഠൻ അന്തരിച്ച രെഞ്ജിയുടെ ഭാര്യ ഷീലയും ഒന്നിച്ച് സംഗമത്തിൽ പങ്കെടുത്തു.

'അരനാഴികനേര'ത്തിൽ തകർത്തഭിനയിച്ച കൊട്ടാരക്കരയുടെ കുഞ്ഞോനാച്ചനെയും 'ചെമ്മീനി'ൽ 'കടലിനക്കരെ പോണോരെ, കാണാപ്പൊന്നിനു പോണോരെ' പാടിയ യേശുദാസിനെയും ഇരുണ്ട ആഫ്രിക്കയിൽ സഞ്ചരിച്ച് 'കാപ്പിരികളുടെ നാട്ടിൽ' എഴുതിയ എസ്കെ പൊറ്റക്കാടിനെയും 'ഡാരെ സലാം' രചിച്ച എംടി യെയും ഓർമ്മിച്ചുകൊണ്ടു മടങ്ങി വന്നവർ എന്നുമെന്നും തങ്ങൾ അനുഭവിച്ച ഗൃഹാതുരത്വം പങ്കു വച്ചു.

സാംബിയയിൽ പോയി മടങ്ങി വന്നവരെ ചേർത്ത് പത്തു വർഷം മുമ്പ് ആരംഭിച്ച കൂട്ടായ്മയാണ് ഒടുവിൽ അഖില ആഫിക്ക മലയാളി സംഗമവേദിയായി വളർന്നത്. ഇക്കാലയളവിൽ അനവധി പേർ കടന്നു പോയി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തന്നെ പതിനാലു പേർ.

അദ്ധ്യാപകരായിരുന്നവരിൽ ബഹു ഭൂരിപക്ഷവും പഠിപ്പിച്ചതു ഇംഗ്ലീഷ്. മാത്ത് സും ഫിസിക്സും ബയോളജിയും പഠിപ്പിച്ചവരും ഉണ്ട്. ചുരുക്കം ചിലർ ഡോക്ടർമാരും എൻജിനിയർ മാരുമായിരുന്നു. സ്വന്തം മക്കളെ അവിടെ പഠിപ്പിച്ച് ഡോക്ടർമാരും ടെക്കികളുമാക്കി അവിടെ തന്നെ ഉയർന്ന നിലയിൽ എത്തിച്ചവരും ഉണ്ട്.




മഹാത്മജിയെ ട്രെ യിനിൽ നിന്നു ഇറക്കി വിട്ട പീറ്റർമാരീസ്ബർഗിൽ നിന്ന് 250 കമീ അകലെ ഈസ്റ്റേൺകേപ്പിലെ മറ്റാറ്റിയേലിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന ഒരു സഹോദരി എനിക്കുണ്ട്- ലളിത. കൂടെ പഠിപ്പിച്ച ഭർത്താവ് കാഞ്ഞിരപ്പള്ളിയിലെ ജോർജ് കല്ലൂർ. അവരുടെ മകൻ എബ്രഹാം കല്ലൂർ മാരീസ്ബർഗിലെ 150 വർഷം പഴക്കമുള്ള 'ദി വിറ്റ്നെസ്' എന്ന പത്രത്തിൽ എഡിറ്റർ ആണ്.

'ജനിച്ച നാടിന്റെ സൽപ്പേരു കളയാതെ ഭാരതത്തിന്റെ അമ്പാസഡർമാരായികഴിഞ്ഞവരാണ് നാമെല്ലാം. ആ നല്ല ഓർമ്മകൾ അയവിറക്കാനാണ് ഇത്തരം

കൂടിക്കാഴ്ചകൾ,' ARA എന്ന ആഫിക്കൻ റിട്ടേണീസ് അസോസിയേഷൻ പ്രസിഡന്റ് തോമസ് കുഞ്ഞുമ്മൻ ആമുഖമായി പറഞ്ഞു. സെക്രട്ടറി വർഗീസ് ഫിലിപ് റിപ്പോർട് അവതരിപ്പിച്ചു.

'Once upon a time we were young and beautiful but now we are only beautiful,' എന്നു പറഞ്ഞു എല്ലാവരെയും ചിരിപ്പിച്ചു സരസനായ പ്രതിനിധി ജോർജ് എബ്രഹാം. തിരുവല്ലയിലെ അജാ എന്ന എബ്രഹാം പി. തോമസ് ആയിരുന്നു സംഗമത്തിന്റെ മാസ്റ്റർ ഓഫ് സെറിമണി അദ്ദേഹവും ഭാര്യ ആലീസും കെനിയ, നൈജീരിയ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിലായി നാല് പതിറ്റാണ്ടു കാലം അധ്യാപകർ ആയിരുന്നു. സംഗമ നടത്തിപ്പിൽ ജോർജ് എബ്രഹാം എപിടി യെ സഹായിച്ചു.



ആഗോളതലത്തിൽ ഇന്ത്യൻ പ്രവാസികൾ മൂന്നരക്കോടി വരുമെന്നാണ് ഔദ്യഗികകണക്ക്. എൻ ആർ ഐ എന്ന പേരിൽ അറിയപ്പെടുന്ന നോൺ റെസിഡന്റ് ഇന്ത്യക്കാർ 1,58,50,000 പേരും ഇന്ത്യൻവംശജരായ 1,95,70,000 പേരും ചേർന്ന കണക്കാണിത്.

ഒറീസയിലെ ഭുവനേശ്വരിൽ നടന്ന പതിനെട്ടാമത് പ്രവാസി ഭാരതിയ ദിവസിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി വെളിപ്പെടുത്തിയ കണക്കാണിത്.എഴുപതു രാജ്യങ്ങളിൽ നിന്ന് മൂവ്വായിരം പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ 27 ഭാരതീയർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു പ്രവാസി ഭാരതീയ സമ്മാനനം വിതരണം ചെയ്തു.

ഗാന്ധിജി 21 വർഷം സൗത്ത് ആഫ്രിക്കയിൽ ഉണ്ടായിരുന്നു. അദ്ദേഹം ഇന്ത്യയിൽ മടങ്ങിയെത്തിയ 1915ജനുവരി 15 നെ ഓർമ്മിക്കാനായി 2003 ലാണ് പ്രവാസി ഭാരതീയ ദിനം ഘോഷിച്ചു തുടങ്ങിയത്. ബ്രിട്ടൻ ഉൾപ്പെടെ മുപ്പതിലേറെ രാജ്യങ്ങളിൽ ഇന്ത്യൻ വംശജർ ഭരണത്തലവന്മാരായി കഴിഞ്ഞിട്ടുണ്ട്.

അമേരിക്കയിൽ ജയിച്ചിരുന്നെങ്കിൽ കമല ഹാരിസ് അവരിൽ ഏറ്റവും ഒടുവിലത്തെ കണ്ണി ആകുമായിരുന്നു. എങ്കിലും ഡൊണാൾഡ് ട്രമ്പിന്റെ വൈറ്റ് ഹൗസിൽ പ്രമുഖസ്ഥാനങ്ങളിൽ ഇന്ത്യക്കാരെ നിയമിച്ചു കഴിഞ്ഞു.



യുദ്ധകലുഷിതമായ പശ്ചിമേഷ്യയിൽ മാത്രം 90 ലക്ഷം ഭാരതീയർ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. അവിടെ സംഭവിക്കുന്നതിന്റെ പ്രതിഫലനം ഇന്ത്യയിൽ ഉണ്ടാകുമെന്നതിനു സംശയം വേണ്ട. സൗദിയിലും യൂഎഇയിലുമാണ്ഏറ്റവും കൂടുതൽ ഭാരതീയർ.

ഇന്ത്യയുടെ പത്തിരട്ടിയോളം വലുപ്പവും ഒപ്പം ജനസംഖ്യയുമുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നടക്കുന്ന രക്തരൂഷിതവും രക്തരഹിതവുമായ ഏതൊരു രാഷ്ട്രീയ വംശീയ മാറ്റവും ഇന്ത്യക്കാരെ ഒന്നല്ലെങ്കിൽ മറ്റൊരു തലത്തിൽ ബാധിക്കുമെന്ന് ഉറപ്പാണല്ലോ. ആറരക്കോടി ജനമുള്ള ദക്ഷിണാഫ്രിക്കയിൽ മാത്രം 15 ലക്ഷം ഭാരതീയർ ഉണ്ട്.

നെൽസൺ മണ്ടേല നയിച്ച ആദ്യത്തെ ആഫ്രിക്കൻ മന്ത്രിസഭയിൽ നാലുപേർ ഇന്ത്യൻ വംശജർ ആയിരുന്നു. നാഷണൽ അസംബ്ളിയുടെ സ്പീക്കർ പൂനക്കാരിയായ പാഴ്സി ഫ്രനെ ജിൻവാലയും. മലയാളികളും കേരളം സമാജവും ഒക്കെയുണ്ടെങ്കിലും കേരളീയർ പൊതുവെ രാഷ്ട്രീയത്തിൽ നിന്നു മാറിനിന്നു. സ്കൂൾ, കോളജ, യൂണിവേഴ്സിറ്റി അദ്ധ്യാകരായും ഡോക്ടർ മാരായും എഞ്ചിനീയർമാരായും അവർ ശോഭിച്ചു.



ഉഗാണ്ടയിൽ ഒരു കാലത്തു ഒരുലക്ഷം ഭാരതീയർ ഉണ്ടായിരുന്നു. 1970കളിൽ ഇദി അമിന്റെ കാലത്ത് എല്ലാവരെയും പുറത്താക്കി.പക്ഷെ നല്ലൊരു പങ്കു തിരികെപ്പോയി. ഇന്ന് 30,000 പേർ അവിടുണ്ട്. ആ നാടിന്റെ സമ്പദ് വ്യവസ്ഥയിൽ 60 ശതമാനവും നിയന്ത്രിക്കുന്നത് ഇന്ത്യക്കാരാണ്. ഇദി അമിനു ശേഷം വന്ന ഭരണകൂടത്തിൽ അവിടെ അദ്ധ്യാപകനായിരുന്ന ശശിധരൻ

നായർ മന്ത്രിയായി. ഉഗാണ്ടയിൽ പഠിപ്പിച്ചിരുന്ന വർഗീസ് ഫിലിപ്പ് ആണ് ഇന്ന് റിട്ടേനീസ് അസോസിയേഷന്റെ സെക്രട്ടറി. അന്തരിച്ച നിരണം കണ്ടത്തിൽ കൊച്ചീപ്പൻ മാപ്പിളയും അന്ന് അദ്ദേഹത്തോടൊപ്പം കമ്പാലയിൽ ഉണ്ടായിരുന്നു.



തിരുവല്ല നെടുമ്പ്രത്തുനിന്നു സൗത്ത് ആഫ്രിക്കയിൽ പോയി നെൽസൺ മണ്ടേല പ്രധാന മന്ത്രിയായപ്പോൾ പാർലമെന്റ് അംഗമായ മലയാളിയാണ് അലക്സ് ജേക്കബ്. കെ എസ് യുവിൽ പ്രവർത്തിച്ച അനുഭവവുമായി ആദ്യം ലെസോത്തോയിലും പിന്നീട് നോർത്തേൺ കേപ്പിലെ കുറുമാനിലും എത്തി.






ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകൻ എന്ന നിലയിൽ ഒരുപാടുപേർക്കു ഒളിത്താവളം ഒരുക്കിയ ആളാണ് അലക്സ്. നോർത്തേൺ കേപ്പിൽ മത്സരിച്ച് പാർലമെന്റിൽ എത്തി. അലക്സ് എക്കണോമിക്സും ശോഭ ബോട്ടണിയും പഠിപ്പിച്ചു. ശോഭ പ്രിൻസിപ്പലായി പിരിഞ്ഞു. ഏകമകൾ ഐശ്വര്യ ആംസ്ട്രറ്റർഡാമിൽ.




അലക്സും ഒപ്പമുണ്ടായിരുന്ന ജ്യേഷ്ഠടൻ രെഞ്ജിയും ജീവിച്ചിരിപ്പില്ല. വിധവമാർ ശോഭയും ഷീലയും ചങ്ങനാശ്ശേരിയിലെ സംഗമ വേദിയിൽ സന്നിഹിതരായിരുന്നു. അലക്സ് ജീവിച്ചിരുന്നെങ്കിൽ സൗത്ത് ആഫ്രിക്കയിലെ ഏക മലയാളി പാർലമെന്റ് അംഗം എന്ന നിലയിൽ സംഘടനയുടെ തലപ്പത്തു വരുമായിരുന്നുവെന്നു തീർച്ച.




MALABAR
GOLD & DIAMONDS
mine
DIAMOND
FESTIVAL
FREE
CASH VOUCHERS
FREE USD 50 CASH VOUCHER ON
EVERY USD 1,500 WORTH DIAMOND &
PRECIOUS GEM JEWELLERY PURCHASE
100%
100%
VALUE ON DIAMOND
EXCHANGE
Valid until 5th January, 2025
*T & C Apply.
only
NATURAL
DIAMONDS
Natural Diamond Council

# ഇച്ഛാ ക്ലബ്ബിന്റെ ക്രിസ്മസ്, ന്യൂ ഇയർ ആഘോഷവും അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ് വിതരണവും വിജയമായി




ന്യൂയോർക്: ഇച്ഛാ ക്ലബ്ബിന്റെ ക്രിസ്മസ്, ന്യൂ ഇയർ ആഘോഷവും അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ് വിതരണവും വിജയമായി. ക്രിസ്മസ് ന്യൂ ഇയർ ആഘോഷം പാലിസേഡ്സ് സെന്റർ മാൾ, കമ്മ്യൂണിറ്റി റൂമിൽ വച്ച് വിവിധ പരിപാടികളോടെ ആഘോ ഷിച്ചു.

എസ്തർ ജോണിന്റെ അമേരിക്കൻ ദേശീയ ഗാനത്തോടെപരിപാടികൾ ആരംഭിച്ചു. എല്ലാവരുംകൂടി ആലപിച്ച ഇന്ത്യൻ ഇന്ത്യൻദേശീയ ഗാനം മെറി ജേക്കബ് നയിച്ചു . ഷാജി ജോസഫ്, സാറ അമ്പാട്ട്, അജി കളീക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിത്തിയ കരോൾ ഗാനങ്ങൾ മനോഹരവും ശ്രുതിമധുരവുമായിരുന്നു.

ICHAA ചെയർമാൻ ഡോ.ആനിപോൾ ഏവരേയും സ്വാഗതം ചെയ്തു. ഇച്ഛാ ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ്, ഫൗണ്ടറായ ഡോ. ആനി പോളിനെ അഭിനന്ദിക്കുകയും ക്ലബ്ബിന്റെയും യൂത്ത് കൌൺസിലിന്റെയും പ്രവർത്തനങ്ങൾ വിവരിക്കുകയും ചെയ്തു. യൂത്ത് കൌൺസിൽ മെമ്പർ സ്റ്റീഫൻ ജേക്കബ് ക്രിസ്റ്മസ് ന്യൂ ഇയർ മെസ്സേജ് നൽകി.

അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് അദ്ദേഹത്തിന്റെ കുടുംബം ഇച്ഛാ ക്ലബ്ബിൽ അഞ്ചു വർഷത്തേക്ക് സ്ഥാപിച്ചു. ന്യൂ ഡൽഹി യിലെ ബ്രിട്ടീഷ് ഹൈകമ്മീഷനിൽ ട്രാൻപോർട് ഡിപ്പാർട്മെന്റിന്റെ ഡയറക്ടറായിരുന്ന അദ്ദേഹം BA LLB ഡിഗ്രിയുമായാണ് അമേരിക്കയിൽ എത്തുന്നത്.

പല സെർട്ടിഫിക്കേഷൻ കോഴ്സുകളും അമേരിക്കയിൽ എത്തിയശേഷം എടുത്തിട്ടുണ്ട്.

വിദ്യാഭ്യാസത്തിനു വളരെ പ്രാധാന്യവും പ്രോത്സാഹനവും നൽകിയ വ്യക്തിയായിരുന്നു അഗസ്റ്റിൻ പോൾ. അദ്ദേഹത്തിൻറെ ഓർമ്മ നിലനിർത്തുന്നതിനു വേണ്ടിയാണ് അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് സ്ഥാപിച്ചത്. ഇച്ഛാ ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ് , ട്രഷാറർ ഷൈമി ജേക്കബ്,

സെക്രട്ടറി മാണി ജോർജ് എന്നിവർ ഡോ. ആനിപോൾ ഫാമിലിയെയും സ്കോളർഷിപ്പിന് അർഹരായവരെയുംഅഭിനന്ദിച്ചു.

ഡോ. ആനി പോൾ, നതാഷ പോൾ എന്നിവർ ചേർന്ന് സ്കോളർഷിപ്പുകൾ നൽകി. 2023 ൽ ഗ്രാഡ്വേറ്റ് ചെയ്ത, കളഒഅഅ യൂത്ത് കൌൺസിലിൽ വോളന്റീർ സർവീസ് ചെയ്തവർക്കാണ് സ്കോളർഷിപ്പ് നൽകിയത്. അലീന റോസ് മുണ്ടാങ്കൽ, ജോഷ് മാത്യു കുരിയൻ , അനന്ദു അജി മാത്യു,എൽദോ അല്ലൻ തോമസ് തുടങ്ങിയവരാണ് ഈ സ്കോളർഷിപ്പിന് അര്ഹനായവർ.

ചടങ്ങിൽ അനിത രാജേഷ്, സൈനു ജോബി, ലൗലി മാത്യു, , എസ്തർ ജോൺ തുടങ്ങിയവർ ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു.

സാറ അമ്പാട്ടിന്റെ നേതൃത്വത്തിൽ രമ്യ സഞ്ജു, അനിത രാജേഷ്, ലൈല ഷാജി, അൽഫോൻസ മാത്യൂ, ആനി പോൾ തുടങ്ങിയവരോടൊപ്പം ഗ്രൂപ്പ് ഡാൻസ് മനോഹരമമായി അവതരിപ്പിച്ചു. മെറി ജേക്കബിന്റെ നേതൃത്വത്തിൽ കളഒഅഅ ക്ലബ് യൂത്ത് കൗൺസിൽ അംഗങ്ങളും ലിയോ ക്ലബ്ബ്



അംഗങ്ങളും ചേർന്ന് പാടിയ ''ജിംഗിൾ ബെൽസ്'' ഏവരേയും ആകർഷിച്ചു.

ഫൊക്കാന നേതാക്കൻമ്മാരായ ഫിലിപ്പോസ് ഫിലിപ്പ്, HVMA മുൻ പ്രസിഡന്റ്മാരായ വര്ഗീസ് ഉലഹന്നാൻ,

തമ്പി പനക്കൽ , മത്തായി പി ദാസ്, ബോസ് കുരുവിള തുടങ്ങിയവർ പങ്കെടുത്തു. മത്തായി. പി. ദാസ് പ്രസിഡന്റുമാരെ പ്രധിനിധീകരിച്ചു ആശംസ അർപ്പിച്ചു. ഡോ. സ്റ്റാൻലി ജോൺ മലയാളം അറിയാൻ പാടില്ലാത്ത തനിക്കു മലയാളം ആൽഫബെറ്റ്സു പഠിക്കാൻ യൂത്ത് കൌൺസിൽ ക്ലാസ്സ് സഹായിച്ചു എന്ന് ആശംസ പ്രസംഗത്തിൽ പറഞ്ഞു .

മെറിൻ ജേക്കബ് കളഒഅഅ ക്ലബ്ബിലൂടെ പുതിയ തലമുറയ്ക്ക് ഇന്ത്യൻ സംസ്കാരം പകർന്നു കൊടുക്കുന്നതിനെ അഭിനന്ദിച്ചു.




എംസിയായിരുന്ന ഒലിവിയ വർഗീസ് മനോഹരമായി പ്രോഗ്രാം മാനേജ് ചെയ്തു. ഷാജി ജോസഫ് , സാറ അമ്പാട്ട്, അജി കളീക്കൽ എന്നിവരുടെ നേതൃത്വത്തിൽ പുതുമയാർന്ന കരോൾ ഗാന പരിപാടിയുമായി ഡിസംബർ മാസത്തിൽ പല വീടുകൾ സന്ദർശിച്ചു. നല്ല സ്വീകരണമാണ് ലഭിച്ചത്. അവർക്കെല്ലാവര്കും നന്ദി പറയുന്നു. ഷൈമി ജേക്കബ് ഭക്ഷണം ക്രമീകരിക്കാൻ നേതൃത്വം നൽകി. ICHAA ക്ലബ്ബിന്റെ സെക്രട്ടറി മാണി ജോർജ് എല്ലാവര്ക്കും നന്ദി രേഖപ്പെടുത്തി. ഫോട്ടോയെടുത്ത അജി മീഡിയയ്ക്കു പ്രത്യേകം നന്ദി രേഖപ്പെടുത്തി.























ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB


ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)








ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)






LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the
App Store
ANDROID APP ON
Google play
Available in App Store or Google Store
Scan the
QR Code
for instant
download
Download
'MediaAppUSA'


DISCOVER
BRILLIANCE
At the
Joyalukkas
DIAMOND
FEST
Buy diamond jewellery worth
USD 1500 & ABOVE
GET 1 GM
22 KT GOLD COIN
Buy diamond jewellery worth
USD 1000 & ABOVE
GET 0.5 GM
22 KT GOLD COIN
100% VALUE
ON OLD GOLD EXCHANGE
100% VALUE
ON DIAMOND EXCHANGE
Offer valid until 12th Jan. 2025
*Terms and Conditions Apply
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# പിയാനോ' ഹോളിഡേ പാർട്ടിയും പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞാച്ചടങ്ങും വർണാഭമായി




**വിൻസെന്റ് ഇമ്മാനുവൽ**

'പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നഴ്സസ് ഓർഗനൈസേഷൻ' എന്ന പിയാനോയുടെ ഹോളിഡേ പാർട്ടിയും പുതിയ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞാചടങ്ങും നോർത്ത് ഈസ്റ്റ് ഫിലഡൽഫിയയിലെ മയൂരാ റസ്റ്റോറന്റിൽ നടന്നു. വിവിധ പരിപാടികൾ സംഘടിപ്പിച്ച് ആഘോഷപൂർവ്വം നടന്ന പാർട്ടിയിൽ ക്ഷണിക്കപ്പെട്ട അതിഥികൾക്കായി വിഭവസമൃദ്ധമായ അത്താഴ വിരുന്നും ഒരുക്കിയിരുന്നു. വൈസ് പ്രസിഡന്റ് സൂസൻ സാബു ആമുഖ പ്രസംഗം നടത്തി. സെക്രട്ടറി അനോഖ റോയി ഓരോരുത്തരേയും ചടങ്ങിലേക്കു സ്വാഗതം ചെയ്തു. പുതിയ ഭരണാസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞാചടങ്ങിലേക്കു സൂസൻ സാബു മുൻ പ്രസിഡന്റ് സാറാ ഐപ്പിനെ ക്ഷണിച്ചു. മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലൈലാ മാത്യു പുതിയ ഭരണസമിതി അംഗങ്ങളെ വേദിയിലേക്കു ക്ഷണിച്ചു. സാറ ഐപ്പ് ചൊല്ലിക്കൊടുത്ത നൈറ്റിങ്ങേൽ പ്രതിജ്ഞ ഏറ്റുചൊല്ലി പുതിയ ഭാരവാഹികൾ അധികാരമെറ്റെടുത്തു.

പിയാനോ പ്രസിഡന്റായി സ്ഥാനമേറ്റെടുത്ത മുൻ സെക്രട്ടറി കൂടിയായ ബിന്ദു എബ്രഹാം അധ്യക്ഷ പ്രസംഗം നടത്തി. പാർട്ടിയിൽ പങ്കെടുക്കാനെത്തിയ ഓരോരുത്തരേയും സ്വാഗതം ചെയ്യുകയും നന്ദി പറയുകയും ചെയ്ത ബിന്ദു എബ്രഹാം ഇതിനു മുൻപു രണ്ടു തവണയും പിയാനോ സംഘടിപ്പിച്ച ഹോളിഡേ പാർട്ടികൾ വിജയകരമായിരുന്നുവെന്ന കാര്യം ചൂണ്ടിക്കാട്ടി. നഴ്സുമാർ പിയാനോ അംഗങ്ങളായിരിക്കേണ്ടതിന്റെ ആവശ്യകതയും അതുവഴിയുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ബിന്ദു എബ്രഹാം സംസാരിച്ചു.




പുതിയ ഭരണസമിതിയിൽ ബിന്ദു എബ്രഹാം പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പിയാനോയുടെ സ്ഥാപക പ്രസിഡന്റും പെൻസിൽവേനിയ നേഴ്സസ് ബോർഡ് മെമ്പറുമായ ബ്രിജിറ്റ് വിൻസെന്റാണ് എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റായി സ്ഥാനമേറ്റത്. പിയാനോയുടെ തുടക്കം മുതൽ ഇപ്പോൾ വരെ എല്ലാകാര്യങ്ങളിലും സഹകരിച്ച് കൂടെ നിൽക്കുന്ന മാർഗ്ഗദർശികൂടെയാണ് ബ്രിജിറ്റ് വിൻസെന്റ്. അമേരിക്കയിൽ ബിനസിനസ്സ് നടത്തുകയും ഏഷ്യാനെറ്റ് ന്യൂസിന്റ അമേരിക്കൻ പ്രതിനിധിയുമായ ഭർത്താവ് വിൻസെന്റ് ഇമ്മാനുവലും എല്ലാ സഹകരണവുമായി സംഘടനയ്ക്കൊപ്പമുണ്ട്.

നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് നോർത്ത് അമേരിക്ക (ചഅകചഅ)യുടെ എപിആർഎൻ ചെയർ ആയ ഡോ. ബിനു ഷാജിമോൻ നൈനയെയും വരാനിരിക്കുന്ന സമ്മേളനത്തെയും കുറിച്ച് സംസാരിച്ചു. കഴിഞ്ഞ

രണ്ടു വർഷമായി പിയാനോയുടെ ഒരു വിംഗായി പ്രവർത്തിക്കുന്ന ഡോ. ബിനു ഷാജിമോൻ അഡ്വാൻസ്ഡ് പ്രാക്ടിക്കൽ രജിസ്ട്രേഡ് നഴ്സുമാരെ വളരെ നല്ല രീതിയിൽ കോഡിനേറ്റ് ചെയ്യുന്നു. പിയാനോ മുൻ പ്രസിഡന്റും നിലവിൽ അഡ്വൈസറി ബോർഡ് ചെയറും നൈനയുടെ ഈവന്റ് ഫണ്ട് റെയ്സിങ് കോഡിനേറ്ററുമായ സാറ ഐപ്പ് നൈന കോൺഫറൻസിന് ആവശ്യമായ ഫണ്ടിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. പിയാനോയുടെ നേതൃത്വമേറ്റെടുത്ത ശേഷം കഴിഞ്ഞ രണ്ടു വർഷമായി മികച്ച രീതിയിൽ സംഘടനയെ നയിക്കുകയും പ്രവർത്തനങ്ങൾ കോഡിനേറ്റ് ചെയ്യുകയും ചെയ്ത വ്യക്തി കൂടിയാണ് സാറ ഐപ്പ്.

വൈസ് പ്രസിഡന്റ് സൂസൻ സാബു, സെക്രട്ടറി അനോഖ റോയി, ജോ. സെക്രട്ടറി സിമി തോമസ്, ട്രഷറർ ലൈലാ മാത്യു, ജോ. ട്രഷറർ ജിഷാ തോമസ്, ഓഡിറ്റർ മറിയാമ്മ തോമസ്, എപിആർഎൻ ചെയർ ലീന തോമസ്, എപിആർഎൻ കോ ചെയർ -ജാൻസി ജോർജ്, ടിന, ബ്രിജിറ്റ് പാറപ്പുറത്ത്, അഡ്വൈസറി ബോർഡ് ചെയർ- സാറ ഐപ്പ്, അഡ്വൈസറി ബോർഡ് മെമ്പേർസ് -സന്തോഷ് സണ്ണി, ജോർജ് നടവയൽ, എജ്യുക്കേഷൻ ചെയർ ഷേർലി ജീവൻ, എജ്യുക്കേഷൻ കോ ചെയർ- ടിന്റു ജോർജ്, ജെയ്സി ഐസക്, റിസർച് ആൻഡ് പ്രൊഫഷണൽ ഡവലപ്മെന്റ് ചെയർ സെൽവ സുനിൽ, അവാർഡ്സ് ആൻഡ് സ്കോളർഷിപ് ചെയർ ജ്യോതി സിജു, റിസർച് ആൻഡ് പ്രൊഫഷണൽ ഡവലപ്മെന്റ് കോ ചെയർ-ജെസ്സീക്ക മാത്യു, ആനി ജോബി, ബൈലോ ചെയർ ഡെയ്സി മാനുവൽ, പബ്ലിക് റിലേഷൻ ചെയർ ജോർജ് നടവയൽ, കൾച്ചറൽ പ്രോഗ്രാം ചെയർ-നിമ്മി ദാസ്, കൾച്ചറൽ പ്രോഗ്രാം കോ ചെയർ- ആഷാ തോമസ്, ഫണ്ട്റെയ്സിങ് ആൻഡ് ചാരിറ്റി ചെയർ-സ്വീറ്റി സൈമൺ, വെബ്സൈറ്റ് ആൻഡ് കമ്യൂണിക്കേഷൻ ചെയർ-ബിന്ദു ജോർജ്, മെമ്പർഷിപ് ചെയർ-മെർലി പാലത്തിങ്കൽ, കോ ചെയർ- മോളി രാജൻ എന്നിവരാണ് പിയാനോയുടെ മറ്റു ഭാരവാഹികൾ.

സത്യപ്രതിജ്ഞാച്ചടങ്ങിനും പ്രധാന അതിഥികളുടെ പ്രസംഗത്തിനും ശേഷം ജോയിന്റ് സെക്രട്ടറി സിമി തോമസ്, ബിനു ഷാജിമോൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഗെയിമുകളും സംഘടിപ്പിച്ചു. തുടർന്ന് വിഭവസമൃദ്ധമായ അത്താഴ വിരുന്നോടെ പാർട്ടിസമാപിച്ചു.
















GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# പ്രണബിനെ കൂട്ടുപിടിച്ച് മോഹൻ ഭാഗവതിന്റെ 'ഘർവാപ്പസി' സി.ബി.സി.ഐ തള്ളി

എ.എസ് ശ്രീകുമാർ




കേരളത്തിലെ ബി.ജെ.പി ഘടകം ക്രൈസ്തവ സഭകളുമായി ചങ്ങാത്തംകൂടാനുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കെ, ഘർവാപ്പസി ശ്രമങ്ങളെ മുൻ രാഷ്ട്രപതി പ്രണബ് മുഖർജി പിന്തുണച്ചിരുന്നെന്ന ആർ.എസ്.എസ് മേധാവി മോഹൻ ഭാഗവതിന്റെ അവകാശവാദം കാത്തലിക് ബിഷപ്സ് കോൺഫറൻസ് (സി.ബി.സി.ഐ) തള്ളിയിരിക്കുന്നു. ഘർവാപസി ഇല്ലെങ്കിൽ ആദിവാസികൾ ദേശവിരുദ്ധരായി മാറുമെന്ന്, അന്തരിച്ച മുതിർന്ന കോൺഗ്രസ് വേതാവ് പ്രണബ് മുഖർജി പറഞ്ഞുവെന്ന പേരിൽ മോഹൻ ഭാഗവത് നടത്തിയ അവകാശവാദം ഞെട്ടിക്കുന്നതും സംശയാസ്പദവുമാണെന്നും സ്വകാര്യ സംഭാഷണത്തെ വളച്ചൊടിച്ച് മുൻ രാഷ്ട്രപതിയുടെ പേരിൽ പ്രചരിപ്പിക്കുന്നത് ഗുരുതര പ്രശ്നമാണെന്നുമാണ് മെത്രാൻ സമിതി പ്രതികരിച്ചിരിക്കുന്നത്. ആർ.എസ്.എസ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മോഹൻ ഭാഗവത് കേരളത്തിലെത്തുന്ന സമയത്തായിരുന്നു സി.ബി.സി.ഐയുടെ പ്രതികരണം.

''ഡോ. പ്രണബ് മുഖർജി രാഷ്ട്രപതിയായിരിക്കെ ഞാൻ ആദ്യമായി അദ്ദേഹത്തെ കാണാൻ പോയിരുന്നു. ഘർവാപസി വിഷയത്തിൽ പാർലമെന്റിൽ അന്ന് ബഹളമുണ്ടായി. കുറച്ച് ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടിവരുമെന്ന് കരുതിയാണ് പോയത്. അങ്ങനെ തയാറെടുത്തു. നിങ്ങളുടെ ആളുകൾ എന്താണു ചെയ്യുന്നത് ചിലരെ തിരികെ കൊണ്ടുവന്നു. ഇതു വിവാദം സൃഷ്ടിക്കുന്നതാണ്. വിവാദത്തിന് പിന്നിൽ രാഷ്ട്രീയമാണ്. രാഷ്ട്രപതിസ്ഥാനം വഹിക്കാതെ കോൺഗ്രസിൽ ആയിരുന്നെങ്കിൽ ഞാനും ഇത് തന്നെ പറയുമായിരുന്നു. 30 ശതമാനം ആദിവാസികൾ തിരിച്ചുവന്നതിൽ സന്തോഷമുണ്ട്. അല്ലെങ്കിൽ അവർ ദേശവിരുദ്ധരായി മാറുമായിരുന്നു...'' പ്രണബിനെ ഉദ്ധരിച്ചുകൊണ്ടുള്ള മോഹൻ ഭാഗവതിന്റെ ഈ പ്രസ്താവനയ്ക്കെതിരെയാണ് സി.ബി.സി.ഐ രംഗത്ത് വന്നത്.

മതം മാറിയവരെ ഹിന്ദു മതത്തിലേക്ക് തിരിച്ചെത്തിക്കാനുള്ള സംഘപരിവാർ ശ്രമങ്ങളെ പ്രണബ് മുഖർജി പിന്തുണച്ചിരുന്നതായി കഴിഞ്ഞ ദിവസം ഇൻഡോറിൽ നടന്ന പരിപാടിയിലാണ് മോഹൻ ഭാഗവത് പറഞ്ഞത്. ക്രൈസ്തവ മിഷനറിമാരെ പരാമർശിച്ചായിരുന്നു പ്രസംഗം. ഡോ. പ്രണബ് മുഖർജി ജീവിച്ചിരുന്നപ്പോൾ മോഹൻ ഭാഗവത് ഇക്കാര്യം പറയാതിരുന്നത് എന്തുകൊണ്ടെന്ന് സി.ബി.സി.ഐ ചോദിച്ചു. മോഹൻ ഭാഗവത് പറയുന്നത് സത്യമാണെന്ന് വിശ്വസിക്കുന്നില്ല. രാജ്യത്തിന്റെ മതേതര മൂല്യം സംരക്ഷിക്കാൻ ഒട്ടേറെ സംഭാവന നൽകിയിട്ടുള്ള വ്യക്തിയാണ് പ്രണബ് മുഖർജിയെന്നും ഭരണഘടനാപരമായ അവകാശങ്ങൾ വിനിയോഗിക്കുന്ന ആദിവാസികളെ ഘർവാപ്പസി എന്ന പേരിൽ ആക്രമിക്കുന്നതല്ലേ ദേശദ്രോഹമെന്നും സി.ബി.സി.ഐ ചോദിച്ചു. രാജ്യത്തിന്റെ ബഹുസ്വരതയെയും മതേതരത്വത്തെയും തകർക്കുന്നതും വിദ്വേഷവും അക്രമവും നിലനിർത്തുന്നതുമായ വിഭജന രാഷ്ട്രീയത്തിനെതിരേ ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയനേതൃത്വവും പാർലമെന്റംഗങ്ങളും മാധ്യമങ്ങളും പ്രതികരിക്കണമെന്ന് സി.ബി.സി.ഐ ആവശ്യപ്പെട്ടു.

ഇക്കഴിഞ്ഞ ക്രിസ്മസ് കാലത്ത് ക്രൈസ്തവരുടെ വീടുകളിൽ ബി.ജെ.പി പ്രവർത്തകർ 'സ്നേഹയാത്ര' എന്ന പേരിൽ കേക്ക് മുറിക്കുന്ന പരിപാടി നടത്തിയിരുന്നു. ഇതിനിടയിൽ പാലക്കാട് നല്ലേപ്പള്ളി ഗവൺമെന്റ് യു.പി സ്കൂളിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തിയ ക്രിസ്മസ് ആഘോഷങ്ങൾ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകർ തടഞ്ഞതും പാലക്കാട് തത്തമംഗലം ജി.ബി.യു.പി സ്കൂളിൽ സ്ഥാപിച്ച പുൽക്കൂട് തകർത്തതും കടുത്ത പ്രതിഷേധങ്ങൾക്കിടയാക്കിയിരിക്കുന്നു. ഒരു വശത്ത് ബി.ജെ.പിക്കാർ ക്രൈസ്തവ ഭവനങ്ങളിലേക്ക് ക്രിസ്മസ് കാർഡും കേക്കുമായി പോകുമ്പോൾ മറുവശത്ത് നോർത്ത് ഇന്ത്യൻ മോഡലിൽ ക്രൈസ്തവരെ ആക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് ഇരക്കൊപ്പം നിൽക്കുകയും വേട്ടക്കാരാകുകയും ചെയ്യുന്ന ഇരട്ടത്താപ്പാണെന്ന് ആരോപണമുയർന്നിരുന്നു.

ബി.ജെ.പി ഭരിക്കുന്ന മധ്യപ്രദേശിലെ സ്കൂളുകളിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മധ്യപ്രദേശിലെ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളെയാണ് ഈ നിയന്ത്രണങ്ങൾ ഏറെയും ബാധിക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾ സാന്താ ക്ലോസ്, കന്യാമറിയം, ജോസഫ്, ആട്ടിടയന്മാർ തുടങ്ങിയ വേഷങ്ങൾ ധരിക്കുന്നതിന് മാതാപിതാക്കളുടെ മുൻകൂർ അനുമതി വാങ്ങണമെന്നായിരുന്നു വിദ്യാഭ്യാസ വകുപ്പിന്റേയും ബാലാവകാശ കമ്മിഷന്റെയും ഉത്തരവ്.

ബി.ജെ.പി ഭരിക്കുന്ന ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ക്രിസ്ത്യാനികൾക്കും അവരുടെ സ്ഥാപനങ്ങൾക്കുമെതിരെ ഹിന്ദുത്വ ശക്തികളിൽ നിന്ന് അക്രമങ്ങളും വിവേചനങ്ങളും അരങ്ങേറുന്നതായി റിപ്പോർട്ടുകളുണ്ട്. ഛത്തീസ്ഗഡിലെ ഗോത്രവർഗ ക്രൈസ്തവർ താമസിക്കുന്ന ബസ്തർ ജില്ലയിൽ ക്രിസ്മസ് ആഘോഷങ്ങൾ ഒഴിവാക്കാൻ ക്രൈസ്തവർക്ക് മുന്നറിയിപ്പ് നൽകിയ സംഘപരിവാർ സംഘടനകൾ, ക്രൈസ്തവ വിശ്വാ

സത്തിൽ നിന്ന് ഹിന്ദു വിശ്വാസത്തിലേക്ക് ഗോത്രവർഗക്കാർ മടങ്ങി വരണമെന്ന് ആവശ്യപ്പെട്ടുന്നുമുണ്ട്. 2024-ൽ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെ 834 അതിക്രമങ്ങൾ നടന്നതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം റിപ്പോർട്ട് ചെയ്തിരുന്നു.

രാജ്യത്തിന്റെ മതേതര സങ്കൽപ്പത്തിന് കളങ്കം ചാർത്തുന്നതും വലിയ വിവാദങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമാണ് സംഘപരിവാർ സംഘടനകളായ വിശ്വ ഹിന്ദു പരിഷത്ത്, ആർ.എസ്.എസ്. തുടങ്ങിയ ഹിന്ദുത്വ സംഘടനകൾ നേതൃത്വം നൽകുന്ന ഘർ വാപ്പസി. ഹിന്ദു മതത്തിൽ നിന്ന് മതം മാറി മറ്റ് മതങ്ങൾ സ്വീകരിച്ചവരെ വീണ്ടും ഹിന്ദു മതത്തിലേക്ക് കൂട്ട മതപരിവർത്തനം നടത്തുന്ന ചടങ്ങാണ് ഘർവാപസി. ഇതിന്റെ മലയാള അർത്ഥം 'വീട്ടിലേക്കുള്ള മടക്കം' എന്നാണ്.

ഹിന്ദു ധർമ ജാഗരൺ സമാജ്, ബജ്റംഗ് ദൾ എന്നിവർ ചേർന്ന് 57 മുസ്ലീം കുടുംബങ്ങളെ അഗ്രയിൽ വെച്ച് ഹിന്ദു മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചുവെന്ന ആർ.എസ്.എസിന്റെ അവകാശവാദത്തോടെയാണ് ഇന്ത്യയിൽ ഘർവാപ്പസി കോളിളക്കമുണ്ടാക്കിയത്. ആഗ്രയിലെ മതപരിവർത്തനത്തിന് പിന്നാലെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹിന്ദുത്വ സംഘടനകൾ ക്രിസ്ത്യൻ മതത്തിൽ നിന്നും മുസ്ലീം മതത്തിൽ നിന്നും നിരവധി പേരെ ഘർവാപ്പസിയിലുടെ മതം മാറ്റി ഹിന്ദുമതത്തിൽ ചേർക്കുന്ന ചടങ്ങുകൾ നടത്തുകയുണ്ടായി. ഇത് മതംമാറ്റമല്ല പകരം വീട്ടിലേക്കുള്ള തിരിച്ചുവരവ് എന്നായിരുന്നു ആർ.എസ്.എസിന്റെ നിലപാട്.

ഹൈന്ദവ ആചാര്യന്മാരാണ് ഘർവാപ്പസി ചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കുന്നത്. ഗണപതിഹോമം, ശുദ്ധിഹോമം, ഗായത്രിമന്ത്രജപം എന്നീ ചടങ്ങുകളോടെയാണ് ഇവർ ഹിന്ദുമതം സ്വീകരിക്കുന്നത്. ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് നിലവിളക്ക്, പുതുവസ്ത്രം, ഹൈന്ദവ ഗ്രന്ഥങ്ങൾ എന്നിവ വിതരണം ചെയ്യും. ഘർവാപ്പസി ദേശീയതലത്തിൽ വിവാദമായി മാറിയതിനെത്തുടർന്ന് 2014 ഡിസംബറിൽ ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളും ബഹളമയമായിരുന്നു. ഘർവാപ്പസി നിർബദ്ധിത മതപരിവർത്തനമാണെന്ന് ആരോപിച്ച് കോൺഗ്രസടക്കമുള്ള പ്രതിപക്ഷ കക്ഷികൾ പാർലമെന്റിൽ ഉയർത്തിയ പ്രതിഷേധം പാർലമെന്റ് നടപടികളെ തടസ്സപ്പെടുത്തി.

2014 ഡിസംബറിൽ ഗുജറാത്തിലെ വാൽസദ് ജില്ലയിലെ അറനൈയിൽ 200-ലധികം ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്കു കൊണ്ടുവന്നെന്ന് വി.എച്ച്.പി അവകാശപ്പെട്ടിരുന്നു. ആഗ്രയിലും, ഛത്തീസ്ഗഢിലും സമാനമായ രീതിയിൽ വി.എച്ച്.പി മതപരിവർത്തനം നടത്തിയിരുന്നു. 2014-ൽ ഡിസംബറിൽ കേരളത്തിലും വിശ്വ ഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ പുനമതപരിവർത്തനം നടന്നു. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്ടും കൊല്ലത്തെ അഞ്ചലിലുമായി രണ്ടിടങ്ങളിലാണ് ഘർവാപ്പസി ചടങ്ങ് നടന്നത്.

ആലപ്പുഴയിലെ കണിച്ചനല്ലൂരിൽ ചേരമാർ ക്രിസ്ത്യൻ വിഭാഗത്തിൽ പെട്ട എട്ടു കുടുംബങ്ങളിലെ 32 പേരും കൊല്ലം ഇടമുളയ്ക്കൽ പടിഞ്ഞാറ്റിൻ കരയിൽ പതിനഞ്ച് വർഷം മുമ്പ് ക്രിസ്ത്യൻ മതം സ്വീകരിച്ച മൂന്ന് സ്ത്രീകളുമാണ് ഹിന്ദുമതത്തിൽ ചേർന്നത്. വിശ്വ ഹിന്ദു പരിഷത്തിന്റെ പോഷക സംഘടനയായ ഹിന്ദു ഹെൽപ്പ് ലൈനും കേരളത്തിൽ ഘർ വാപ്പസി നടത്തി. 2014-ലെ ക്രിസ്തുമസ് ദിനത്തിൽ വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ കോട്ടയത്ത് ഘർ വാപ്പസി നടത്തി. വഞ്ചിതരായി മതപരിവർത്തനം ചെയ്യപ്പെട്ടവരെ ബോധ്യപ്പെടുത്തി ഹിന്ദുമതത്തിലേക്ക് തിരികെക്കൊണ്ടുവരുകയാണ് ഘർവാപ്പസിയുടെ ലക്ഷ്യമെന്നാണ് ഹിന്ദു ഐക്യ വേദിയുടെ നിലപാട്.

മോഹൻ ഭാഗവതിന്റെ പ്രസ്താനയുടെ പശ്ചാത്തലത്തിൽ ഓർത്തഡോക്സ് സഭയുടെ തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മീലിത്തിയോസ് നടത്തിയ പ്രസ്താവന ഇത്തരുണത്തിൽ പ്രസക്തമാണ്... ''പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രിസ്ത്യാനികളെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നു. അതേസമയം ഉപഘടകങ്ങൾ ക്രിസ്ത്യാനികളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. മറ്റൊരു ശൈലിയിലേ കേരളത്തിൽ കാര്യങ്ങൾ നടത്താനാകു എന്ന് അവർക്കറിയാം...''




TOTAL MEDICAL 360
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ഫോമാ ചിക്കാഗോ റീജിയൻ, ചിക്കാഗോ സോഷ്യൽ ക്ലബ്ബ്, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ വീൽ ചെയറുകൾ നൽകി



കാസർകോട്: അമേരിക്കയിൽ ജീവിക്കുമ്പോഴും പിറന്ന നാടുമായുള്ള സ്നേഹത്തിന്റെ പാലം തീർക്കുന്ന ഫോമാ ചിക്കാഗോ റീജിയൻ, ചിക്കാഗോ സോഷ്യൽ ക്ലബ്ബ്, മിഡ് വെസ്റ്റ് മലയാളി അസ്സോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വീൽചെയറുകൾ വിതരണം ചെയ്തു. ദയബായ് ഫൗണ്ടേഷന്റെ സഹകരണത്തോടെ കാസർകോട് ജില്ലയിലെ ഉദുമ കോട്ടിക്കുളം എക്സ് സർവീസ് മെൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത ഉദുമ എം.എൽ.എ സി.എച്ച് കുഞ്ഞാമ്പു ആണ് 33 വീൽ ചെയറുകൾ നൽകിയത്.

''കാസർകോഡ് പോലെ കേരളത്തിന്റെ വടക്കേ മൂലയിൽ യാതൊരു വിധത്തിലുമുള്ള സഹായവും ലഭിക്കാതെ ജീവിക്കുന്നവരാണ് എൻഡോസൽഫാന്റെ ഇരകളായ നിരവധി കുടുംബങ്ങൾ. സഹായങ്ങൾക്ക് അർഹരായിട്ടും അവർക്കത് ലഭിക്കാതെ വരുന്നു. ഈ ദുരവസ്ഥയിലാണ് ഫോമാ ചിക്കാഗോ റീജിയൻ, ചിക്കാഗോ സോഷ്യൽ ക്ലബ്ബ്, മിഡ് വെസ്റ്റ് മലയാളി അസ്സോസിയേഷൻ എന്നിവയെ ചേർത്തുകൊണ്ട് പീറ്റർ കുളങ്ങര എന്ന മനുഷ്യ സ്നേഹി ഇവിടെ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റും കൈത്താങ്ങായത്. ആ സൻമനസിന് ഉദുമയിലെ ജനങ്ങളുടെ നന്ദി അറിയിക്കുന്നു...'' സി.എച്ച് കുഞ്ഞാമ്പു പറഞ്ഞു.

മദ്ധ്യപ്രദേശിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയായ ദയാബായി എന്ന മേഴ്സി മാത്യു ആണ് 25 വർഷത്തലേറെയായി കാസർകോട്ടെ എൻഡോസൾഫാൻ ഇരകൾക്ക് വേണ്ടി ദയാബായി ഫൗണ്ടേഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നത്. ചടങ്ങിൽ സംസാരിച്ച ദയബായ്, ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ് വെസ്റ്റ് മലയാളി അസ്സോസിയേഷൻ ഫോമ ചിക്കാഗോ റീജിയൺ, ജീവകാരുണ്യ പ്രവർത്തകനും ഫോമായുടെ സ്ഥാപക നേതാവും മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റും ഫോമായുടെ 2026-ലെ കേരള കൺവൻഷൻ ചെയർമാനുമായ പീറ്റർ കുളങ്ങര, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ






വൈസ് പ്രസിഡന്റ് പോൾസൺ കുളങ്ങര, ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടി, ഫോമായുടെ മുൻ ജോയിന്റ് സെക്രട്ടറി ജോസ് മണക്കാട്ട് എന്നിവർക്ക് നന്ദി രേഖപ്പെടുത്തി.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം 2024 ജനുവരിയിൽ കോട്ടയത്ത് നടത്തിയിരുന്നു. അന്ന് കോട്ടയം താഴത്തങ്ങാടി ക്നാനായ ഇടക്കാട്ടു പള്ളി അങ്കണത്തിൽ നടന്ന സമ്മേളനത്തിൽ 100 പേർക്ക് ഇലക്ട്രിക് വീൽ ചെയറുകളും മുച്ചക്രസ്കൂട്ടറുകളും സഹകരണ വകുപ്പു മന്ത്രി വി.എൻ വാസവനാണ് നൽകിയത്. കാസർകോട്ടെ രണ്ടാം ഘട്ട സഹായ വിതരണത്തിൽ ഉദുമ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ലക്ഷ്മി, വാർഡ് മെമ്പർ കെ സുധാകരൻ, റിട്ട. ഡി.വൈ.എസ്.പി മാത്യു എം. എ, ദയാബായി ഫൗണ്ടേഷന്റെ അരുണ, ജോസ് വട്ടത്തിൽ, ജോസി ഏലൂർ, ജിമ്മി പുല്ലാനപ്പള്ളിൽ, പി.ടി ഊരാളിൽ, ധൻ രാജ് എന്നിവരും പങ്കെടുത്തു.









USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# ജനപങ്കാളിത്തം അലയടിച്ച സുന്ദര സുദിനമായി സ്നേഹതീരം ക്രിസ്മസ് ന്യൂ ഇയർ ആഘോഷം



ഫിലഡൽഫിയ:- ഫിലാഡൽഫിയ മലായളി കമ്യൂണിറ്റിയിൽ പരസ്പര സ്നേഹ സഹായ സൗഹാർദ്ദങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് കേരളപ്പിറവിദിനത്തിൽ രൂപംകൊണ്ട, ഫിലഡൽഫിയ സ്നേഹതീരത്തിന്റെ പ്രഥമ ക്രിസ്തുമസ് ന്യൂഇയർ ആഘോഷം, ജനപങ്കാളിത്തം കൊണ്ടും, ആകർഷകവും, അടുക്കും ചിട്ടയുമുള്ള പരിപാടികളാലും ആതിഗംഭീരമായി നടത്തപ്പെട്ടു..

ജനുവരി 4 ന് ശനിയാഴ്ച രാവിലെ 11:30 മുതൽ 3 മണിവരെ ക്രൂസ് ടൗണിലുള്ള മയൂര ഹാളിൽ വെച്ച് നടന്ന പരിപാടി എല്ലാ വിധത്തിലും സ്നേഹതീരത്തിന്റെ അഭിമാന നിമിഷങ്ങളായിരുന്നു. പ്രോഗ്രാമിൽ വന്നു ചേർന്ന ഏവരും ഒന്നിച്ചു ക്രിസ്മസ് കേക്ക് മുറിച്ചു കൊണ്ടാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ഫിലഡൽഫിയ സിറ്റി എച്ച് ആർ സൂപ്പർവൈസർ ശ്രീമതി ഐവി മാത്യൂസ് നൽകിയ മനോഹരമായ ക്രിസ്തുമസ് സന്ദേശം ഏറെ ഹൃദ്യമായിരുന്നു. സ്നേഹബന്ധങ്ങൾക്കും, പരസ്പര സഹായ സഹകരണങ്ങൾക്കും പ്രധാന്യം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ, ആഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ, പരസ്പര സൗഹൃദങ്ങൾക്കും, സഹായങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് ആരംഭിച്ച സ്നേഹതീരത്തിന്റെ മഹനീയ പ്രവർത്തനങ്ങളും, ഒത്തുകൂടലുകളും, ഭാവി പ്രവർത്തനങ്ങളും ഈ പ്രദേശത്തിനും, മറ്റുള്ളവർക്കും എന്നും മാതൃകയാകട്ടെയെന്നും ശ്രീമതി ഐവി മാത്യൂസ് തന്റെ സന്ദേശത്തിൽ പറഞ്ഞു.

സ്നേഹതീരത്തിന്റെ പിറവിയുടെ തുടക്കവും, ഉദ്ദേശവും, ഭാവി പരിപാടികളും ഷിബു വർഗീസ് കൊച്ചുമഠം ചടങ്ങിൽ വിശദീകരിച്ചു. ഈ വർഷത്തെ ഭാവി പരിപാടികൾക്കുവേണ്ടി, വെൽഫയർ ആൻഡ് പിക്നിക് കമ്മിറ്റി, സമ്മറിലേക്ക് പ്ലാൻ ചെയ്യുന്ന 3 ഡേയ്സ് ടൂർ, സ്നേഹതീരം കുടുംബാംഗങ്ങളും സുഹൃത്തുക്കളും പങ്കെടുക്കുന്ന സമ്മർ പിക്നിക്ക് എന്നിവയുടെ പ്ലാനും പദ്ധതികളും നടപ്പിലാക്കുവാൻ, രാജു ശങ്കരത്തിൽ, കൊച്ചുകോശി ഉമ്മൻ, സാജൻ തോമസ്, ബിജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ, സജു മാത്യു, ഗ്ലാഡ്സൺ മാത്യു, ബെന്നി മാത്യു, മാത്യു ജോർജ്, ദിനേഷ് ബേബി, സാബു കുഞ്ഞുകുഞ്ഞു, ഗോഡ്ലി തോമസ്, ജോർജ് തടത്തിൽ, ഷിബു മാത്യു, അനിൽ ബാബു എന്നീ അംഗങ്ങളടങ്ങിയ കമ്മറ്റിയെ തദവസരത്തിൽ തിരഞ്ഞെടുത്തു ചുമതലയേൽപ്പിച്ചു. ഭാവി പരിപാടിയെക്കുറിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗമന വിവരങ്ങൾ പുറകാലെ അറിയിക്കുന്നതാണ് എന്ന് ചുമതലയേറ്റ കമ്മറ്റി അംഗങ്ങൾ പറഞ്ഞു.

അതുപോലെ കമ്മ്യൂണിറ്റി യുമായയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു 10 ആഗങ്ങളുള്ള അഡൈ്വസറി കമ്മിറ്റിയും പ്രവർത്തനം ആരംഭിച്ചു. ഭാവിപരിപാടികൾ പുറകാലെ അറിയിക്കുന്നതാണ്.

സ്നേഹതീരത്തിലെ എല്ലാ അംഗങ്ങളുടെയും വിശേഷ ദിവസങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡയറക്ടറി തയ്യാറാകുന്നതിനുള്ള പ്രഥമ പ്രവർത്തനങ്ങൾക്ക് വനിതാ വിഭാഗം കോർഡിനേറ്റർ ശ്രീമതി സുജാ കോശിയുടെ നേതൃത്വത്തിൽ തുടക്കമിട്ടു.

വനിതാ കോർഡിനേറ്റർസ് ആയ സുനിത എബ്രഹാം, ദിവ്യ സാജൻ, സുജ കോശി, അനിത എന്നിവരുടെ നേതൃത്വം എടുത്തു പറയേണ്ട കാര്യമാണ്. രോഗി സന്ദർശനം, മറ്റു കമ്മ്യൂണിറ്റി മീറ്റിംഗ് തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുത്തു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്

സ്നേഹതീരം വനിതാ വിംഗിന്റെ നേതൃത്വത്തിൽ നടത്തിയ ക്രിസ്തുമസ് ഗാനങ്ങൾ

ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ലിസ ജോൺ, ദിവ്യ ബാബു, ലിൻസ് ജോൺ, സുനിത എബ്രഹാം, സുജാ കോശി, സൂസൻ വർഗീസ്, അനിത, ഗ്ലാഡ്സൺ മാത്യു, അനു കോശി,റെനി ജോസഫ്, എബ്രഹാം വർഗീസ്, ബിജു എബ്രഹാം, മനോജ് മാത്യു, അലക്സ് മാത്യു എന്നിവരുടെ ഗാനങ്ങൾ ഹൃദ്യവും ശ്രവണ സുന്ദരവുമായിരുന്നു. വാദ്യോപകരണത്തോട് ലിസ ജോൺ, ലിൻസ് ജോൺ , ദിവ്യ ബാബു എന്നിവർ ചേർന്ന് നടത്തിയ സംഗീത വിരുന്നു വളരെ ഹൃദ്യമായിരുന്നു.

പരുപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച വിവിധ കോർഡിനേറ്റേഴ്സുമാരായ രാജു ശങ്കരത്തിൽ, കൊച്ചുകോശി ഉമ്മൻ, സാജൻ തോമസ്, ബിജു എബ്രഹാം, സുജ കോശി, സുനിത എബ്രഹാം, ദിവ്യ സാജൻ, ഉമ്മൻ മത്തായി, അനിൽ ബാബു, ഗ്ലാഡ്സൺ മാത്യു, ജോർജ് തടത്തിൽ, ഉമ്മൻ പണിക്കർ, ബിനു ജേക്കബ് , മാത്യൂസ് ടി വർഗീസ്, കാരൾ ഗാനപരിശീലനത്തിന് നേതൃത്വം നൽകിയ സുജ കോശി, സുനിത എബ്രഹാം, ദിവ്യ സാജൻ, സുജ ഏബ്രഹാം, അനിത ജോസി തുടങ്ങിയവരുടെ സേവനങ്ങൾ പരിപാടിയുടെ വൻ വിജയത്തിന് മുഖ്യ പങ്കുവഹിച്ചു. ഫിലിപ്പ് സക്കറിയ, ഗോഡ്‌ലി തോമസ്, ദിനേഷ് ബേബി, അമൽ മാത്യു, ഷൈജു തമ്പി, എബ്രഹാം വർഗീസ്, സാബു കുഞ്ഞുകുഞ്ഞ്, ജിജു ജോർജ്, മാത്യു ജോർജ്, എബ്രഹാം കുര്യാക്കോസ്, ഷിബു മാത്യു എന്നിവരടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സേവനവും എടുത്തു പറയേണ്ടതായിട്ടുണ്ട്.

വന്നുചേർന്ന ഏവർക്കും ക്രിസ്തുമസ്സ് ഫാദർ ആകർഷകവും മാന്യവുമായ സമ്മാനപ്പൊതികൾ കൈമാറി, ഫാദറിനൊപ്പം നിർത്തി ഫോട്ടോയുമെടുപ്പിച്ച് സന്തോഷത്തോടെയാണ് മടക്കി അയച്ചത്. ഇങ്ങനെയൊരു നിമിഷം മറ്റെങ്ങും ഇതുവരെയും നടന്നിട്ടില്ല എന്ന് എല്ലാവരും ഏകസ്വരത്തിൽ അത്ഭുതത്തോടെ പറഞ്ഞു. എബ്രഹാം കുര്യാക്കോസ് ആയിരുന്നു ക്രിസ്തുമസ് ഫാദർ.

യഥേഷ്ടം എടുത്തു കഴിക്കുവാൻ 30ൽ പരം രുചികരമായ വ്യത്യസ്ത വിഭവങ്ങൾ അടങ്ങിയ വൻ ബുഫെയായിരുന്നു ഈ പരിപാടിയുടെ മറ്റൊരു ഹൈലൈറ്റ് . ഫുഡ് കോർഡിനേറ്റർ സാജൻ തോമസ്, ഉമ്മൻ മത്തായി എന്നിവരുടെ നേതൃത്വം, ഫുഡ് അറേൻജ്മെന്റസ്, കേക്ക് വൈൻ സെർവിങ് എന്നിവ മികച്ചതാക്കി.

സ്നേഹതീരത്തിന് എന്നും അഭിമാനിക്കാനുതകുന്ന മറ്റൊരു പൊൻതൂവലായി മാറിയ ഈ പ്രോഗ്രാമിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച ഏവർക്കും ട്രെഷറാർ കൊച്ചുകോശി ഉമ്മൻ നന്ദി പറഞ്ഞു. റിസപ്ഷൻ കമ്മിറ്റി കോർഡിനേറ്റഴ്സ് ആയ അനിൽ ബാബു, ഗ്ലാഡ്സൺ മാത്യു കൾച്ചറൽ കോർഡിനേറ്റഴ്സ് ആയ ബിജു എബ്രഹാം, ദിവ്യ സാജൻ, മീഡിയ കോർഡിനേറ്റർ ബിനു ജേക്കബ്, മാത്യൂസ് ടി വർഗീസ്, ട്രെഷറാർ കൊച്ചുകോശി ഉമ്മൻ, ജോർജ് തടത്തിൽ (അസിസ്റ്റന്റ് ട്രെഷറാർ) ഓഡിറ്റർ ഉമ്മൻ പണിക്കർ, കോർഡിനേറ്റർസ് രാജു ശങ്കരത്തിൽ,സുനിത എബ്രഹാം, സുജാ കോശി എന്നിവരുടെ ആത്മാർത്ഥമായ സേവനങ്ങൾ പരിപാടിയുടെ വിജയ ഘടകമായിരുന്നു

ഡ്രം സെറ്റ് ഉൾപ്പെടെയുള്ള വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി സാജൻ തോമസിന്റെ നേതൃത്വത്തിൽ എല്ലാവരും ചേർന്നുള്ള മനോഹരമായ ക്രിസ്മസ് കാരൾ ഗാനത്തോടുകൂടി സ്നേഹതീരം ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷപരിപാടികൾക്കു തിരശീല വീണു.

റിപ്പോർട്ട്: ഷിബു വർഗീസ് കൊച്ചുമഠം








EXIT


EXIT

















# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ പുതുവത്സര ആഘോഷം വർണാഭമായി




നാഷ്‌വിൽ: കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ)-ന്റെ നേതൃത്വത്തിൽ നോളൻസ്‌വിൽ ഹിസ്റ്റോറിക്കൽ സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന 'ജിംഗിൽ & മിംഗിൽ 2025': ക്രിസ്തുമസ് - പുതുവത്സര ആഘോഷം പങ്കെടുത്തവർക്ക് ഒരു പുത്തൻ അനുഭവം സമ്മാനിച്ചു. വിവിധ തീമുകൾ അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഷോ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ അവതരണം, മനോഹരമായി അലങ്കരിച്ച ഫോട്ടോ ബൂത്ത്, സ്വാദിഷ്ടമായ ഭക്ഷണം എന്നിവയെല്ലാം പങ്കെടുത്തവരുടെ പ്രശംസ പിടിച്ചു പറ്റി. നാഷ്‌വിൽ മാർത്തോമാ പള്ളിയിലെ കുട്ടികൾ അവതരിപ്പിച്ച മാർഗ്ഗം കളിയും, അലബാമയിൽ നിന്നുള്ള പ്രശസ്തനായ ഡിജെ കൃഷ് അവതരിപ്പിച്ച സംഗീതവിരുന്നും പരിപാടിക്ക് വളരെ മികവും നൽകി.

കാൻ ഭരണസമിതി ഒരുമിച്ചു കേക്ക് മുറിച്ചാണ് പുതു വർഷത്തെ വരവേറ്റത്. അതോടൊപ്പം കഴിഞ്ഞ വർഷം നടപ്പാക്കിയ പരിപാടികളും പുതിയ വർഷത്തിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖയും ഒരു വീഡിയോ രൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തു. വിനോദത്തോടൊപ്പം, സന്നദ്ധ സേവനം, സാഹിത്യം, സംസ്കാരം, കായികം എന്നിവക്കുള്ള ഊന്നൽ, അംഗങ്ങളുടെ കുട്ടികളുടെ വികസനം എന്നിവയെല്ലാം ചേർന്ന ഒരു സമഗ്ര രൂപരേഖയാണ് അവതരിപ്പിക്കപ്പെട്ടത്. 2025 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്ന കാൻ ക്രൂസിന്റെ ഔദ്യോഗികമായ ഉദ്ഘാടനവും തദവസരത്തിൽ നടന്നു.

കാൻ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ഫാഷൻ ഷോ - 'ഫാഷൻ ഫേബിൾ 2025' അവതരണം കൊണ്ടും പുതുമ കൊണ്ടും ഒട്ടേറെ മികവാർന്നതായിരുന്നു. രാജാ രവിവർമ്മ ഇൻസ്പിരേഷൻ, ഇൻഡോ വെസ്റ്റേൺ ഫാഷൻ, നോർത്ത് ഇന്ത്യൻ ബ്രൈഡൽ, കേരള കസവ്: കഥകളി തെയ്യത്തോടൊപ്പം, ഹെർ സ്റ്റോറി ഹെർ ഗ്ലോറി, ഇന്ത്യൻ റോയൽ ക്യാരക്ടർസ് എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെ അടിസ്ഥാനമാക്കി 52 കലാപ്രതിഭകൾ ചേർന്നൊരുക്കിയ വർണ്ണക്കാഴ്ചകളും, ഒരു കപ്പിൾ വാക്ക് റൗണ്ടും നിറഞ്ഞ ഈ ഫാഷൻ ഷോയിൽ ഡിജെയുടെ പശ്ചാത്തലസംഗീതവും ഡിജിറ്റൽ സ്ക്രീനിന്റെ മിഴിവും കൂടെ വന്നതോടെ പുതുവർഷം ആഘോഷിക്കാനെത്തിയവർക്ക് മികച്ച ഒരു ദൃശ്യാനുഭവം തന്നെയായി. വിമൻസ് ഫോറം ചെയർ സുമ ശിവപ്രസാദ് ഇതിനു നേതൃത്വം നൽകി.




പ്രസിഡന്റ് ശ്രീ. ഷിബു പിള്ള അദ്ധ്യക്ഷനായ പരിപാടിയിൽ വൈസ് പ്രസിഡന്റ് ശ്രീ. ശങ്കർ മന സ്വാഗതവും, ട്രഷറർ അനന്ത ലക്ഷ്മണൻ നന്ദിയും രേഖപ്പെടുത്തി. കൾച്ചറൽ കമ്മിറ്റി ചെയർ ശ്രീ. സന്ദീപ ് ബാലൻ, കോ-ചെയർ ദീപാഞ്ജലി നായർ എന്നിവർ കലാ പരിപാടികളുടെ നേ

തൃത്വം വഹിച്ചു. ഇവർക്ക് പുറമെ കാനിന്റെ മറ്റു ഭാരവാഹികളായ സുശീല സോമരാജൻ (ജനറൽ സെക്രട്ടറി), അനിൽ പത്യാരി (ജോയിന്റ് സെക്രട്ടറി), , ജിനു ഫിലിപ്പ് സൈമൺ (ജോ. ട്രഷറർ), സുജിത് പിള്ള (മെംബർഷിപ്പ് കമ്മിറ്റി ചെയർ), മനീഷ് രവികുമാർ (ഫുഡ് കമ്മിറ്റി ചെയർ), നിജിൽ ഉണ്ണിയാൻ പടേമ്മൽ (ഫുഡ് കമ്മിറ്റി വൈസ് ചെയർ), മനോജ് രാജൻ (ഔട്ട്റീച്ച് കമ്മിറ്റി ചെയർ), രാകേഷ് കൃഷ്ണൻ (മുൻ പ്രസിഡന്റ്) ,അഡ്വൈസറി കമ്മിറ്റി അംഗങ്ങളായ സാം ആന്റോ, ആദർശ് രവീന്ദ്രൻ, തോമസ് വർഗീസ് അനിൽകുമാർ ഗോപാലകൃഷ്ണൻ, ബിജു ജോസഫ്, അശോകൻ വട്ടക്കാട്ടിൽ, ബബ്ലൂ ചാക്കോ തുടങ്ങിയവരും പരിപാടിക്ക് നേതൃത്വം നൽകി.
















# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189



47


LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# നായർ ബനവലന്റ് അസ്സോസിയേഷൻ മകര സംക്രാന്തി ആഘോഷിച്ചു

ന്യൂയോർക്ക്: ന്യൂയോർക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എൻ ബി എയുടെ ഈ വർഷത്തെ മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ സമാപനം ഭക്തിനിർഭരമായ പൂജാവിധികൾ പ്രകാരം ജനുവരി 12 ഞായറാഴ്ച എൻ ബി എ സെന്ററിൽ നടന്നു. ഈ വർഷത്തെ പൂജാപരിപാടികളിൽ ന്യുയോർക്ക് അയ്യപ്പ സേവാ സംഘവും ആതിഥേയത്വം വഹിച്ചു.

എൻ ബി എ പ്രസിഡന്റ് ക്രിസ് തോപ്പിലിന്റെ നേതൃത്വത്തിൽ പ്രത്യേകം സജ്ജമാക്കിയ ശ്രീകോവിൽ എല്ലാ ഭക്തജനങ്ങളുടെയും ശ്രദ്ധ പിടിച്ചു പറ്റി. സുധാകരൻ പിള്ളയുടെ കരവിരുതാണ് അതിനു പിന്നിൽ പ്രവർത്തിച്ചത്. രണ്ടു മണിക്കൂർ നീണ്ടുനിന്ന ഭജനയ്ക്ക് ശേഷം പ്രത്യേക പൂജാരിയുടെ കാർമികത്വത്തിൽ പൂജാവിധികൾ ആരംഭിച്ചു. പൂജയിൽ പാരികർമിയായി മഹാദേവ ശർമ്മ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രിയ പത്നി ഹേമ, ഡോ. ഉണ്ണി തമ്പി, രാകേഷ് നായരുടെ കുടുംബവും സഹായിച്ചു.

കൊറോണയുടെ അതിപ്രസരത്തിൽ ആണ്ടുപോയ കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾക്കു ശേഷം എല്ലാവരും ഒത്തുചേർന്നപ്പോൾ ഉണ്ടായ സ്നേഹപ്രകടനങ്ങൾ ഈ സംഗമത്തിനു മാറ്റുകൂട്ടി. എല്ലാ ഹിന്ദു മതവിശ്വാസികളെയും പങ്കെടുപ്പിക്കാൻ കഴിഞ്ഞ ഒരു സംരംഭം എന്ന നിലയിലും ഈ സംരഭം ശ്രദ്ധിക്കപ്പെട്ടു.



പ്രഥമ വനിത വത്സാ കൃഷ്ണ ഭദ്രദീപം കൊളുത്തി ചടങ്ങുകൾ ആരംഭിച്ചു കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (KHNA) പ്രസിഡന്റ് ഡോ. നിഷാ പിള്ള, മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദുസ് (MANTRAH) ബോർഡ് ഓഫ് ട്രസ്റ്റീ ചെയർ അഡ്വ. വിനോദ് കെആർകെ, ട്രസ്റ്റീ മെമ്പർ ഡോ. മധു പിള്ള, എൻ ബി എയുടെ ആദ്യകാല പ്രവർത്തകരായ സി.എം. വിക്രം, ഉണ്ണികൃഷ്ണ മേനോൻ, ബാലകൃഷ്ണൻ നായർ, ഡോ. ചന്ദ്രമോഹൻ തുടങ്ങി പല മുതിർന്ന വ്യക്തികളും പങ്കെടുത്തു.



ശ്രീ നാരായണ അസോസിയേഷനെ പ്രതിനിധീകരിച്ച് സെക്രട്ടറി ബിജു ഗോപാലൻ സന്നിഹിതനായിരുന്നു. അയ്യപ്പ സേവാ സംഘം പ്രസിഡന്റ് ഗോപിനാഥ് കുറുപ്പ് എല്ലാ പൂജാ കർമ്മങ്ങൾക്കും നേതൃത്വം നൽകി. എൻ ബി എ സെക്രട്ടറി രഘുവരൻ നായർ, വൈസ് പ്രസിഡന്റ് ബാബു മേനോൻ, ട്രഷറർ രാധാമണി നായർ, പുരുഷോത്തമ പണിക്കർ, ട്രസ്റ്റീ മെമ്പർമാരായ വനജാ നായർ , ജി.കെ. നായർ എന്നിവരുടെയും നേതൃത്വം എടുത്തു പറയേണ്ടിയിരിക്കുന്നു. പടിപൂജ, ദീപാരാധന എന്നിവക്കു ശേഷം ഹരിവരാസനം ചൊല്ലി ചടങ്ങുകൾക്ക് സമാപനം കുറിച്ചു.

റിപ്പോർട്ട്: ജയപ്രകാശ് നായർ


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# കുണ്ഡലിനിയെ ഉണർത്തിയ ഗോപൻ സ്വാമിയുടെ ദുരൂഹ 'സമാധി'ക്ക് ഉത്തരമായില്ല



എ.എസ് ശ്രീകുമാർ

കഴിഞ്ഞ ഒരാഴ്ചയായി കേരളത്തിലെ മാധ്യമങ്ങളും പൊതുസമൂഹവും നെയ്യാറ്റിൻകരയിലെ ഗോപൻ സ്വാമിയുടെ സമാധിയുടെ പിന്നാലെയാണ്. അച്ഛൻ സമാധിയായെന്ന് പറഞ്ഞ് മക്കൾ പോസ്റ്റർ പതിക്കുകയും മൃതദേഹം അടക്കം ചെയ്ത് സ്മാരകം നിർമിക്കുകയും ചെയ്തതോടെയാണ് അതിയന്നൂർ കാവുവിളാകത്ത് ഗോപൻ സ്വാമിയുടേത് ദുരൂഹ 'സമാധി'യെന്ന് വിധിയെഴുതപ്പെട്ടത്. ഗോപൻ സ്വാമിയുടെ മരണത്തിൽ ദുരൂഹത ആരോപിച്ച് അയൽവാസികൾ രംഗത്ത് വന്നതോടെ കാര്യങ്ങൾ കുടുംബത്തിന്റെ കൈവിട്ടുപോയി. കല്ലറ പൊളിക്കാൻ ജില്ലാ കളക്ടറും പോലീസും സർവ സന്നാഹങ്ങളുമായെത്തിയപ്പോൾ വീട്ടിൽ നാടകീയ രംഗങ്ങളാണുണ്ടായത്.

എന്നാൽ ഗോപൻസ്വാമിയുടെ സമാധി പൊളിക്കരുതെന്ന കുടുംബത്തിന്റെ ഹർജി ഹൈക്കോടതി തള്ളുകയും കല്ലറ തുറന്ന് അന്വേഷണം നടത്താൻ പോലീസിന് അധികാരമുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തതോടെ വീടിന് മുന്നിൽ സമാധി ഇരുത്തിയെന്ന് മക്കളും ഭാര്യയും അവകാശപ്പെടുന്ന കല്ലറ പൊളിച്ച് മൃതദേഹം പുറത്തെടുത്തു. കല്ലറ പൊളിക്കുന്നതിന് സാക്ഷ്യം വഹിച്ച നെയ്യാറ്റിൻകര നഗരസഭയിലെ പുത്തനമ്പലം വാർഡ് കൗൺസിലർ പ്രസന്ന കുമാർ വിശദീകരിക്കുന്നത് ഇങ്ങനെ വിശദീകരിച്ചു...

''മൃതദേഹം ഇരിക്കുന്ന നിലയിലായിരുന്നു. കഴുത്തു വരെ ഭസ്മം കൊണ്ട് മൂടിയിരുന്നു. കർപ്പൂരത്തിന്റെ ഗന്ധവും ഉണ്ടായിരുന്നു. മുഖം വ്യക്തമായി മനസ്സിലായി. മുൻപരിചയമുള്ളതു കൊണ്ട് അത് ഗോപൻ സ്വാമിതന്നെയാണെന്ന് ഉറപ്പിക്കാനായി. ശരീരം കാര്യമായി അഴുകിയിരുന്നില്ല. ദേഹം ചുവന്ന പട്ട് തുണികൊണ്ട് പൊതിഞ്ഞ നിലയിലായിരുന്നു...'' പുറത്തെടുത്ത മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം ചെയ്ത ശേഷം വീട്ടുകാർക്ക് വിട്ടുകൊടുക്കുകയായിരുന്നു. നാമജപഘോഷയാത്രയോടെ വീട്ടിലെത്തിച്ച മൃതദേഹം അതേ സ്ഥലത്ത് തയ്യാറാക്കിയ കല്ലറയിൽ ആചാരപരമായി സംസ്കരിക്കുകയും ചെയ്തു. വീട്ടുകാരുടെ ഭാഷ്യത്തിൽ സമാധിയിരുത്തിയെന്ന് പറയാം.

അതേസമയം ഗോപൻ സ്വാമിയുടെ ദുരൂഹ മരണം സംബന്ധിച്ച് പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ആദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ ചോദ്യം ചെയ്യും. ഗോപൻ സ്വാമിയുടെ അയൽവാസികളുടെയും അടുത്തറിയാവുന്നവരുടെയും മൊഴിയെടുക്കുകയും ചെയ്യും. പോസ്റ്റ് മോർട്ടത്തിൽ അസ്വാഭിക മരണത്തിന്റെ സാധ്യതയൊന്നും കണ്ടെത്താനായില്ല. എന്നാൽ തലയിൽ കരുവാളിച്ച പാടുകൾ കണ്ടു. ഭസ്മം ശ്വാസകോശത്തിൽ ചെന്നാണേ മരണം സംഭവിച്ചതെന്ന് കണ്ടെത്തും. ഏതെങ്കിലും തരത്തിലുള്ള വിഷം ഉള്ളിൽച്ചെന്നാണോ മരണം സംഭവിച്ചതെന്നും അറിയേണ്ടതുണ്ട്. ഇത് ആന്തരിക അവയവ പരിശോധനയിലൂടെ മാത്രമേ വ്യക്തമാവൂ. ആന്തരികാവയവങ്ങൾ രാസപരിശോധനയ്ക്ക് ഫോറൻസിക് ലോബിലേയ്ക്ക് അയച്ചിട്ടുണ്ട്. ഫലം കിട്ടാൻ ഒരാഴ്ച സമയമെടുക്കും.

ഗോപൻ സ്വാമിയുടെ മരണം അല്ലെങ്കിൽ മക്കൾ പറയുന്നതുപോലെ സമാധി, സമാനകതളില്ലാത്ത വലിയ വിവാദ കോലാഹലങ്ങളാണുണ്ടാക്കിയത്. ഗോപൻ സ്വാമി മരിച്ചതല്ല സമാധിയായതാണെന്നാണ് മക്കളും ഭാര്യയും മരുമകളും പലവട്ടം ആവർച്ചത്. സമാധി പൊളിക്കണം എന്ന് പറയുന്നത് മുസ്ലീം തീവ്രവാദികളാണ് എന്ന് ഗോപൻസ്വാമിയുടെ മകൻ സനന്ദൻ ആരോപിക്കുകയുണ്ടായി. സനന്ദന്റെ വാക്കുകൾ ഇങ്ങനെ...
''ഒൻപതാം തീയതി രാവിലെ 10 മണിക്കാണ് അച്ഛൻ ഋഷിപീഠത്തിൽ ധ്യാനത്തിനിരിക്കുന്നത്. ധ്യാനത്തിലിരുന്നാണ് സമാധിയായത്. സമാധി പൂർത്തിയായത് 11 മണിക്കാണ്. മരിച്ചതല്ല, സമാധിയായതാണ്...''

നെയ്ത്തു ജോലിയും ബി.എം.എസ്, എ.ഐ.ടി.യു.സി യൂണിയനുകളിൽ ചുമട്ട് തൊഴിലുമൊക്കെ ചെയ്തുപോന്നിരുന്ന



മണിയൻ ആണ് പിന്നീട് 'ഗോപൻ സ്വാമി' ആയി മാറിയത്. ഇടയ്ക്ക് ചില അടിപിടിക്കേസുകളിൽപ്പെട്ട് ജയിലിൽ കിടന്നിട്ടുണ്ടെന്ന് 35 വർഷത്തിലധികമായി ഗോപൻസാമിയെ അടുത്തറിയുന്ന അയൽവാസിയായ യേശുദാസ് പറയുന്നു. യൂണിയൻ ജോലി ഉപേക്ഷിച്ച മണിയൻ പിന്നെ ആത്മീയതയുടെ വഴിയിലേക്ക് മാറി. ഇതോടെയാണ് ഗോപൻ സ്വാമിയെന്ന പേര് സ്വീകരിച്ചത്. വീടിനോടു ചേർന്ന് കൈലാസനാഥൻ മഹാദേവർ ക്ഷേത്രം നിർമിച്ച് പൂജകൾ ചെയ്തു വരികയായിരുന്നു. അർത്ഥരാത്രിയിൽ ഗോപൻ സ്വാമിയുടെ മകൻ ഇവിടെ ആഭിചാരകർമ്മങ്ങടക്കം നടത്താറുണ്ടായിരുന്നുവെന്നാണ് നാട്ടുകാരുടെ ആക്ഷേപം.

കടുത്ത പ്രഷറും ഷുഗറും കാരണം ഗോപൻസ്വാമി പാറശ്ശാലയിലെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ തേടിയരുന്നു. ഏതാനും മാസങ്ങളായി പുറത്തിറങ്ങാനാവാതെ കിടപ്പിലുമായിരുന്നു. കഴിഞ്ഞ ചൊവ്വാഴ്ച രാവിലെ പത്തരയോടെയാണ് ഗോപൻ സ്വാമി മരിക്കുന്നത്. അച്ഛൻ നടന്നാണ് സമാധി പീഠത്തിലിരുന്നതെന്നും തന്നെ നെറുകയിൽ കൈവെച്ച് അനുഗ്രഹിച്ചിരുന്നെന്നും ക്ഷേത്രത്തിലെ പൂജാരിയായ മകൻ രാജശേഖരൻ പറഞ്ഞു. സമാധിയിരിക്കാനായി അഞ്ചുവർഷം മുൻപാണ് ഗോപൻസ്വാമി പദ്മപീഠം നിർമിച്ചതത്രേ. രോഗത്തെ തുടർന്ന് അവശനായ ഗോപൻ സ്വാമി വർഷങ്ങളായി ക്ഷേത്രാചാര ചടങ്ങുകളിൽ പങ്കെടുക്കാറുണ്ടായിരുന്നില്ല. ഇദ്ദേഹത്തെ അയൽവാസികൾ പോലും കണ്ടിട്ട് ഏറെ നാളായെന്ന് പൊലീസിന് ലഭിച്ച മൊഴികൾ.

ഈ സാഹചര്യത്തിൽ വീട്ടിൽ നിന്നും 200 മീറ്റർ അധികം ദൂരം വരുന്ന സമാധി സ്ഥലത്തേക്ക് സമാധിക്കായി അച്ഛൻ നടന്ന് വരികയായിരുന്നു എന്ന് പറയുന്ന മക്കളുടെ മൊഴി അവിശ്വസനീയമാണ്. താനിനി മൂന്ന് ദിവസം കൂടിയേ ഇവിടെ ഉണ്ടാകൂ എന്നും സമാധിയാവാൻ പോവുകയാണെന്നും ഗോപൻസ്വാമി അമ്മയോട് വെളിപ്പെടുത്തിയെന്ന് മകൻ രാജശേഖരൻ പറഞ്ഞു. അച്ഛൻ ഇരുന്ന ഉടനെ അല്ല സമാധിയായത് കുണ്ഡലിനിയെ ഉണർത്തി, ധ്യാനത്തിലൂടെയാണന്ന മകൻ വ്യക്തമാക്കിയതോടെ കുണ്ഡലിനി സംബന്ധിച്ച ചർച്ചകലും സജീവമായി.

കുണ്ഡലിനിയെപ്പറ്റിയുള്ള വിശദീകരണം ഇങ്ങനെ: യോഗാസനപ്രകാരം ഏതൊരു വ്യക്തിയിലുമുള്ള ശക്തിയാണ് കുണ്ഡലിനി. സാധാരണ വ്യക്തികളിൽ മൂലാധാരത്തിൽ അതായത് നട്ടെല്ലിന്റെ കീഴറ്റത്തുള്ള കോൺ ആകൃതിയിലുള്ള അസ്ഥിക്കുള്ളിൽ കുണ്ഡല രൂപത്തിൽ (ചുരുൾ) സുഷുപ്തിയിലിരിക്കുന്ന സർപ്പിണിയായാണ് കുണ്ഡലിനിയെ സങ്കൽപ്പിക്കുന്നത്. യോഗികളുടെ സാധനകൾ പ്രത്യേക ഘട്ടത്തിൽ എത്തിക്കഴിഞ്ഞാൽ പ്രപഞ്ചത്തിലുള്ള ഊർജ്ജം ശരീരമാകെ പ്രവഹിക്കുന്നതായി തോന്നുന്നതിനു കാരണം കുണ്ഡലിനിയാണ്. സാധന പ്രകാരം കുണ്ഡലിനി ചുരുൾ നിവർത്തി സുഷുമ്നാ നാഡി വഴി പ്രവേശിക്കുന്നു.

മൂലാധാരത്തിൽ ആരംഭിച്ച് സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ എന്നിങ്ങനെ ആറാധാരങ്ങളിലൂടെയാണ് കുണ്ഡലിനിയുടെ യാത്ര. കുണ്ഡലിനിയുടെ യാത്രയിൽ യോഗികൾക്ക് യോഗാനന്ദം ലഭിക്കുന്നു. കുണ്ഡലിനി ഓരോ ഘട്ടം കഴിയുമ്പോഴും യോഗിക്ക് ദേവതമാർ നൽകുന്ന സിദ്ധികളും പഞ്ചേന്ദ്രിയങ്ങളിലൂടെ നൽകുന്ന ആനന്ദവും യോഗയെ ആദ്യമായി ലോകത്തിനു മുന്നിൽ അവതരിപ്പിച്ച പതഞ്ജലി മഹർഷി വിശദീകരിച്ചിട്ടുണ്ട്. സാധാരണക്കാരെ സംബന്ധിച്ച് ഈ അനുഭവങ്ങൾ മിഥ്യയോ വിഭ്രാന്തിയോ ആണെങ്കിലും സാധകനെ അല്ലെങ്കിൽ സന്യാസിയെ സംബന്ധിച്ച് ഇവയും മറ്റേതൊരു കാര്യങ്ങൾ പോലെയും അനുഭവവേദ്യമാണത്രേ.

അതിയന്നൂർ കാവുവിളാകത്ത് ഗോപൻ സ്വാമി ഇങ്ങനെ കുണ്ഡലിനിയെ ഉണർത്തി ശ്വാസം ശിരസിലെത്തിച്ച് ബ്രഹ്മത്തിൽ വിലയം പ്രാപിച്ചുവെന്നാണ് അദ്ദേഹത്തിന്റെ മക്കളും ഭാര്യയും ഉറച്ചുവിശ്വസിക്കുന്നത്.

എന്നാൽ ഇതിന്റെ ശാസ്ത്രീയ അടിത്തറയെപ്പറ്റി വിചിന്തനം ചെയ്യപ്പെടേണ്ടതുണ്ട്. ഇന്ത്യയുടെ കന്നി ബഹിരാകാശ ഡോക്കിംഗ് പരീക്ഷണം വിജയത്തിലെത്തിച്ച ഐ.എസ്.ആർ.ഒയെ ഈ സുവർണ നേട്ടത്തിൽ ലോകം അഭിനന്ദിക്കുകയാണ്. ഡോക്കിംഗ് സാങ്കേതികവിദ്യ സ്വന്തമാക്കുന്ന നാലാമത്തെ മാത്രം രാജ്യം എന്ന നേട്ടത്തിലെത്തിയ ഐ.എസ്.ആർ.ഒ, വരാനിരിക്കുന്ന ഇന്ത്യയുടെ സ്വപ്ന ബഹിരാകാശ പദ്ധതികളിലേക്കുള്ള സുപ്രധാന ചുവടുവെപ്പ് പിന്നിട്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഗോപൻ സ്വാമിയുടെ കാര്യത്തിലെന്ന പോലെ അന്ധവിശ്വാസങ്ങളിലും അന്ധാചാരങ്ങളിലും ഒരു വിഭാഗം ജനങ്ങൾ അഭിരമിക്കുന്നത്.

ഒരിക്കൽ ജാതിവിവേചനത്തിലധിഷ്ഠിതമായ അയിത്തയും അന്ധാചാരങ്ങളും കണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത്. ആൾദൈവങ്ങൾ ഒരുപാടുള്ള കേരളത്തിൽ കൂടോത്രവും ബാധയൊഴിപ്പിക്കലും യഥേഷ്ടം നടക്കുന്നുണ്ട്. യുക്തിസഹമല്ലാത്ത വിശ്വാസങ്ങളും അവയെച്ചൊല്ലിയുള്ള ആചാരങ്ങളും ഒട്ടും കുറവല്ലതാനും. ശാസ്ത്രീയമായ അറിവു വികസിക്കുന്നതോടെ അന്ധവിശ്വാസങ്ങൾക്കും കരുത്തേറുന്നുവെന്നതാമ് യാഥാർത്ഥ്യം. മനുഷ്യൻ ഇന്ന് ക്വാണ്ടം കമ്പ്യൂട്ടിങ്ങും യെല്ലോ ചിപ്പുമായൊക്കെ പ്രപഞ്ചം കീഴടക്കുന്ന സന്ദർഭത്തിലാണ് ഗോപൻ സ്വാമിയുടെ 'സമാധി'യും അതേറ്റുപിടിക്കുന്ന ചില മതാതിഷ്ഠിത സംഘടനകളും തൽപര കക്ഷികളും കേരളത്തെ വീണ്ടും ഭ്രാന്താലയമെന്ന് വിളിപ്പിക്കുന്നതിനായി ഒരു രണ്ടാം വിവേകാനന്ദനെ ക്ഷണിച്ചുവരുത്താൻ പശ്ചാത്തലമൊരുക്കുന്നത്.




CELEBRATING 30 Yrs. Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Health Insurance
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Charitable Planning Strategies
Home Owner's Insurance*
Auto Insurance*
Estate Conservation


MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# വെറുമൊരു സമാധി.... മഹാസമാധിയാക്കി






(രാജു മൈലപ്രാ)

തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ ഒരു സാധാരണ ചുമട്ടു തൊഴിലാളി ആയിരുന്ന മണിയൻ എന്ന് വിളിപ്പേരുള്ള ഗോപൻ, എന്തോ ഉൾപ്രേരണയിൽ ഒന്ന് ഉറക്കമുണർന്ന് എഴുന്നേറ്റപ്പോൾ ഗോപൻ സ്വാമി എന്ന നാമധേയം സ്വീകരിച്ച്, സ്വയം ഒരു ദൈവീക പരിവേഷം നൽകുന്നു.

ആർക്കും ഒരു ദ്രോഹവും ചെയ്യാതെ, പൂജാദി കർമ്മങ്ങളൊക്കെ നടത്തി, തന്റെ ഭാര്യയുടേയും സന്താനങ്ങളുടേയും സപ്പോർട്ടോടു കൂടി കാലം കഴിച്ചു കൂട്ടുന്നു.

താൻ ഒരിക്കലും മരിക്കുകയില്ല, പകരം സമാധിയടയുവാനാണു പോകുന്നതെന്ന് അദ്ദേഹം മുൻകൂട്ടി തന്നെ തന്റെ ഭാര്യയേയും, മക്കളേയും മറ്റു ചില അടുത്ത പരിചയക്കാരേയും അറിയിച്ചിരുന്നു. അതിനുള്ള മുന്നൊരുക്കങ്ങളും നടത്തിയിരുന്നു.

സമാധി അടയുവാനുള്ള സമയം അടുത്തപ്പോൾ അദ്ദേഹം സീമന്തപുത്രനെ അരികിൽ വിളിച്ചിട്ടു പറഞ്ഞു.

വത്സാ! എനിക്കു സമാധി സ്വീകരിക്കുവാനുള്ള സമയമായി. ഈ ബ്രഹ്മമൂർത്തം തെറ്റിക്കുവാൻ പാടില്ല. മറ്റാരും ഈ കർമ്മം ദർശിക്കുവാൻ അനുവദിക്കരുത്. അങ്ങിനെ സംഭവിച്ചാൽ സമാധി അശുദ്ധമാകും, ഈശ്വര കോപം ഉണ്ടാകും. ഭസ്മം, കർപ്പൂരം, മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവ കൊണ്ടുവേണം എന്റെ ഭൗതീക ശരീരം മറവു ചെയ്യുവാൻ.

അങ്ങിനെ ആ ദിവസം സമാഗതമായി. ഗോപൻ സ്വാമി അതിരാവിലെ ഉണർന്നു. പതിവുപോലെ സ്നാനം കഴിഞ്ഞിട്ട്, പൂജാദി കർമ്മങ്ങളൊക്കെ നടത്തി. പിന്നീടു പ്രിയതമ സ്നേഹം കലർത്തി വിളമ്പി കൊടുത്ത കഞ്ഞി കുടിച്ചു.

അതിനു ശേഷം, രക്തസമ്മർദ്ദത്തിനും, ഡയബറ്റീസിനും മറ്റുമുള്ള മരുന്നുകൾ കഴിച്ചു.

ബ്രഹ്മമുഹൂർത്തത്തിൽ, ചിന്നസ്വാമിയായ മൂത്ത മകനേയും കൂട്ടി അവിടെ സജ്ജീകരിച്ചിരുന്ന പീഠത്തിൽ പത്മാസനത്തിൽ ഉപവിഷ്ഠനായി. ധ്യാനനിമഗ്നനായി, മകന്റെ മന്ത്രോച്ചരണങ്ങൾ ശ്രവിച്ചുകൊണ്ടു ഗോപാൻ സ്വാമി സമാധാനത്തോടെ സമാധി വരിച്ചു.

മുൻകൂട്ടി തയ്യാറാക്കി വെച്ചിരുന്ന 'ആചാര്യ ഗുരു ബ്രഹ്മശ്രീ ഗോപൻ സ്വാമി സമാധിയായി' എന്ന പോസ്റ്റർ പ്രദർശിപ്പിച്ചു, സമാധി വാർത്ത വിളംബരം ചെയ്തു.

വലിയ കോലാഹലമൊന്നുമില്ലാതെ ആദ്യദിനം കടന്നു പോയി. പിന്നീടാണ് ജനവികാരം ആളികത്തിയത്-അല്ലെങ്കിൽ ആരോ കത്തിച്ചത്.

'ചുമട്ടുകാരൻ എങ്ങിനെ സ്വാമിയായി? ഇയാൾക്കു വല്ല വിവരമോ വിദ്യാഭ്യാസവുമുണ്ടോ? ആരോടു ചോദിച്ചിട്ടാണു ഇവനെ പീഠത്തിലിരുത്തി കർപ്പൂരം ഇട്ടു മൂടണമെന്ന്? തള്ളയും മക്കളും കൂടി തല്ലിക്കൊന്ന ഇയാൾ സമാധിയായി എന്നു പറയുന്നത് എന്തിനാണ്?' -അങ്ങിനെ അനേകം ചോദ്യശരങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു.

ചത്തു, മരിച്ചു, ചരിഞ്ഞു, നാടുനീങ്ങി, നിര്യാതനായി, ദിവംഗതനായി, സമാധിയായി, കാലം ചെയ്തു-തുടങ്ങിയ ഏതു പദമുപയോഗിച്ച് മരണത്തെ അടയാളപ്പെടുത്തിയാലും, ഒരാളുടെ കാറ്റു പോയാൽ, അയാൾ വടിയായി എന്നാണതിന്റെ പച്ചമലയാളം.

ഗോപൻ സ്വാമിയെ മാത്രമല്ലല്ലോ പീഠത്തിലിരുത്തി സുഗന്ധദ്രവ്യങ്ങൾ കൊണ്ടു മൂടുന്നത്? ചില മഹാപുരോഹിതന്മാരെ, മരണശേഷം കൈയ്യും കാലും തല്ലിയൊടിച്ചു, ഒടിച്ചു മടക്കി സിംഹാസനത്തിലിരുത്തി കുന്തിരിക്കമിട്ടു മൂടിയല്ലേ സംസ്കരിക്കുന്നത്? ഇതൊന്നും ആരും ഇതുവരെ ചോദ്യം ചെയ്തിട്ടില്ലല്ലോ!

അക്ഷരാഭ്യാസമില്ലാത്ത പലരും ഇവിടെ ആൾദൈവങ്ങളായി വിലസുന്നുണ്ടല്ലോ! സകലമാന കൊള്ളരുതായ്മകളും കാണിച്ചിട്ട്, ഒരു സുപ്രഭാതത്തിൽ, ദൈവം രോഗശാന്തി വരം നൽകിയെന്ന് അവകാശപ്പെട്ട്, ഒരു യൂട്യൂബ് ചാനൽ തുടങ്ങി മറുഭാഷയും പറഞ്ഞ് പാവങ്ങളെ പറ്റിച്ചു ജീവിക്കുന്ന എത്രയോ ദൈവദാസന്മാർ ഇവിടെ വിളവെടുക്കുന്നു!

ഏതായാലും ചാനലുകാരും, പോലീസും, സർക്കാരുമെല്ലാം ഉണർന്നു പ്രവർത്തിച്ച്, സമാധി പൊളിച്ചു. സംശയിച്ചതു പോലെയുള്ള അസ്വഭാവികതയൊന്നും ആ മരണത്തിനുണ്ടായിരുന്നില്ല.

ഏതായാലും കുടുംബക്കാരും കൂട്ടരും ബംബരടിച്ചെന്നു വേണം അനുമാനിക്കാൻ-സമാധി ഇപ്പോൾ മഹാസമാധിയായി.


ഋഷി പീഠത്തിലിരുത്തി, ചന്ദനതൈലം പൂശിയാണ് ഇനി ആ സന്യാസിവര്യന്റെ ശരീരം മറവു ചെയ്യുന്നത്.

ഇനി അവിടെ ഒരു സ്മാരക മണ്ഡപം!

പിന്നാലെ ഒരു ക്ഷേത്രം

തീർത്ഥാടന കേന്ദ്രം

നെയ്യാറ്റിൻകരയിൽ മാത്രം അറിയപ്പെട്ടിരുന്ന ഗോപൻസ്വാമി ആഗോളതലത്തിൽ അറിയപ്പെടുന്ന ആചാര്യഗുരു ബ്രഹ്മശ്രീ ഗോപൻ പെരിയ സ്വാമിയായി പുനരവധരിച്ചു. ഭഗവാന്റെ ഓരോ ലീലാവിലാസങ്ങളേ!


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event


The First
'OTT' Platform
MediaAppUSA
Developed by
Malayalees from NA
MediaAppUSA
Originates From
North
America
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com




# ഒബാമ യുഗം അവസാനിക്കുന്നു

സാം നിലംപള്ളിൽ
samnilampallil@gmail.com

ലേഖനം

സാം നിലംപള്ളിൽ.
samnilampallil@gmail.com

എട്ടുവർഷം മുൻസീറ്റിലിരുന്നും കഴിഞ്ഞ നാലുവർഷം പിൻസീറ്റിലിരുന്നും അമേരിക്കയെ ഭരിച്ച ഒബാമ ഒരിക്കൽകൂടി തന്റെഭരണം കമല ഹാരീസനെ മുൻനിറുത്തി ആവർത്തിക്കാമെന്ന അതിമോഹമാണ് ഡൊണാൾഡ് ട്രംപിന്റെ വിജയത്തോടുകൂടി പൊലിഞ്ഞത്. ഒരു പകുതി മുസ്ളീമായ ഒബാമ എങ്ങനെ അമേരിക്കൻ പ്രസിഡണ്ടായെന്ന് അത്ഭുതപെടുന്നവരുണ്ടാകാം. അതിന് അദ്ദേഹം കടപ്പെട്ടിരിക്കുന്നത് തന്റെ മുൻ പ്രസിഡണ്ടായ ജോർജ്ജ് ബുഷിനോടാണ്. അനാവശ്യ യുദ്ധങ്ങൾ നടത്തി രാജ്യത്തിന്റെ പണവും പതിനായിരത്തിൽപരം യുവജനങ്ങളുടെ ജീവനും നഷ്ടപ്പെടുത്തിയ ബുഷിനോടും അദ്ദേഹത്തിന്റെ പാർട്ടിയോടുമുള്ള വിരോധമാണ് ഒബാമക്ക് വോട്ടുചെയ്യൻ ജനങ്ങളെ പ്രേരിപ്പിച്ചത്. ഇത്രയധികം യുവാക്കളെ കുരുതികൊടുത്തിട്ട് ബുഷ് എന്തുനേടിയെന്ന ചോദ്യം അവശേഷിക്കുന്നു. സദാം ഹുസൈനെ കൊലപ്പെടുത്തി ഇറാന്റെ ശത്രുവിനെ ഇല്ലാതാക്കി. സദാമിന്റെ ഭരണം നിലനിന്നിരുന്നെങ്കിൽ ഇറാൻ ഇന്നത്തെ രീതിയിൽ ഇസ്രായേലിനും ലോകത്തിനും ഭീഷണിയാകില്ലായിരുന്നു. ബുഷിന്റെ ദുർഭരണം ഒബാമയും ഇറാനും നേട്ടമാക്കി.

ഇറാക്ക് യുദ്ധം അവസാനിപ്പിക്കുമെന്നും പട്ടാളക്കാരെ തിരകെ കൊണ്ടുവരുമെന്നും ഗീർവാണം മുഴക്കി ഒബാമ വൈറ്റഹൗസിലേക്കുള്ള വഴി സുഗമമായി. ജനങ്ങൾക്ക് ഒബാമയെ തെരഞ്ഞെടുക്കയല്ലാതെ മറ്റൊരു ഓപ്ഷനുമില്ലായിരുന്നു.രണ്ടാംപ്രാവശ്യവും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഒബാമക്ക് അമേരിക്കയും ലോകവും തന്റെ കാൽക്കീഴിലാണെന്ന തോന്നലുണ്ടായതിൽ അത്ഭുപ്പെടേണ്ടതില്ല.

സാധാരണയായി മുൻപ്രസിഡണ്ടുമാർ പിന്നീടുള്ള ഇലക്ഷനിൽ സജ്ജീവമായി പങ്കെടുക്കാറില്ല. അവർ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുമെല്ലാതെ ഇക്കഴിഞ്ഞ ഇലക്ഷനിൽ ഒബാമ സ്റ്റേജുതോറും കയറിയിറങ്ങി കമലക്കുവേണ്ടി പ്രചാരണം നടത്തിയതുപോലെ ചെയ്യാറില്ല. അതിൽനിന്നുതന്നെ കമല വിജയിക്കണമെന്ന് അദ്ദേഹം എത്രത്തോളം ആഗ്രഹിച്ചിരുന്നെന്ന് ഊഹിക്കാവുന്നതേയുള്ളു. കാലിഫോർണിയയിലെ ഒരു ആറ്റോർണി ആയിരുന്ന അവരെ ഉയർത്തിക്കൊണ്ടുവന്ന് സെനറ്ററും പിന്നീട് ബൈഡന്റെ വൈസ് പ്രസിഡണ്ടാക്കിയതും ഒബാമതന്നെ. കഴിവുകെട്ടവൾ ആണെന്ന് അറിയാവുന്നതുകൊണ്ടാണ് അവരെ മുന്നിൽനിറുത്തി പിൻസീറ്റിലിരുന്ന് ഭരിക്കാമെന്ന് അദ്ദേഹം വിചാരിച്ചത്. അമേരിക്കക്കാരുടെ ഭാഗ്യത്തിന് അത് നടക്കാതെ പോയി.

നമ്മളിപ്പോൾ സാധാരണയായി കേട്ടുകൊണ്ടിരിക്കുന്ന അമരിക്കൻ ഡീപ്സേറ്റേറ്റിന്റെ ഭാഗമാണ് ഒബാമയും കമലയും. ഇവരെകൂടാതെ ജോർജ്ജ് സോറസ്സും ബിൽ ക്ളിന്റണും പിന്നെ അനേകം ഡെമോക്രറ്റുകളുമുണ്ട് ഈ മാഫിയാസംഘത്തിൽ. ഇക്കഴിഞ്ഞ ഇൻഡ്യൻ പാർലമെന്റ് ഇലക്ഷനിൽ ഇവർ പരസ്യമായിതന്നെ രംഗത്തിറങ്ങി പ്രവർത്തിച്ചിരുന്നു. മോദിയെ താഴെയിറക്കാൻ ഒരുമില്യൺ ഡോളർ താൻ ചിലവാക്കുമെന്ന് സോറസ്സ് പ്രസംഗിച്ചത് നമ്മൾ കേട്ടതാണ്. സോറസ്സിന്റെ പണം പാഴായിപ്പോയത് മോദിയുടെയും ബി ജെ പിയുടെയും നയതന്ത്രജ്ഞതകൊണ്ടാണ്. ഇൻഡ്യയിലെ പലപത്രങ്ങൾക്കും മാപ്രകൾക്കും സോറസ്സിന്റെ പണം പ്രയോജനപ്പെട്ടു. ഇന്ഡ്യയിൽ ചിലവാകാതെപോയ കളിയാണ് ബംഗ്ളാദേശിൽ അവർ വിജയകരമാക്കിയത്.

അമേരിക്കയിലെ പ്രധാനപത്രങ്ങളായ ന്യുയോർക്ക് ടൈംസ്, വാഷിങ്ങ്ടൺ പോസ്റ്റ്, ലോസേഞ്ചൽ ടൈംസ് എല്ലാംതന്നെ ഡെമോക്രാറ്റുകളെ പൻതാങ്ങുന്നവയാണ്. ഇലക്ഷനുമുൻപ് കമലക്ക് ട്രംപിനേക്കാൾ അഞ്ചും ആറും പോയിന്റ് ലീഡുനൽകിയതും ഈ പത്രങ്ങളാണ്. ഇവരൊക്കെ പറയുന്നതുതന്നെയാണ് കേരളത്തിലെ പത്രങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇലക്ക്ഷൻ റിസൽട്ടുവന്നതിന്റെ അടുത്ത ദിവസം ന്യുയോർക്ക് ടൈംസിന്റെ ഒന്നാം പേജിൽ ട്രംപിന്റെ ദൂഷ്യങ്ങളുടെ ഒരുപട്ടികയാണ് നിരത്തിയത്. ഒരു സ്വേഛാധിപതി വിജയിച്ചതിൽ പ്രതിക്ഷേധിച്ച് അമേരിക്കക്കാർ നാടുവിടുന്നെന്ന് ഈപത്രം എഴുതി.. ഹോളിവുഡിലെ കമലയുടെ ആരാധകനായ ഏതോഒരു നടൻ പറഞ്ഞതാണ് മൊത്തം അമേരിക്കക്കാരുടെ അഭിപ്രായമാക്കി ടൈംസ് എഴുതിയത്. ഇനി അടുത്ത നാലു

**ഇൻഡ്യൻ ഇലക്ഷനിൽ അട്ടിമറിനടത്തി മോദിയെ പരാജയപ്പെടുത്താൻ ഒരുമില്ല്യൺ ഡോളർ മറ്റിവച്ചിട്ടുണ്ടന്ന് പരസ്യമായി പ്രസ്താവിച്ച മഹാനാണ് ജോർജ്ജ് സോറസ്സ്. അതിൽ പരാജയപ്പെട്ടപ്പോൾ ബംഗ്ളാദേശിൽ കലാപംനടത്തി ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിച്ചു. ഇതുപോലെ അവർക്കിഷടമില്ലാത്ത ആഫ്രിക്കയിലെയും ഏഷ്യയിലെയും ഗവണ്മന്റുകളെ മറിച്ചിടാൻ ഏതറ്റംവരെയും പോകാൻ മടിയില്ലാത്ത ദുഷ്ടശക്തികളാണ് ഇവർ. കമലയെ മുന്നിൽനിറുത്തി ഒരിക്കൽകൂടി അമേരിക്കയെയും ലോകത്തെതന്നെയും ഭരിക്കാമെന്ന ഒബാമയുടെയും കൂട്ടരുടെയും മോഹമാണ് ഭാഗ്യവശാൽ നടക്കാതെപോയത്.**

വർഷക്കാലം ഈ പത്രങ്ങൾ ട്രംപിനെതിരെ ആക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ടേയിരിക്കും. മലായളത്തിലെ മ പത്രങ്ങൾ അത് കോപ്പിയടിച്ചുകൊണ്ടുമിരിക്കും.

ഇൻഡ്യയിലെ കോൺഗ്രസ്സ് പാർട്ടിയും അമേരിക്കയിലെ ഡെമോക്രാറ്റുകളും തമ്മിൽ വളരെയേറെ സാമ്യങ്ങളുണ്ട്. രണ്ടുകൂട്ടരും കാലഹരണപ്പെട്ട സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരാണ്. മുസ്ളീം പ്രീണനം ഇവരുടെ പ്രധാനപ്പെട്ട അജണ്ടയാണ്. രാജ്യം നശിച്ചാലുംവേണ്ടില്ല അനധികൃത കുടിയേറ്റം പ്രോത്സാഹിപ്പിച്ച് അവരെ തങ്ങളുടെ വോട്ടുബാങ്കാക്കി അധികാരം നിലനിറുത്തണമെന്ന ഇടുങ്ങിയ ചിന്തയുള്ളവരാണ്.

എന്തുകൊണ്ടാണന്ന് അറിയില്ല ലീഗലായി അമേരിക്കയിൽ എത്തപ്പെട്ടിട്ടുള്ള മലയാളികളിൽ ഭൂരിഭാഗംപേരും ഡെമോക്രാറ്റിക്ക് പാർട്ടിയുടെ അനുഭാവികളായത്. അവരിൽ 80 ശതമാനംപേരും കഴിഞ്ഞ ഇലഷ്ക്ഷനിൽ കമലക്കാണ് വോട്ടുചെയ്തത്. ഒരുപക്ഷേ, അവർ അറിഞ്ഞോ അറിയാതയോ മനസിൽ ഉറങ്ങിക്കിടക്കുന്ന സോഷ്യലിറ്റ് മനോഭാവം കാരണമാകാം. എല്ലാ ഇൻഡ്യാക്കാരും അങ്ങനെയാകണമെന്നില്ല. കഴിഞ്ഞ ഇലക്ഷനുമുമ്പ് ഒരു അമേരിക്കൻ റിപ്പോർട്ടർ കുറെ ഇൻഡ്യാക്കാരെ ഇന്റർവ്യൂ ചെയ്യുന്നത് ടീവിയിൽ കാണാനിടയായി. അവരിൽ മലയാളികൾ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആർക്കാണ് വോട്ടുചെയ്യാനുദ്ദേശിക്കുന്നതെന്ന ചോദ്യത്തിന് ഒരാളൊഴിച്ച് ബാക്കിയെല്ലാവരും ട്രംപ് എന്നാണ് മറുപടി പറഞ്ഞത്. അത് ഇൻഡ്യാക്കാരുടെ പൊതുവെയുള്ള അഭിപ്രായത്തിന്റെ സൂചനയായി കണക്കാക്കാം. എന്നാൽ പത്തുമലയാളികളോട് ചോദിച്ചിരുന്നെങ്കിൽ ഒൻപതുപേരും കമലയെന്ന് പറയുമായിരുന്നു., സംശയമില്ല.

ഇൻഡ്യിൽതന്നെ കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വേർതിരിച്ച് നിറുത്തുന്നതും ഇതേചിന്താഗതിയാണ്. ഇടതുപക്ഷ ആശയങ്ങൾ അറിഞ്ഞോ അറിയാതെയോ അവരുടെയുള്ളിൽ കടന്നുകൂടിയിട്ടുണ്ട്. അത് മാറ്റിയെടുക്കൽ എളുപ്പമുള്ള കാര്യമല്ല. കൂട്ടത്തിൽ കോൺഗ്രസ്സിനോടുള്ള (രാഹുൽ ഗാന്ധിയോടുള്ള) ആരാധനയും ബി ജെ പി വിരോധവും. കേരളത്തിലെ ക്രിസ്ത്യാനികൾക്ക് വേളാങ്കണ്ണി മാതാവുകഴിഞ്ഞാൽ അടുത്ത വിശുദ്ധ സോണിയാ ഗാന്ധിയാണന്ന് അഡ്വ. ജയശങ്കർ പറഞ്ഞത് വളരെശരി. സുഡാപ്പികൾ പള്ളികയറി ആക്രമിച്ചാലും അച്ചനെ ബൈക്കിടിപ്പിച്ച് വീഴ്ത്തിയാലും മുനമ്പത്ത് മത്സ്യപ്പൊഴിലാളികളായ ക്രൈസ്തവരെ അവർ വിലകൊടുത്തുവാങ്ങിയ ഭൂമിയിൽനിന്ന് ഇറക്കിവിട്ടാലും ഇതിനെല്ലാം ഇടയാക്കിയ കോൺഗ്രസ്സിനല്ലാതെ അവരുടെകൂടെനിന്ന ബി ജെ പിക്ക് വോട്ടുചെയ്കയില്ല., കട്ടായം. ക്രൈസ്തവരുടെകൂടെനിന്ന് അവരുടെ വോട്ടുനേടാമെന്ന ബി ജെ പിയുടെ വിചാരം -യുവർ ഡാൽ വിൽനോട്ട് കുക്ക് ഹിയർ- എന്ന് എസ്സ എഫ് ഐ പയ്യന്മാർ പറഞ്ഞതോപോലെയേ ആകത്തുള്ളു. സോണിയയും രാഹുലും പ്രിയങ്കയും ഉള്ളടത്തോളം കോരളത്തിലെ ക്രൈസ്തവർ കോൺഗ്രസ്സിനു മാത്രമേ വോട്ടുചെയ്യൂ.

ഇൻഡ്യൻ ഇലക്ഷനിൽ അട്ടിമറിനടത്തി മോദിയെ പരാജയപ്പെടുത്താൻ ഒരുമില്ല്യൺ ഡോളർ മറ്റിവച്ചിട്ടുണ്ടന്ന് പരസ്യമായി പ്രസ്താവിച്ച മഹാനാണ് ജോർജ്ജ് സോറസ്സ്. അതിൽ പരാജയപ്പെട്ടപ്പോൾ ബംഗ്ളാദേശിൽ കലാപംനടത്തി ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിച്ചു. ഇതുപോലെ അവർക്കിഷടമില്ലാത്ത ആഫ്രിക്കയിലെയും ഏഷ്യയിലെയും ഗവണ്മന്റുകളെ മറിച്ചിടാൻ ഏതറ്റംവരെയും പോകാൻ മടിയില്ലാത്ത ദുഷ്ടശക്തികളാണ് ഇവർ. കമലയെ മുന്നിൽനിറുത്തി ഒരിക്കൽകൂടി അമേരിക്കയെയും ലോകത്തെതന്നെയും ഭരിക്കാമെന്ന ഒബാമയുടെയും കൂട്ടരുടെയും മോഹമാണ് ഭാഗ്യവശാൽ നടക്കാതെപോയത്.

ജനുവരി 20 ന് ട്രംപ് അധികരമേൽക്കുന്നതിനുമുൻപ് എന്തെല്ലാം കുതന്ത്രങ്ങൾ സൃഷ്ടിക്കാമെന്നാണ് ബൈഡന്റെയും ഒബാമയുടെയും ഇപ്പോഴത്തെ ആലോചന. അതിന്റെ ഉദാഹരണമാണ് റഷ്യയെ കടന്നാക്രമിക്കാൻ ഉക്രേനിനെ പ്രേരിപ്പിച്ച ബൈഡന്റെ നടപടി. ട്രംപ് വന്നാൽ പ്രശ്നത്തിന് സമാധാനപരമായ പരിഹാരം ഉണ്ടാക്കുമോ എന്നഭയംകൊണ്ടാണ് കുളംകലക്കീട്ട് പോകാമെന്ന് അവർ ചിന്തിച്ചത്. ബൈഡന്റെ പിന്നിൽ പ്രവർത്തിച്ചത് ഒബാമയുടെ കുബുദ്ധിയാണെന്ന് മനസിലാക്കാൻ ഷിക്കാഗോ വരെ പോകേണ്ടതില്ല.

ബംഗ്ളാദേശിൽ ജനാധിപത്യപരമായ ഇലക്ഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റെനെ അട്ടിമറിച്ച് ഇസ്ളാമിക ഭീകരവാദികൾ ഭരണംപിച്ചെടുത്തതിനെപറ്റി ന്യുയോർക്ക് ടൈംസ് എഴുതിയത് ഇപ്രകാരമാണ്. സ്വേശ്ചാധിപതിയായ ഷേയ്ക് ഹസീനയുടെ സർക്കാരിനെ പൊതുജനമുന്നേറ്റത്തിലൂടെ അധികാരഭ്രഷ്ടമാക്കി നോബൽ സമ്മാനജേതാവായ മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ അധികാരമേറ്റു. ഈ വാർത്തയിൽനിന്ന് ന്യുയോർക്ക് ടൈംസ് എന്ന ടെമോക്രാറ്റിക് പത്രം എത്രത്തോളം ഇസ്ളാമിക ഭീകരവാദികളെ പിൻതുണക്കുന്നു എന്ന് വ്യക്തം. സത്യത്തെ വളച്ചൊടിക്കുന്ന അല്ലെങ്കിൽ മൂടിവയക്കുന്ന പത്രങ്ങൾ അമേരിക്കയിൽ മാത്രമല്ല കേരളത്തിലുമുണ്ട്. മ പത്രങ്ങൾ എന്നപേരിലാണ് അവ അറിയപ്പെടുന്നത്..



# Got into an accident?
# NEVER TO WORRY




CALL

GLOBAL COLLISION
& BODY WORKS LLC

# 1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# പ്രിയ ബോച്ചേ നിങ്ങൾ ജയിലിൽ സ്വർണ കട്ടികൾ വിരിച്ച പായയിലാണോ കിടന്നത്



(ജോസ് കാടാപുറം)

നമ്മുടെ ബോബി ഒരു പ്രായം ചെന്ന ചേട്ടനും ചേച്ചിയും നടത്തുന്ന തട്ടുകടയിൽ ചെല്ലുന്നു . കടയിൽ അപ്പൊ ഉണ്ടാക്കി വെച്ച പഴം പോരികൾ ചൂടോടെ നിരത്തിവച്ചിരിക്കുന്നു

ബോച്ചേ അതിലോരോന്നുമെടുത്ത് നോക്കി ഇവന്റെ അച്ഛന്റെ വയസുള്ള മൂപ്പരോട് ചോദിക്കുകയാണ്. ''ചേട്ടന്റേത് ഇങ്ങിനെ വളഞ്ഞിട്ടാണോ അതോ നേരെയാണോ..?

ചേട്ടൻ ഉണ്ടാക്കുന്നത് ചേട്ടന്റേത് പോലെ തന്നേ വളവുള്ളതാണോ..?''

ആദ്യം ഇവൻ ഉദ്ദേശിക്കുന്ന കാര്യം മനസിലാകാതിരുന്ന ചേട്ടൻ ഒന്ന് അന്ധാളിച്ചെങ്കിലും പിന്നീട് ഗതികേട് കൊണ്ട് ഒരു ചിരി വരുത്തി പിടിച്ചു നിന്നു. ഇടയ്ക്കിട്ട് നല്ല നൈസ് ആയി മറുപടിയും കൊടുത്തു.

നമ്മുടെ സ്വർണ ചട്ടക്കാരന്റെ ഈ അളിഞ്ഞ പെരുമാറ്റം ഇവനെ പോലെ തന്നേ മുഴുവൻ പേരും ആസ്വദിക്കുന്നുണ്ടെന്നും അത് കണ്ട് തനിക്കുള്ള കയ്യടികൾ കൂടുമെന്നുമാണ്.

ഇത് പോലെ ഡസൻ കണക്കിന് വീഡിയോകൾ ഇവന്റെ വകയായുണ്ട്.

ഇതൊക്കെ ചിലർക്ക് മാസ് ആയിരിക്കും. പക്ഷേ എല്ലാവരും ആ വഷളത്തരത്തിന് കയ്യടിക്കണം എന്ന് വാശി പിടിച്ചു കളയരുത്.

എല്ലാ തോന്നിവാസങ്ങൾക്കും ഒരു വിഭാഗം വലിയ സപ്പോർട്ട് നൽകിയിരുന്നല്ലോ. അവരുടെ തിയറി വേറെയാണ്. അത് തിരുത്താൻ ലോകമവസാനിക്കും വരെ കഴിയില്ല.

ഇത് പോലൊരു ആഭാസവർത്തമാനം അവന്റെ വേണ്ടപ്പെട്ടവരോട് ഇത് പോലൊരു പോച്ചേ വന്ന് പറയുമ്പോൾ.. ചെകിട്ടത്തിനു അടിക്കാൻ തോന്നിയില്ലെങ്കിൽ കേൾക്കുന്ന ആൾക്ക് എന്തോ കിളിപോയിട്ടുണ്ടാകും

ഇനി ഇതൊന്നും പ്രശനമില്ലെങ്കിൽ എല്ലാം തമാശയായി കണ്ടങ് ആസ്വാദിച്ചേക്കണമെന്നെ. പക്ഷേ രാജ്യത്തെ നിയമത്തിന് നിങ്ങളുടെ കൊച്ചു തമാശകൾ ലേശം ബുദ്ധിമുട്ടാണെന്ന് തോന്നുന്നു. അതാണ് ജാമ്യം പോലും നിഷേധിച്ചത്. എന്നിട്ടു കോടതി എന്താ പറഞ്ഞത്

ഒൻപത് വർഷം മുൻപ് ഒരു ലൈംഗിക പീഡന കേസിൽ ഇവൻ കുടുങ്ങിയത് അക്കാലത്തെ വൈറൽ വാർത്തയായിരുന്നു. എത്ര പേര് ഇപ്പോഴും അതോർക്കുന്നുണ്ട് എന്നറിയില്ല.

പ്രമുഖ വ്യാപാരി ലൈംഗിക പീഡന കേസിൽ കുടുങ്ങി എന്നും പറഞ്ഞു വാർത്ത കൊടുത്ത് മുങ്ങാൻ നോക്കിയ മാധ്യമങ്ങളെ കൊണ്ട് ബോബി ചെമണ്ണൂർ ലൈംഗിക പരാതിയിൽ കുടുങ്ങി എന്ന് തന്നെ വാർത്ത കൊടുപ്പിച്ചിരുന്നു അന്നത്തെ ജനകീയ പ്രതിഷേധം.

അതിന് ശേഷം ബോബി പിന്നീട് വെളിച്ചത്ത് വരുന്നത് ചാരിറ്റിയുടെയും മറ്റ് നന്മകളുടെയും മുഖമായിട്ടാണ്.

ശരി.. നല്ല കാര്യം.. നടക്കട്ടെ..

പക്ഷേ ഇതൊന്നും മറ്റ് കുറ്റകൃത്യങ്ങൾക്കുള്ള ലൈസൻസ് ആണെന്ന്





കരുതരുത്.

എന്തായാലും ഇതോടെ ഈ കലാപ രിപാടികൾ തുടരാൻ ബോബിയെന്നല്ല എല്ലാരും ഒന്ന് മടിക്കും..പരിചയക്കാ രെ കണുമ്പോൾ നമ്മളൊക്കെ എളുപ്പ ത്തിൽ പറയുന്ന നിർദോഷമെന്നു തോ ന്നുന്ന ചില കമെന്റുകൾ എത്ര മാത്രം ഹാനികരമാണ് പറയാതിരിക്കാൻ വയ്യ. ഇന്നിപ്പോൾ ഹണി റോസിനെ ലൈംഗി കമായി അധിക്ഷേപിച്ച കേസിൽ കേരള ഹൈക്കോടതി ജസ്റ്റിസ് പിവി കുഞ്ഞി കൃഷ്ണൻ നടത്തിയ വിധി പ്രസ്താവ ത്തിൽ വളരെ പ്രസക്തമായ ഒരു ഭാഗമു ണ്ട് .."Before concluding, I am forced to say that body shaming is not acceptable in our society. Comments about the body of a person as too fat, too skinny, too short, too tall, too dark, too black, etc. should be avoided.Our bodies will change, our minds will change and our hearts will change. Everybody should be vigilant while making comments about others, whether they are men or women. I leave it there."എത്ര ശക്തമായ ഒരു മെസേജ് ആണിത്.




എനിക്ക് നമ്മുടെ കുട്ടികളിൽ വലിയ പ്രതീക്ഷയുണ്ട്. 'ഏളുചളഉള്ള ഇഛചടഇകഛഡടചഋടട' അ വർക്ക് വേണ്ടുവോളമുണ്ട്. അതി ല്ലാത്തത് ഇവിടത്തെ കേശവൻ മാമന്മാർക്കും വസന്തങ്ങൾക്കു മാണ്.

പക്ഷെ നമ്മുടെ സമൂഹം പതുക്കെ മാറുകയാണ്. സ്ത്രീ സുരക്ഷയിൽ ഭരണ-നിയമ സം വിധാനങ്ങൾ ശക്തമാകുകയാ ണ്. പേട്രിയാർക്കിയെ നമ്മൾ സ്ലാബിട്ട് മൂടി സമാധിയാക്കുക യാണ്.

അമേരിക്കൻ മലയാളീ നമ്മു ടെ സുഹൃത്തു ഷിബു ഗോപ ാലക്രിഷ്ണൻ പറഞ്ഞപോലെ നാട്ടിൽ നിയമവാഴ്ച ഉണ്ടെന്നു വിശ്വസിക്കുന്ന മനുഷ്യർക്കു അ തിലുള്ള വിശ്വാസം ഒന്നുകൂടെ ഉറപ്പിക്കാൻ കഴിയുന്ന ഒരു സമാ ധി സംഭവിച്ച ദിവസമാണ്.

ഹൈക്കോടതി ജാമ്യം അനു വദിച്ചിട്ടും കോടതിയോടു പിണ ങ്ങി അതിലും വലിയ നീതിമാൻ ആവാൻ ശ്രമിച്ച ഒരു വിദ്വാൻ നിരുപാധികം മാപ്പു പറഞ്ഞു കോടതിയുടെ തുടർനടപടിക ളിൽ നിന്നും കഷ്ടിച്ചു കണ്ടംവഴി രക്ഷപെട്ടു. അകത്തായത്തിന്റെ ക്ഷീണം തീർക്കാൻ പറ്റുമോ എന്നൊന്നു ശ്രമിച്ചു നോക്കി യതാണ്. ഇറങ്ങി വരുമ്പോൾ കൂക്കിവിളിക്കു പകരം കൈയ ടി കിട്ടുമോ എന്നൊരു ശ്രമം. ഹൈക്കോടതിയോടു വേണ്ട കളിയെന്നും ജാമ്യം റദ്ദാക്കി അകത്താക്കുമെന്നും പറഞ്ഞ പ്പോൾ വേഷംകെട്ട് അവസാനി പ്പിച്ചു. ഇനി വാതുറക്കില്ലെന്നും കോടതിക്കു ഉറപ്പു നൽകി. അങ്ങനെ അതിനൊരു സമാധി യായി!

ഒരു കാരണവശാലും ഈ സമാധി പൊളിക്കരുത് അവസാനം ഹണി റോ സ് ഫേസ്ബുക്കിൽ പറഞ്ഞപോലെ ഒരു വ്യക്തിയെ കൊന്നു കളയാൻ കത്തിയും തോക്കും ഒന്നും വേണ്ട ഇക്കാലത്തു . ഒരു കൂട്ടം സോഷ്യൽ മീഡിയ പ്രൊഫൈ ലിൽ നിന്നുള്ള നീചവും, ക്രൂരവുമായ അസഭ്യ അശ്ലീല ദ്വയാർത്ഥ കമന്റുകളും പ്ലാൻഡ് കാമ്പയിനും മതി. ..സാമൂഹ്യമാ ധ്യമ ഗുണ്ടായിസത്തിനു നേതാവ് ഉണ്ടെ ങ്കിൽ മൂർച്ച കൂടും.

പ്രതിരോധിക്കാതിരിക്കാൻ കഴിയുമാ യിരുന്നില്ല. ഇന്ത്യൻ ഭരണഘടന വാഗ് ദാനം ചെയ്യുന്ന പൗരന്റെ അവകാശവും സംരക്ഷണവും തേടിയുള്ള എന്റെ പേ ാരാട്ടത്തിനു ഒപ്പം ശക്തമായ ഉറപ്പു നൽ കി നടപടി എടുത്ത കേരളസർക്കാരിനെ നയിക്കുന്ന ശ്രീ പിണറായി വിജയൻ അദ്ദേഹത്തിനും കേരള പോലീസിനും ഞാനും എന്റെ കുടുംബവും ഹൃദയം നി റഞ്ഞ നന്ദി അറിയിക്കുന്നതായി ഫേസ് ബുക്കിലൂടെ ഹണി റോസ് അറിയിച്ചു..

അതെ ബഹു മുഖ്യ മന്ത്രിയെ എന്തിന ും എതിനും വിമർശിക്കുന്നവരോട് ഭരണ തലത്തിൽ എടുക്കുന്ന ഉറച്ച നിലപാടുക ളോട് കയ്യടിക്കാൻ നിങ്ങളും നിർബന്ധി ക്കപ്പെടും. സ്ത്രീ യുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന ഏതു പ്രവൃത്തിക്കെ തിരെയും കർശന നടപ ടി ഉണ്ടാകും 'അതരായാലും' എന്നു പറയുന്ന പിണ റായി വിജയൻ പണക്കാരനായ ചട്ടയിട്ട സ്വർണ്ണ മുതലാളി ആണെങ്കിലും എത്ര വെളുപ്പിക്കാൻ ചാനലുകളും ഓൺ ലൈൻ ഫെയ്ക്കോളികളും ഉണ്ടെങ്കിലും ചങ്കും വിരിച്ചു നീതി നടപ്പാക്കാൻ തീ രുമാനിച്ചപ്പോൾ ചട്ടയിട്ട അശ്ലീലം ജയി ലിൽ ഗോതമ്പുണ്ട തിന്നു കൊതുകു കടി കൊള്ളേണ്ടി വന്നു. ഇങ്ങനെ ഉള്ള എല്ലാവർക്കും ഇത് ഒരു പാഠമാകട്ടെ

hanover bank



SBA & USDA Solutions for Financing

## *Need Money for your Business?*










- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC

EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

04/24

# നയാഗ്ര പാന്തേഴ്സ് നമ്മ മലയാളം പ്രവേശനോത്സവവും ന്യൂഇയർ ആഘോഷവും സംഘടിപ്പിച്ചു




നയാഗ്ര : നയാഗ്ര പാന്തേഴ്സ് നമ്മ മലയാളം പ്രവേശനോത്സവവും ന്യൂഇയർ ആഘോഷവും നയാഗ്ര ഔവർ ലേഡി ഓഫ് ദി സ്കാപുലർ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. നൂറോളം രജിസ്റ്റേഡ് കുടുംബങ്ങളും അഞ്ഞൂറോളം അംഗങ്ങളുമുള്ള നയാഗ്ര പാന്തേഴ്സ് നോർത്ത് അമേരിക്കയിലെ, സംഘടന പാടവത്തിലും നേതൃത്വപാടവത്തിലും മറ്റുള്ളവർക്ക് ഏറ്റവും നല്ല മാതൃകയായ സംഘടനയായി ചുരുങ്ങിയ കാലം കൊണ്ട് മാറി. മെമ്പേഴ്സ് ഫാമിലി മീറ്റ് എന്ന പരിപാടിയിൽ കേരള സർക്കാരിന്റെ അംഗീകാരമുള്ള നയാഗ്ര പാന്തേഴ്സ് നമ്മ മലയാളം പ്രവേശനോത്സവം പ്രൗഢഗംഭീര സദസ്സിൽ വച്ച് കേരള സർക്കാരിന്റെ സംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള മലയാളം മിഷൻ ഡയറക്ടർ ആയ മുരുകൻ കാട്ടാക്കട ഉദ്ഘാടനം ചെയ്തു. ഒപ്പം നയാഗ്ര പാന്തേഴ്സ് പ്രസിഡണ്ട് ഡെന്നി കണ്ണൂക്കാടൻ, ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ് (ലൈജു), എക്സ് ഒഫീഷ്യൽ ആഷ്‌ലി ജെ മാങ്ങഴാ, ഡയറക്ടർ ഷെജി ജോസഫ് ചാക്കുംകൽ, വൈസ് പ്രസിഡണ്ട് തോമസ് ഫിലിപ്പ്, സെക്രട്ടറി നിഖിൽ ജേക്കബ്, ട്രഷറർ ബിബിൻ സെബാസ്റ്റ്യൻ, നയാഗ്ര പാന്തേഴ്സിന്റെ പ്ലാറ്റിനം സ്പോൺസർ (മോർട്ട്ഗേജ് അഡ്വൈസർ) രഞ്ജു കോശി എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി, മലയാളം മിഷൻ കാനഡ കോർഡിനേറ്റർ ജോസഫ് ജോൺ കാൽഗരി ആശംസാപ്രസംഗം നടത്തി .

കേരള സർക്കാരിന്റെ സംസ്കാരിക വകുപ്പിന്റെകീഴിലുള്ള മലയാളം മിഷനുമായി ചേർന്ന് നയാഗ്ര പാന്തേഴ്സ് നമ്മ മലയാളം എന്ന പാഠ്യപദ്ധതി നടപ്പാക്കുന്നത്. മലയാളം മിഷന്റെ പരിശീലനം ലഭിക്കുന്ന അധ്യാപകർ ആയിരിക്കും പാന്തേഴ്സ് നമ്മ മലയാളം പഠനത്തിന് നേതൃത്വം വഹിക്കുന്നത്, കൂടാതെ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക്




കേരള സർക്കാരിന്റെ മലയാളം മിഷന്റെ സർട്ടിഫിക്കറ്റും കൊടുക്കുന്നതായിരിക്കും.മാതൃഭാഷയായ മലയാളത്തിനെ വടക്കേ അമേരിക്കയിൽ കുടിയേറിയ മലയാളികളുടെ ഇടയിലും, വരുന്ന തലമുറയിലും പഠിപ്പിക്കാനും ഇഷ്ടപ്പെടുത്താനും വേണ്ട പരിപാടികൾ ഒരുക്കി, മലയാളം സംസ്കാരം നിലനിർത്തുന്ന പദ്ധതിയാണ് പാന്തേഴ്സ് നന്മമലയാളം.

മലയാളികൾ താമസിക്കുന്ന വടക്കെ അമേരിക്കയിലെ നഗരങ്ങളിൽ, പ്രാദേശികമായിട്ടുള്ള സംഘടനകളുമായി കൈകോർത്ത് മലയാളം പഠിപ്പിക്കുന്ന തോടപ്പം മലയാളത്തിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും ഒരുക്കുക. വടക്കെ അമേരിക്കയിൽ വളരുന്ന എഴുത്തുകാരെയും, പ്രാസംഗികരെയും, കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുക, മലയാളരംഗത്ത് പ്രസിദ്ധരായിട്ടുള്ള കലാകാരന്മാരെയും, എഴുത്തുകാരെയും വടക്കേ അമേരിക്കയിൽ പരിചയപ്പെടുത്തുക എന്നിവയാണ് നയാഗ്ര പാന്തേഴ്സ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് പ്രസിഡണ്ട് ഡെന്നി കണ്ണൂക്കാടൻ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു.

ഇതിനോടനുബന്ധിച്ച് നടന്ന മെമ്പേഴ്സ് ഫാമിലി മീറ്റിൽ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ഏവരിലും കൗതുകം ഉണർത്തി. അതോടൊപ്പം അരങ്ങിൽ ഫൊക്കാനാ അസോസിയേറ്റ് സെക്രട്ടറി മനോജ് എടമനയേയും ഫോമ റീജിയണൽ വൈസ് പ്രസിഡണ്ട് സുബിൻ സ്ക്കറിയയെയും പ്രസിഡണ്ട് ഡെന്നി കണ്ണൂക്കാടൻ, ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ്, എക്സ് ഒഫീഷ്യൽ ആഷ്‌ലി ജെ മാങ്ങഴാ, ഡയറക്ടർ ഷെജി ജോസഫ് ചാക്കുംകൽ എന്നിവർ ചേർന്ന് ആദരിച്ചു.

നയാഗ്ര പാന്തേഴ്സ് ചുരുങ്ങിയ സമയം കൊണ്ട് നോർത്ത് അമേരിക്കയിലെ സംഘടന ഒന്നാമത് എത്തിയ വഴികളെക്കുറിച്ച് ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ് പ്രസംഗത്തിൽ അവതരിപ്പിച്ചു. മെമ്പേഴ്സിൻറെ അഭിരുചിക്കനുസരിച്ച് കമ്മ്യൂണിറ്റിക്ക് ഗുണകരമാകുന്ന വഴിയിലൂടെ സഞ്ചരിക്കുന്നതാണ് നയാഗ്ര പാന്തേഴ്സിൻറെ വിജയമാന്ത്രമെന്ന് എക്സ് ഒഫീഷ്യൽ ആഷ്‌ലി ജെ മാങ്ങഴാ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു.

ഡീന ജോണും തോമസ് ഫിലിപ്പും ആങ്കർമാരായ ആഘോഷ രാവിൽ വിവിധ കലാപരിപാടികൾ മാറ്റുകൂട്ടി. പങ്കെടുത്ത മുഴുവൻ പേരെയും പരിചയപ്പെടുത്തി സൗഹൃദം ഊഷ്മളമാക്കിയ പരിപാടി മറക്കാൻ പറ്റാത്ത അനുഭവമായിരുന്നുവെന്ന് നയാഗ്ര പാന്തേഴ്സ് അംഗങ്ങൾ അഭിപ്രായപ്പെട്ടു. അനൂബ് രാജുവും ഷിബി അനൂബും ചേർന്ന് മോഡിപ്പിടിപ്പിച്ച സ്റ്റേജും ഹാളും വേറിട്ട അനുഭവമായിരുന്നു. അതിനോട് അനുബന്ധിച്ച് നടന്ന സ്വാദിഷ്ഠമായ സ്നേഹവിരുന്ന് ഒരുക്കിയ ടോണി ജോസ്, പ്രദീപ് ചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു.

പ്രസിഡന്റ് ഡെന്നി കണ്ണൂക്കാടൻ, ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ്, മറ്റു ഡയറക്ടർമാരായ ഷെജി ജോസഫ് ചാക്കുംകൽ, ആഷ്‌ലി ജെ മാങ്ങഴാ, അനിൽ ചന്ദ്രപ്പിള്ളിൽ, എബിൻ മാത്യു, ലിജോ വാതപ്പിള്ളി, എൽഡ്രിഡ് കാവുങ്കൽ, ബിജു ജയിംസ്, അനീഷ് കുര്യൻ വൈസ് പ്രസിഡണ്ട് തോമസ് ഫിലിപ്പ്, നിഖിൽ ജേക്കബ് സെക്രട്ടറി ട്രഷറർ ബിബിൻ സെബാസ്റ്റ്യൻ, ജോയിൻ സെക്രട്ടറി ലിറ്റി ലൂക്കോസ്, ജോയിൻ ട്രഷറർ ജേക്കബ് പച്ചിക്കര, ജാക്സൺ ജോസ്, തങ്കച്ചൻ ചാക്കോ, ഡീന ജോൺ, അഭിജിത്ത് തോമസ്, റ്റിനേഷ് ജെറോം, ടെൽബിൻ തോമസ്, സ്റ്റാനി ജെ. തോട്ടം, ബിനോയ് അബ്രഹാം, ദിലീപ് ദേവസ്യ, മനു അബ്രഹാം,എൽവിൻ ഇടമന, ശ്രുതി തൊടുകയിൽ,അനീഷ് കുമാർ പി.ആർ, ജോർജ് തോമസ്, ഷിന്റൊ തോമസ്, ജോയ്സ് കുര്യാക്കോസ്, പ്രദീപ് ചന്ദ്രൻ, ബിജു അവറാച്ചൻ തുടങ്ങിയ കമ്മറ്റി അംഗങ്ങളും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു. റിയൽറ്റർമാരായ പയസ് ജോസഫ് റോയ് ജോസഫ് എന്നിവരാണ് നയാഗ്ര പാന്തേഴ്സിന്റെ മെഗാ സ്പോൺസേർസ്. നയാഗ്ര പാന്തേഴ്സിന്റെ പ്ലാറ്റിനം സ്പോൺസർ മോർട്ടഗേജ് അഡ്വൈസർ രഞ്ജു കോശിയും ഗോൾഡ് സ്പോൺസർ റോയൽ കേരള ഫുഡ്സും ആണ്.

പാന്തേഴ്സ് നന്മ മലയാളം പാഠ്യപദ്ധതിയുടെ രജിസ്ട്രേഷനു വേണ്ടി ഡെന്നി കണ്ണൂക്കാടൻ 1 (647) 6483735 ഡീന ജോൺ +1 (306) 5017512 എന്നിവരെ ബന്ധപ്പെടാവുന്നതാണ്

# മന്ത്ര ശുഭാരംഭവും തിരുവാതിര മഹോത്സവവും ന്യൂ ജേഴ്സിയിൽ നടന്നു



:രഞ്ജിത് ചന്ദ്രശേഖർ

മന്ത്ര കൺവെൻഷൻ 2025 ശുഭാരംഭവും തിരുവാതിര മഹോത്സവവും ന്യൂ ജേഴ്സിയിൽ നടന്നു.

കഴിഞ്ഞ 21 വർഷമായി ന്യൂ ജേഴ്സിയിൽ വിജയകരമായി ശ്രീമതി ചിത്രാ മേനോൻ ,ഡോ. രേഖാ മേനോൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്ന തിരുവാതിര മഹോത്സവത്തിൽ  മന്ത്ര പ്രസിഡന്റ് ശ്രീ ശ്യാം ശങ്കർ മുഖ്യ അതിഥി ആയി പങ്കെടുത്തു. കേരളീയമായ എന്നാൽ  ഹൈന്ദവ പൈതൃക സംസ്കാരം പ്രതിധ്വനിക്കുന്ന ഇത്തരം ചടങ്ങുകൾ അമേരിക്കയുടെ മണ്ണിൽ വിജയകരമായി നടത്താൻ മുൻകൈ എടുക്കുന്നവർ ,ആ മഹത്തായ പാരമ്പര്യത്തിന്റെ മൂല്യം ഉയർത്തുന്നതായി  ശ്രീ ശ്യാം ശങ്കർ അഭിപ്രായപ്പെട്ടു. ഹൈന്ദവ സംഘടനാ പ്രവർത്തനങ്ങളിൽ, സനാതന ധർമ വിശ്വാസികൾക്കിടയിൽ മന്ത്രക്ക് വർധിച്ചു വരുന്ന സ്വീകാര്യതയിൽ ജനറൽ സെക്രട്ടറി ഷിബു ദിവാകരൻ  സന്തുഷ്ടി പ്രകടിപ്പിച്ചു.


അമേരിക്കയിലെ ഹൈന്ദവ സംഘടനയായ 'മന്ത്ര'യുടെ  (മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) ഷാർലെറ്റ്, നോർത്ത് കരോലൈനയിൽ നടക്കുന്ന രണ്ടാം  ഗ്ലോബൽ ഹൈന്ദവ സമ്മേളനത്തിലേക്ക് ചടങ്ങിൽ പങ്കെടുത്തവരെ അദ്ദേഹം ക്ഷണിച്ചു.നൂറിലധികം നർത്തകിമാർ

പങ്കെടുത്ത തിരുവാതിര മഹോത്സവം കാണികൾക്കു ദൃശ്യ വിരുന്നൊരുക്കി .

ട്രസ്റ്റീ വൈസ് ചെയർ  ഡോ . രേഖാ മേനോൻ, പ്രസിഡന്റ് എലെക്ട് കൃഷ്ണരാജ് മോഹനൻ, ട്രസ്റ്റീ സെക്രട്ടറി ഡോ. മധു പിള്ള. ട്രസ്റ്റീ ഭാരവാഹികളായ ഡോ .രുഗ്മിണി പദ്മകുമാർ, കൃഷ്ണജ കുറുപ്, ഡയറക്ടർ ബോർഡ് മെംബർസ് ആയ രേഖ പ്രദീപ്, മിനി നായർ, മന്ത്ര ന്യൂ ജേഴ്സി ഭാരവാഹികളായ ദയാ ശ്യാം, രശ്മി വിജയൻ, ഹൃദ്യ ഉണ്ണികൃഷ്ണൻ, ദീപ ഉണ്ണി മേനോൻ, പ്രത്യുഷ രഘു, മീര ഭാസ്കർ,

അശ്വതി ജ്യോതിഷ്, വീണാ രാധാകൃഷ്ണൻ, മാലിനി നായർ എന്നിവർ പങ്കെടുത്തു




In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# സി.പി.എം നേതൃപദവികളൊഴിഞ്ഞ് കരുത്തനായി വരാൻ പിണറായി വിജയൻ ഒരുങ്ങുന്നു...




എ.എസ് ശ്രീകുമാർ

നിയമസഭാ തിരഞ്ഞെടുപ്പ് 2026 മെയ് മാസത്തിൽ നടക്കാനിരിക്കെ കേരളത്തിന്റെ അടുത്ത മുഖ്യമന്ത്രി അരായിരിക്കുമെന്ന കാര്യത്തിൽ മുന്നണികളുടെ ഇടനാഴികളിൽ ഒറ്റ തിരിഞ്ഞുള്ള ചർച്ചകൾക്ക് ആക്കം കൂടിയിട്ടുണ്ട്. ഊഹാപോഹങ്ങളും അനുമാനങ്ങളും വിലയിരുത്തലുകളും മുഖ്യമന്ത്രിക്കസേരയ്ക്കു വേണ്ടി ഒളിഞ്ഞും തെളിഞ്ഞുമുള്ള ആഗ്രഹ പ്രകടനങ്ങളും തുലനം ചെയ്യലുമൊക്കെ കേട്ടുതുടങ്ങിയിട്ടുണ്ട്.

ബംബർ ലോട്ടറി ഫലം പോലെയാണ് 2026 മുതൽ 2031 വരെ കേരളം ഭരിക്കാനുള്ള ഭാഗ്യകടാക്ഷം. ഈ സാഹചര്യത്തിൽ പ്രമുഖ എഴുത്തുകാരൻ എം മുകുന്ദൻ വരികൾക്കിടയിലൂടെ വായിക്കാൻ പാകത്തിൽ നടത്തിയ പരിഹാസ പരാമർശം രസകരമായിരുന്നു. 2026-ൽ ഇടതുപക്ഷം ജയിക്കുമോയെന്ന് താൻ, 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് ജ്യോതിഷനും തത്വചിന്തകനുമായിരുന്ന നോസ്ട്രഡാമസിനോട് ചോദിച്ചുവെന്നും അദ്ദേഹം അവ്യക്തമായി മറുപടി നൽകിയെന്നുമാണ് മുകുന്ദൻ പറയുന്നത്.

നൂറ് സീറ്റുനേടി യു.ഡി.എഫ്. വമ്പിച്ച ജയം നേടുമെന്ന മറുപടിയാണ് താൻ പ്രതീക്ഷിച്ചതെന്നും എന്നാൽ, ഇടതുപക്ഷം ജയിക്കുമെന്ന മറുപടിയാണ് നോസ്ട്രഡാമസ് നൽകിയതെന്നുമാണ് മുകുന്ദൻ പറഞ്ഞത്. തുടർന്ന് ആരായിരിക്കും ഇടതുസർക്കാരിന്റെ മുഖ്യമന്ത്രിയെന്ന് താൻ ചോദിച്ചു. 'മു' എന്നായിരുന്നു മറുപടി. ആതാരാണെന്ന് ചോദിച്ചപ്പോൾ മ... മ... എന്ന് വീണ്ടും മറുപടി. തെളിച്ചു പറയാൻ ആവശ്യപ്പെട്ടപ്പോൾ ഉത്തരമിങ്ങനെ: ''രു... രു... മ... മ... മു...'' താൻ ചോദ്യം ആവർത്തിച്ചെങ്കിലം തൊണ്ടയിൽനിന്ന് ശബ്ദം പുറത്തുവന്നില്ലെന്നും അദ്ദേഹം നിശബ്ദനായെന്നും മുകുന്ദൻ പറഞ്ഞു.

ചുരുക്കാതെ പറഞ്ഞാൽ 'മു'ഖ്യമന്ത്രിയുടെ 'മ''രു'മകൻ 'മു'ഹമ്മദ് റിയാസ് ആയിരിക്കും അടുത്ത മുഖ്യമന്ത്രയെന്നാണ് നോസ്ട്രഡാമസ് ഉദ്ദേശിച്ചത്. ശരിയാണ് നോസ്ട്രഡാമസിനെപ്പോലെ പലരും അപ്രകാരം ചിന്തിക്കുന്നുമുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ, മുഹമ്മദിനെ മന്ത്രിയാക്കിയതും മകൾ വീണയെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്ത് താക്കോൽ സ്ഥാനത്തിരുത്തിയതും തന്റെ പിൻഗാമിയാക്കാൻ വേണ്ടിയാണെന്നാണ് പറഞ്ഞു കേൾക്കുന്നത്.

എന്നാൽ കാര്യങ്ങൾ അങ്ങനെയല്ല സംഭവിക്കാൻ പോകുന്നതെന്നാണ് സി.പി.എമ്മിന്റെ രാഷ്ട്രീയ കാലാവസ്ഥാ പ്രവചനം വ്യക്തമാക്കുന്നത്. അടുത്ത തിരഞ്ഞെടുപ്പുലും ഇടതുമുന്നണിക്ക് ഭൂരിപക്ഷം ലഭിച്ചാൽ പിണറായി വിജയൻ മൂന്നാം വട്ടവും മുഖ്യമന്ത്രിയാവുമെന്നാണ് സൂചന. എന്നാൽ ഇക്കാര്യത്തിൽ സി.പി.എമ്മിലും ഇടതുമുന്നണിക്കുള്ളിലും വ്യത്യസ്ഥ അഭിപ്രായങ്ങൾ ഉണ്ട്. അത് സ്വാഭാവികവുമാണ്. നിലവിലുള്ള സി.പി.എം മന്ത്രിമാരെ ഒഴിവാക്കിയാണ് രണ്ടാം വട്ടവും പിണറായി മുഖ്യമന്ത്രിയായത്. ഇതിലുള്ള പിണറായി വിരുദ്ധ വികാരം സർക്കാർ-മുന്നണി വിരുദ്ധ വികാരമായി പരിണമിച്ചു.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലും ഉപതിരഞ്ഞെടുപ്പുകളിലും ആ പൊതു വികാരം പ്രകടമാവുകയും ചെയ്തു. ആ നിലയ്ക്ക് 2026-ൽ പിണറായി വിജയനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി നിർത്തിക്കൊണ്ട് തിരഞ്ഞെടുപ്പിനെ നേരിട്ടാൽ അത് സി.പി.എമ്മിനെയും ഇടതു മുന്നണിയെയും സംബന്ധിച്ചിടത്തോളം

ആത്മഹത്യാപരമായിരിക്കും. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പാർട്ടി ചില മുന്നൊരുക്കങ്ങൾ നടത്തുന്നുണ്ടെന്നാണ് ലഭിക്കുന്ന വിവരം.

പിണറായി വിജയൻ പാർട്ടിയുടെ നേതൃസ്ഥാനങ്ങളിൽ നിന്ന് ഒഴിവാകാൻ തീരുമാനിച്ചിരിക്കുകയാണത്രേ. കേരളത്തിലെ സി.പി.എം ജില്ലാ സമ്മേളനങ്ങൾക്കും സംസ്ഥാന സമ്മേളനത്തിനും മധുരയിൽ നടക്കുന്ന ഇരുപത്തിനാലാം പാർട്ടി കോൺഗ്രസിനും ശേഷമായിരിക്കും അദ്ദേഹം സ്ഥാനം ഒഴിയുക. 2022-ൽ കണ്ണൂരിൽ നടന്ന 23-ാം പാർട്ടി കോൺഗ്രസ് 75 വയസ് കഴിഞ്ഞവരെ പാർട്ടിയുടെ നേതൃസമിതികളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു.



പോളിറ്റ് ബ്യൂറോ മെമ്പർ എസ് രാമചന്ദ്രൻ പിള്ള ഉൾപ്പെടെയുള്ള നേതാക്കൾ പ്രായപരിധിയുടെ മാനദണ്ഡത്തിൽ പുറത്ത് പോയപ്പോഴാണ് പാർട്ടിയുടെ ഏക മുഖ്യമന്ത്രി എന്ന പരിഗണനയിൽ 2022-ൽ 78 വയസ് പിന്നിട്ട പിണറായിക്ക് ഇളവ് അനുവദിച്ചത്. എന്നാൽ വീണ്ടുമൊരു ഇളവ് കൂടി നേടുന്നത് വ്യക്തിപരമായി ക്ഷീണമുണ്ടാക്കുമെന്ന സ്വയം വിലയിരുത്തൽ നടത്തിയാണ് പിണറായി നേതൃപദങ്ങളൊഴിയുന്നത്. ഇല്ലെങ്കിൽ പിണറായി പടുത്തുയർത്തിയിരിക്കുന്ന 'ഇരട്ടച്ചങ്കൻ' എന്ന കരുത്തിന്റെ പ്രതിച്ഛായ തകർന്ന് വീഴും. സി.പി.എം സംസ്ഥാന സെക്രട്ടറിയായിരിക്കെ 80 വയസ് പിന്നിട്ടവരെ സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കാൻ പിണറായി വിജയൻ കർശന നടപടി എടുത്തിരുന്നുവെന്നോർക്കുക.

അതേസമയം, ഈ സർക്കാരിന്റെ കാലാവധി വരെ മുഖ്യമന്ത്രി സ്ഥാനത്ത് തുടരുന്ന പിണറായി വിജയൻ 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനും സാധ്യതയില്ലത്രേ. സി.പി.എം നേതൃത്വം നൽകുന്ന ഇടതുമുന്നണിയെ വീണ്ടും അധികാരത്തിലെത്തിക്കുകയാണ് പിണറായിയുടെ ലക്ഷ്യം. അതിനായി അദ്ദേഹം പ്രചാരണത്തിന് ചുക്കാൻ പിടിച്ച് മുന്നിൽത്തന്നെയുണ്ടാവും. ഹാട്രിക് വിജയം നേടിയാൽ അത് പിണറായി വിജയന്റെ മാത്രം മികവായി ഉയർത്തിക്കാട്ടി തുടർച്ചയായ മൂന്നാം വട്ടവും മുഖ്യമന്ത്രിക്കസേരയിലിരിക്കാം. അല്ലെങ്കിൽ മരുമകന് ബാറ്റൺ കൈമാറാം. ഇടതുമുന്നണി തോറ്റാൽ അദ്ദേഹം മൽസരിക്കാത്തതു കൊണ്ടാണെന്ന് സി.പി.എമ്മിന് ന്യായീകരിക്കാനുമാവും.

യു.ഡി.എഫിലാണെങ്കിൽ കോൺഗ്രസിനായിരിക്കുമല്ലോ മുഖ്യമന്ത്രി സ്ഥാനം. മുഖ്യമന്ത്രി സ്ഥാനത്തെക്കുറിച്ചുള്ള ചർച്ച അനവസരത്തിലുള്ളതാണെന്ന് രമേശ് ചെന്നിത്തല എം.എൽ.എയുടെ അഭിപ്രായം. തദ്ദേശ തിരഞ്ഞെടുപ്പാണ് ഇപ്പോൾ ചർച്ചയാവേണ്ടതെന്നും മുഖ്യമന്ത്രി സ്ഥാനം ഹൈക്കമാൻഡ് തീരുമാനിക്കുമെന്നും ചെന്നിത്തല പറയുന്നു. എങ്കിലും മുഖ്യമന്ത്രി പദത്തെച്ചൊല്ലി കോൺഗ്രസിൽ വാക്ക്പോര് തുടങ്ങിയിട്ടുണ്ട്.

എൽ.എസ്.എസിന്റെയും എസ്.എൻ.ഡി.പിയുടെയും പരിപാടികളിൽ മുഖ്യാതിഥിയായി പങ്കെടുത്ത രമേശ് ചെന്നിത്തല കേരളത്തിലെ ഈ രണ്ട് സമുദായങ്ങളുടെ ആശീർവാദം പ്രതീക്ഷിക്കുന്നുണ്ട്. മാരാമൺ കൺവൻഷനിൽ പ്രസംഗിക്കാൻ ക്ഷണം ലഭിച്ച പ്രതിപക്ഷ നേതാവ് വി.ഡി സതീശനും തന്റെ വഴികൾ സുഗമമാക്കുന്നുണ്ട്. ഇതിനിടെ ശശി തരൂരിന്റെ പേരും മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് പറഞ്ഞു കേൾക്കുന്നുണ്ട്. കെ മുരളീധരൻ, കെ സുധാകരൻ, കെ.സി വേണുഗോപാൽ തുടങ്ങിവരും കളത്തിലുണ്ട്.

2024 ഏപ്രിലിൽ നടന്ന ലോക്സഭ തിരഞ്ഞെടുപ്പിലെ അനുകൂല തരംഗം നിയമസഭാ തിരഞ്ഞെടുപ്പിലും യു.ഡി.എഫ് പ്രതീക്ഷിക്കുന്നുണ്ട്. ലോക്സഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് നൂറിലേറെ നിയമസഭാ മണ്ഡലങ്ങളിൽ യു.ഡി.എഫ് മുന്നിലെത്തിയിരുന്നു. 140 നിയമസഭാ സീറ്റുകളിൽ 110 മണ്ഡലങ്ങളിൽ യു.ഡി.എഫ് മുൻതൂക്കം നേടിയപ്പോൾ 19 മണ്ഡലങ്ങളിൽ മാത്രമാണ് എൽ.ഡി.എഫിന് നേട്ടമുണ്ടാക്കാനായത്. ബി.ജെ.പിയും മിന്നും പ്രകടനമാണ് നടത്തിയത്. കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ അക്കൗണ്ട് തുറന്ന ബി.ജെ.പി 11 നിയമസഭാ സീറ്റുകളിൽ ഒന്നാമതെത്തി. 2026-ൽ ഇതാവർത്തിച്ചാൽ യു.ഡു.എഫ് ഭരണം നേടുകയും ബി.ജെ.പി കൂടുതൽ സീറ്റുകളിൽ വിജയിച്ച് സംസ്ഥാനത്ത് നിർണായക ശക്തിയായി മാറുകയും ചെയ്യും.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ (2021) എൽ.ഡി.എഫ് 99 സീറ്റുകൾ നേടിയപ്പോൾ യു.ഡി.എഫിന് ലഭിച്ചത് 41 മാത്രമാണ്. 2016-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 91 സീറ്റുകൾ നേടിയ ഇടതുപക്ഷത്തിന് 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 16 നിയമസഭാ മണ്ഡലങ്ങളിലാണ് ലീഡ് നേടാൻ കഴിഞ്ഞത്. 140 നിയമസഭാ മണ്ഡലങ്ങളിൽ 123-ലും യു.ഡി.എഫാണ് ഒന്നാമതെത്തിയത്. കേരളത്തിൽ പൊതുവെ നിയമസഭ തിരഞ്ഞെടുപ്പുകളിൽ, വോട്ടർമാർ കൂടുതലും ഇടതുപക്ഷത്തെ അധികാരത്തിലേറ്റുമ്പോൾ പൊതുതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള മുന്നണിക്ക് അനുകൂലമായാണ് വോട്ട് ചെയ്യുന്നത്.

ഇത്തവണ ലോക്സഭാ ഇലക്ഷനിൽ രണ്ടാം പിണറായി സർക്കാരിന്റെയും മന്ത്രിമാരുടെയും പ്രകടനവും വിലയിരുത്തിയാണ് മലയാളികൾ വോട്ട് ചെയ്തതെന്നും സർക്കാരിനെതിരായ ഭരണവിരുദ്ധ വികാരം കോൺഗ്രസിന് അനുകൂലമായിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് ജനവിധി അംഗീകരിച്ചും ആഴത്തിൽ പരിശോധിച്ചും ആവശ്യമായ തിരുത്തലുകൾ വരുത്തിയും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവോടെ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചിരിക്കുന്നത്.


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന് പുതിയ നേതൃത്വം

ന്യൂയോർക്ക്: 2025-ൽ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിനെ നയിക്കുവാൻ അൻപത്തിമൂന്നാമത് പ്രസിഡന്റായി സജി എബ്രഹാമും സെക്രട്ടറിയായി മാത്യുക്കുട്ടി ഈശോയും ട്രഷറർ ആയി വിനോദ് കെയാർക്കെയും ട്രസ്റ്റീ ബോർഡ് ചെയർമാനായി വിൻസെന്റ് സിറിയക്കും ചുമതലയേറ്റു. 2024 ഡിസംബർ 14-ന് ശനിയാഴ്ച്ച വൈകിട്ട് ഫ്ലോറൽ പാർക്കിലുള്ള ടൈസൺ സെന്റർ ഹാളിൽ വച്ച് നടത്തപ്പെട്ട സമാജം പൊതുയോഗത്തിലാണ് പുതിയ വർഷത്തേക്കുള്ള ചുമതലക്കാരേയും എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തത്. 2025 ജനുവരി 11 ശനിയാഴ്ച ഫ്ലോറൽ പാർക്കിലുള്ള ദിൽബാർ ഇന്ത്യൻ റെസ്റ്റോറന്റിൽ കൂടിയ യോഗത്തിലാണ് പുതിയ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും ചുമതലയേറ്റത്.

വർഷങ്ങളായി കേരളാ സമാജത്തിൽ സജീവ അംഗമായി പ്രവർത്തിക്കുന്ന പ്രസിഡന്റ് സജി എബ്രഹാം മുൻ വർഷങ്ങളിൽ സമാജത്തിന്റെ സെക്രട്ടറിയായും കമ്മറ്റി അംഗമായും പ്രവർത്തിച്ച് എല്ലാവർക്കും സുപരിചിതനായ വ്യക്തിയാണ്. ഫോമായുടെ സ്ഥാപക അംഗമായ സജി ഫോമാ അഡ്വൈസറി ബോർഡ് സെക്രട്ടറിയായും നിരവധി തവണ നാഷണൽ കമ്മറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

മാധ്യമ പ്രവർത്തകൻ കൂടിയായ മാത്യുക്കുട്ടി ഈശോ കേരളാ സമാജത്തിന്റെ കഴിഞ്ഞ വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു. ആദ്യമായാണ് സമാജം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്നത്.

ട്രഷർ വിനോദ് കെയാർക്കേ കേരളാ സമാജം പ്രസിഡന്റായി മുൻപ് പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും ട്രഷറായി സ്തുത്യർഹ സേവനം കാഴ്ച വച്ച വ്യക്തിയാണ് വിനോദ്. ഫൊക്കാനാ ജനറൽ സെക്രട്ടറി, ഫൊക്കാന നാഷണൽ കമ്മറ്റി അംഗം എന്ന നിലകളിൽ പ്രവർത്തിച്ചിട്ടുള്ള വിനോദ് കെയാർക്കേ ലോങ്ങ് ഐലൻഡിലെ പ്രശസ്തനായ റിയൽ എസ്റ്റേറ്റ് അറ്റോർണിയാണ്. നാല് വർഷം മുമ്പ് സമാജത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ച വ്യക്തിയാണ് ബോർഡ് ഓഫ് ട്രസ്റ്റിയായി ചുമതലയേറ്റ വിൻസെന്റ് സിറിയക്. നിരവധി വർഷങ്ങളിൽ സമാജത്തിന്റെ വിവിധ ചുമതലകൾ വഹിച്ചിട്ടുള്ള വിൻസെന്റ് ലോങ്ങ് ഐലൻഡിൽ അറിയപ്പെടുന്ന മോർട്ട്ഗേജ് ലോൺ ഓഫീസറാണ്.

കേരളാ സമാജത്തിന്റെ മറ്റു ചുമതലക്കാരും കമ്മറ്റി അംഗങ്ങളും: വൈസ് പ്രസിഡന്റ് ബെന്നി ഇട്ടിയേറ, ജോയിന്റ് സെക്രട്ടറി ജോസി സ്കറിയാ. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ: ലീലാ മാരേട്ട്, ഷാജി വർഗ്ഗീസ്, ഹേമചന്ദ്രൻ പെരിയാൽ, മാമ്മൻ എബ്രഹാം, തോമസ് വർഗ്ഗീസ്, ബാബു പാറക്കൽ, പ്രകാശ് തോമസ്. മറ്റ് ട്രസ്റ്റീ ബോർഡ് അംഗങ്ങൾ: വർഗ്ഗീസ് കെ. ജോസഫ്, പോൾ പി. ജോസ്, ഫിലിപ്പോസ് കെ. ജോസഫ് (ഷാജി), തോമസ് ഡേവിഡ് (സിബി). ആഡിറ്റർമാർ : ചാക്കോ കോയിക്കലത്ത്, ജോയ്സൺ വർഗ്ഗീസ്.

ഈ വർഷത്തെ പ്രവർത്തന പരിപാടികളുടെ രൂപരേഖയും യോഗത്തിൽ തയ്യാറാക്കി. പ്രവർത്തനോദ്ഘാടനവും ഈസ്റ്റർ - വിഷു ആഘോഷവും മെയ് 3-ന് ശനിയാഴ്ചയും, പിക്നിക് ജൂലൈ 26-നും ഓണാഘോഷവും ഓണസദ്യയും സെപ്റ്റംബർ 6-നും വാർഷിക ഡിന്നറും ഫാമിലി നൈറ്റും നവംബർ 22-നും നടത്തുന്നതിന് യോഗം തീരുമാനമെടുത്തു. 2025-ലെ വാർഷിക പൊതുയോഗവും 2026 വർഷത്തേക്കുള്ള ചുമതലക്കാരുടെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളും ഡിസംബർ 13 ശനിയാഴ്ച്ച നടത്തുന്നതിനും തീരുമാനിച്ചു. പതിവിൽ നിന്നും വ്യത്യസ്തമായി സാഹിത്യ സമ്മേളനങ്ങളും സെമിനാറുകളും, ടാക്സ് സംബന്ധമായും എസ്റ്റേറ്റ് പ്ലാനിംഗ് സംബന്ധിച്ചുമുള്ള സ്റ്റഡി ക്ലാസ്സുകളും സെമിനാറുകളും നടത്തുന്നതാണ്. സാഹിത്യ സമ്മേളനങ്ങളുടെ നടത്തിപ്പിനായി എഴുത്തുകാരനും സാഹിത്യകാരനുമായ ബാബു പാറക്കലിനെ കോർഡിനേറ്ററായി തെരഞ്ഞെടുത്തു. ടാക്സ് നിയമങ്ങളെ സംബന്ധിച്ച സെമിനാറുകൾക്കു നേതൃത്വം നൽകുന്നതിന് ടാക്സ് പ്രാക്ടീഷണറായ ഷാജു സാമിനെയും എസ്റ്റേറ്റ് പ്ലാനിംഗ് സെമിനാറുകളുടെ കോർഡിനേറ്ററായി റിയൽ എസ്റ്റേറ്റ് അറ്റേർണിയായ വിനോദ് കെയാർക്കെയെയും ചുമതലപ്പെടുത്തി.




# കേരളത്തിലെ അവസാന ജൂതർ – ചിത്രപ്രദർശനം വാഷിംഗ്ടണിൽ



വാഷിംഗ്ടൺ ഡി.സി: കേരളത്തിൽ പ്രത്യേകിച്ച് കൊച്ചിയിലെ മട്ടാഞ്ചേരിയിലെ വഴികളിലൂടെ യാത്ര ചെയ്യുമ്പോൾ നമുക്ക് മുന്നിൽ കടന്നുവരുന്ന പ്രധാന കാര്യങ്ങളാണ്- ജൂത തെരുവും, ജൂത പള്ളിയുമൊക്കെ. നൂറ്റാണ്ടുകൾ പഴക്കമുള്ള പുരാതനായ യഹൂദ ആരാധനാലയം ഇന്ന് ഒരു ചരിത്ര സ്മാരകമായി മാറിക്കഴിഞ്ഞു. അതുമല്ല കേരളത്തിലെ യഹൂദന്മാരെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഇന്ന് ഏറെക്കുറെ ഒരു ചരിത്ര സ്മരണകളായി മാറിയിരിക്കുന്നു. അതിനുള്ള കാരണം ഇസ്രയേൽ എന്ന ജൂത രാജ്യമുണ്ടായപ്പോൾ, കേരളത്തിലെ ജൂതന്മാർ ഇസ്രയേലിലേക്ക് കുടിയേറി എന്നുള്ളതാണ്.

ബി.സി കാലഘട്ടത്തിൽ തന്നെ യഹൂദന്മാർ വാണിജ്യ കാര്യങ്ങളാൽ കേരള മേഖലയിൽ എത്തി എന്നാണ് നിഗമനം. എ.ഡി 68-ൽ ജറുസലേമിലെ ജൂത ദേവാലയം റോമാക്കാർ നശിപ്പിച്ചപ്പോൾ ഏതാണ് പതിനായിരത്തോളം സ്ത്രീകളും കുട്ടികളും അടങ്ങുന്ന യഹൂദന്മാർ കൊടുങ്ങല്ലൂരിലെത്തി എന്ന് ചരിത്രം പറയുന്നു. കൊടുങ്ങല്ലൂർ, ചാവക്കാട്, മാടായിപ്പാറ, മാള എന്നീ സ്ഥലങ്ങളിൽ പ്രതാപികളായി ജീവിച്ചിരുന്ന യഹൂദന്മാർ, സാമൂഹിക, സാംസ്കാരിക, വാണിജ്യ, സാമ്പത്തിക രംഗങ്ങളിൽ പ്രമാണിമാരായിരുന്നു. എന്നാൽ പോർച്ചുഗീസുകാരുടെ വരവോടെ അവരുടെ അടിച്ചമർത്തലും, പീഡനങ്ങളാലും യഹൂദർ കൊച്ചി രാജ്യത്തിലേക്ക് പലായനം ചെയ്യുകയും, കൊച്ചി രാജാവ് അവരെ സ്വീകരിച്ചുവെന്നും അങ്ങനെയാണ് മട്ടാഞ്ചേരിയിലെ ജൂത തെരുവും, ജൂത പള്ളിയുമൊക്കെ ഉണ്ടാകുന്നത്. 1948-ൽ ഇസ്രയേൽ ഒരു സ്വതന്ത്ര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ കേരളത്തിലെത്തിയ യഹൂദർ മിക്കവരും ഇസ്രയേലിലേക്ക് മടങ്ങി.

1961-ലെ സെൻസസ് പ്രകാരം 359 യൂദാന്മാർ ആണ് അന്ന് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ 1991-ൽ അവരുടെ എണ്ണം 120-ൽ താഴെയായി. 2024-ൽ പതിനാല് മലബാർ യഹൂദന്മാരും ഒരു പരദേശി യഹൂദനുമാണ് കേരളത്തിൽ അവശേഷിക്കുന്നത്.



ഈ അവശേഷിക്കുന്ന യഹൂദന്മാരുടെ കഥ ക്യാമറക്കണ്ണിലൂടെ എമ്മി അവാർഡ് ജേതാവായ ജോഷ കോഗൻ പകർത്തിയ ചിത്രപ്രദർശനം "The Latest Jews of Cochin' എന്ന പേരിൽ വാഷിംഗ്ടൺ ഹൂബ്രൂ കോൺഗ്രിഗേഷന്റെ ക്രീഗർ ലോബിയിൽ ജനുവരി 14-ന് ആരംഭിച്ചു. മാർച്ച് അവസാനം വരെ ചിത്രപ്രദർശനം തുടരുന്നതാണ്. സീനിയർ റാബി സൂസൻ ഷാങ്ക്മാൻ, ഇന്ത്യൻ സമൂഹത്തെ പ്രതിനിധീകരിച്ച് ബിനോയ് തോമസ്, ഫോട്ടോ ജേർണലിസ്റ്റ് ജോഷാ കോഗൻ എന്നിവർ ചിത്രപ്രദർശന ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ചിത്രപ്രദർശനം കാണുവാൻ താത്പര്യമുള്ളവർ 3935 Maconb Street, N.Wലുള്ള വാഷിംഗ്ടൺ ഹീബ്രൂ കോൺഗ്രിഗേഷൻ സന്ദർശിക്കുക.

# പ്രവാസി കോൺക്ലേവിൽ ലെജന്റ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു

കൊച്ചി: ശരീരംകൊണ്ട് പുറത്താണെങ്കിലും മനസ്സുകൊണ്ട് തന്റെ ജന്മദേശത്താണ് പ്രവാസികളുള്ളതെന്ന് സുപ്രിം കോടതി മുൻ ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു. മറൈൻഡ്രൈവ് ക്ലാസിക് ഇംപരിയൽ ക്രൂയിസിൽ നടത്തിയ പ്രവാസി കോൺക്ലേവിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു. അദ്ദേഹം.

കൂട്ടിക്കുഴക്കലും കൂട്ടിക്കുറക്കലുമുണ്ടാകുമ്പോഴാണ് കൂട്ടായ്മയിൽ പ്രശ്നങ്ങളുണ്ടാകുന്നത്. കൂട്ടിച്ചേർക്കുന്ന കൂട്ടായ്മകളാണ് നമുക്ക് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. പ്രവാസികൾക്ക് വോട്ട് ചെയ്യാനുള്ള അധികാരം ലഭിച്ചിട്ടില്ലെങ്കിലും സമൂഹത്തിൽ വോട്ടുണ്ടാക്കാൻ പ്രവാസികൾക്ക് സ്വാധീനം ചെലുത്താൻ കഴിയും. വിദേശത്തുള്ളവർക്ക് വോട്ട് ലഭ്യമാക്കണമെങ്കിൽ അതിന് രാഷ്ട്രീയ തീരുമാനമാണ് ആവശ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

കറ തീർന്ന രാഷ്ട്രീയ പ്രസ്ഥാനം എന്നൊന്ന് നിലവിലില്ലെന്നും കറ കുറഞ്ഞ രാഷ്ട്രീയ പ്രസ്ഥാനമെന്നേ പറയാൻ കഴിയുകയുള്ളുവെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു. രാജ്യത്തെ നാല് നെടുംതൂണുകളുടേയും വിശ്വാസ്യതയിൽ കുറവുണ്ടായെന്നും സത്യവും നീതിയും തീരെ കുറഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി. അഞ്ചാമത്തെ തൂണെന്ന് വിശേഷിപ്പിക്കാവുന്ന സിവിൽ സൊസൈറ്റി നീക്കങ്ങളിലാണ് തനിക്ക് പ്രതീക്ഷയുള്ളതെങ്കിലും അതുപോലും ഇപ്പോൾ ദയനീയ അവസ്ഥയിലാണെന്നും അദ്ദേഹം പറഞ്ഞു.

ആളുകൾ ഒരു നന്മ ചെയ്യുമ്പോൾ ആര് ചെയ്തു എന്നല്ല എന്താണ് ചെയ്തതിനാണ് പ്രാധാന്യം കൽപ്പിക്കേണ്ടത്. നമ്മെ നാമാക്കിയ നാടിന് തിരിച്ചു കൊടുക്കാനാവുന്ന നന്മകൾ നിർവഹിക്കണമെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു.

ഇന്ത്യയിൽ നിലവിലുള്ള എല്ലാ നിയമങ്ങളും പ്രവാസികൾക്കും കൂടിയുള്ളതാണെന്നും അവ ഉപയോഗിക്കാൻ പ്രവാസികൾ തയ്യാറാകണമെന്നും ലെജന്റ് പുരസ്ക്കാരം സ്വീകരിച്ച് ആർ ശ്രീകണ്ഠൻ നായർ പറഞ്ഞു. ചവിട്ടി നിൽക്കാൻ അധികാരമുള്ള മണ്ണിൽ പോരാടാൻ തയ്യാറായാൽ അവകാശങ്ങൾ ലഭ്യമാകുമെന്നും ശ്രീധരൻ നായർ പറഞ്ഞു. ചെറുത്തു നിൽക്കാൻ ഒരാൾ ഇറങ്ങിപ്പുറപ്പെട്ടാൽ അയാളെ പൂട്ടാനാവില്ലെന്നും ശ്രീകണ്ഠൻ നായർ വ്യക്തമാക്കി.

പോൾ കറുകപ്പള്ളി അധ്യക്ഷത വഹിച്ചു. എം എൽ എമാരായ ടി ജെ വിനോദ്, അഡ്വ. മോൻസ് ജോസഫ്, റോജി എം ജോൺ, വേണു രാജാമണി, കെ ഫ്രാൻസിസ് ജോർജ്, ഗോപിനാഥ് മുതുകാട്, അലക്സ് വിളനിലം കോശി എന്നിവർ പ്രസംഗിച്ചു. ഡോ. ടെസ്സി തോമസ്, ഡോ. ഇന്ദിര രാജൻ, ആർ ശ്രീകണ്ഠൻ നായർ, ആന്റണി പ്രിൻസ്, ഡോ. സണ്ണി ലൂക്ക്, വയലാർ രവി, പ്രവാസി ബന്ധു ഡോ. എസ് അഹമ്മദ് എന്നിവരെ ലെജന്ററി പുരസ്ക്കാരം നൽകി ആദരിച്ചു.



*മറൈൻഡ്രൈവ് ക്ലാസിക് ഇംപീരിയൽ ക്രൂയിസിൽ നടത്തിയ പ്രവാസി കോൺക്ലേവ് സുപ്രിം കോടതി മുൻ ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ആർ ശ്രീകണ്ഠൻ നായർ, അലക്സ് വിളനിലം കോശി, പ്രവാസി ബന്ധു ഡോ. എസ് അഹമ്മദ്, അഡ്വ. മോൻസ് ജോസഫ് എം എൽ എ, ടി ജെ വിനോദ് എം എൽ എ, പോൾ കറുകപ്പള്ളി, റോജി എം ജോൺ എം എൽ എ, വേണു രാജാമണി തുടങ്ങിയവർ സമീപം*

# ഫോമാ – പുഷ്പഗിരി മെഡിക്കൽ സ്കീം പ്രൊഫ. പി.ജെ കുര്യൻ ഉദ്ഘാടനം ചെയ്തു




**എ.എസ് ശ്രീകുമാർ**

**ഫോമാ ന്യൂസ് ടീം**

കൊച്ചി: നോർത്ത് അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫോമാ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജുമായി കൈകോർത്ത് ഫോമാ കുടുംബാംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ഡയമണ്ട് മെഡിക്കൽ കാർഡ് പദ്ധതിയുടെ ഉദ്ഘാടനം മുൻ കേന്ദ്ര മന്ത്രിയും രാജ്യസഭാ ഉപാധ്യക്ഷനുമായിരുന്ന പ്രൊഫ. പി.ജെ കുര്യൻ നിർവഹിച്ചു. ആശുപത്രിയിലെത്തുന്ന ഫോമായുടെ അംഗങ്ങൾക്കും ബന്ധുക്കൾക്കും പരസഹായമില്ലാതെ, ഏറെ നേരം കാത്തുനിൽക്കാതെ ആരോഗ്യസംബന്ധമായ സേവനങ്ങൾ ലഭ്യമാക്കാനും ഇളവ് ലഭിക്കാനുമുള്ള ഗേറ്റ് വേയാണ് ആരോഗ്യകരമായ ഈ സ്കീമിലൂടെ തുറന്നിരിക്കുന്നതെന്ന് പ്രൊഫ. പി.ജെ കുര്യൻ പറഞ്ഞു.

ഇന്ന് രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജിലെ സെനറ്റ് ഹാളിൽ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സന്നിഹിതരായിരുന്ന ഫോമാ കുടുംബാംഗങ്ങൾ കാർഡ് ഏറ്റുവാങ്ങി. കൂടുതൽ പേർക്ക് കാർഡുകൾ നൽകുമെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു. നാട്ടിലെത്തുന്ന ഫാമാ കുടുംബാംഗങ്ങൾക്കും കേരളത്തിലുള്ള അവരുടെ ബന്ധുക്കൾക്കും വേഗത്തിൽ വിവിധ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ ഈ മെഡിക്കൽ കാർഡ് ഏറെ ഉപകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മിതമായ നിരക്കിലുള്ള ആരോഗ്യ സുരക്ഷാ സേവനം, ഹോം കെയർ സർവീസ്, ചെക്കപ്പ്, ഔട്ട്പേഷ്യന്റ് വിഭാഗത്തിന് മുൻഗണന തുടങ്ങിയവ പ്രദാനം ചെയ്യുന്നതാണ് ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീം.

യോഗത്തിൽ പുഷ്പഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ലിജു തോമസ്, പുഷ്പഗിരി ഹോസ്പിറ്റൽ സി.ഇ.ഒ റവ. ഫാ. ഫിലിപ്പ് പായംപള്ളിൽ, പത്തനംതിട്ട ജില്ല യു.ഡി.എഫ് കൺവീനർ അഡ്വ. വർഗീസ് മാമ്മൻ, റാന്നി മുൻ എം.എൽ.എയും സി.പി.എം പത്തനംതിട്ട ജില്ലാ സെക്രട്ടറിയുമായ രാജു എബ്രഹാം, ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ഫോമായുടെ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, മുൻ പ്രസിഡന്റുമാരായ അനിയൻ ജോർജ്, ഡോ. ജേക്കബ് തോമസ്, നാഷണൽ കമ്മിറ്റി മെമ്പർ ജിജു കുളങ്ങര, സതേൺ റീജിയൺ പ്രസിഡന്റ് രാജേഷ് മാത്യു, ഫോമാ മുൻ കൺവൻഷൻ ചെയർമാനും പി.ആർ.ഒയുമായിരുന്ന മാത്യു വർഗീസ്, വർഗീസ് ചാമത്തിൽ തുടങ്ങിയവർ സംസാരിച്ചു.

ഫോമാ അംഗങ്ങളും അവരുടെ മാതാപിതാക്കളും കുട്ടികളും ആണ് ഈ മെഡിക്കൽ കാർഡിന്റെ ഗുണഭോക്താക്കൾ. കെ.എ.എസ്.പി, ഇ.എസ്.ഐ, മെഡിസെപ് ഉൾപ്പെടെയുള്ള ഇൻഷുറൻസ് പദ്ധതിയിൽ ചേരാത്തവർക്ക് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കും. കുടുംബത്തിലെ മറ്റാർക്കെങ്കിലും ആരോഗ്യ സേവനം ആവശ്യമുണ്ടെങ്കിൽ ഫോമായുടെ ഔദ്യോഗിക ലെറ്റർ ഹെഡിൽ




ബന്ധുത്വം തെളിയിക്കുന്ന ശുപാർശ നൽകിയാൽ മതി. പുഷ്പഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ലിജു തോമസുമായി ഫോമാ നേതാക്കൾ നടത്തിയ ചർച്ചയെ തുടർന്നാണ് ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീം ആവിഷ്കരിക്കാൻ ധാരണയായത്.

ഔട്ട് പേഷ്യന്റ് ചെക്കപ്പിനും മറ്റും "പേഷ്യന്റ് റിലേഷൻസ് ഓഫീസറു"ടെ സഹായം ഉണ്ടായിരിക്കും. രോഗനിർണയത്തിനും മരുന്നിനും ശസ്ത്രക്രിയ സംബന്ധിച്ചുള്ള കാര്യങ്ങൾക്കും 5 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. ഫൈനൽ ബില്ലിൽ 10 ശതമാനം ഡിസ്കൗണ്ട് ഉണ്ട്. സ്കീമിലൂടെ നിലവാരമുള്ള ചികിൽസയും മറ്റ് സേവനങ്ങളും താങ്ങാവുന്ന നിരക്കിൽ രോഗികൾക്ക് ലഭിക്കുമെന്ന് പുഷ്പഗിരി മെഡിക്കൽ കോളേജിലെ ബന്ധപ്പെട്ട അധികൃതർ ഉറപ്പുനൽകി.

ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീമിന്റെ സേവന ആനുകൂല്യങ്ങൾ, ആവശ്യമുള്ളപ്പോൾ വേണ്ടവർക്കെല്ലാം ലഭിക്കട്ടെയെന്നും ഫോമാ കർമഭൂമിയിലും ജൻമനാട്ടിലും സമയബന്ധിതമായി നടപ്പാക്കുന്ന ജനപക്ഷ മുഖമുള്ള പദ്ധതികളുടെ ഭാഗമായാണ് ഈ മെഡിക്കൽ കാർഡ് വിതരണം ചെയ്യുന്നതെന്നും ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു.








Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിക്ക് കൈരളി ടി.വിയുടെ ആദരവ്




**ഫൊക്കാന ന്യൂസ് ടീം**

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയെ കൈരളി ടി വി ആദരിച്ചു. കൈരളി ടി വി കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ വർഷം തോറും നൽകി വരുന്ന കതിർ അവാർഡ് വേദിയിൽ വെച്ച് കൈരളി ചെയർമാൻ മമ്മൂട്ടിയിൽ നിന്നാണ് ഡോ. സജിമോൻ ആന്റണി ആദരവ് സ്വീകരിച്ചത്. അമേരിക്കൻ മലയാളി സമൂഹ്യ , സാംസ്കാരിക മേഖലയ്ക്കും മാധ്യമ മേഖലയിലും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ ആദരവ് നൽകിയത്.

കഴിഞ്ഞ പത്ത് വർഷത്തിലധികമായി അമേരിക്കൻ മലയാളി സാമൂഹ്യ പ്രവർത്തന രംഗത്ത് സജീവമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച ഡോ. സജിമോൻ ആന്റണി ഫൊക്കാനയുടെ ജനറൽ സെക്രട്ടറി ആയും നിലവിൽ പ്രസിഡന്റായും പ്രവർത്തനങ്ങളിലൂടെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് .

2024 – 2026 കാലയളവിൽ ഫൊക്കാനയുടെ പ്രസിഡന്റായി അധികാരമേറ്റ അദ്ദേഹത്തിന്റെ നേതൃത്വം നിരവധി പ്രവർത്തനങ്ങളിലൂടെ ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞു.

കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് , പോളിറ്റ് ബ്യൂറോ അംഗം എ . വിജയ രാഘവൻ , എം പി ജോൺ ബ്രിട്ടാസ് , സലിം കുമാർ , പ്രസിദ്ധ നാടൻ പാട്ടുകാരി പ്രസീദ ചാലക്കുടി തുടങ്ങി നിരവധി പ്രമുഖർ സന്നിതരായിരുന്നു ,

അർഹതയ്ക്കുള്ള അംഗീകാരമായിട്ടാണ് സജിമോൻ ആന്റണിക്ക് ലഭിച്ച പുരസ്ക്കാരത്തെ നോക്കിക്കാണുന്നതെന്ന് ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു. ട്രഷറർ ജോയി ചാക്കപ്പൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി വർഗീസ് , അംഗങ്ങൾ , കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സജിമോൻ ആന്റണിയെ അഭിനന്ദിച്ചു


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



### ആലീസ് മാത്യ

ടൊറന്റോ: ടൊറന്റോ മലയാളി സമാജം മുൻ പ്രസിഡന്റും തോൺഹിൽ സ്വദേശിനിയുമായ ആലീസ് മാത്യു (84) അന്തരിച്ചു. ഠങ്ങടന്റെ ആദ്യകാല സംഘാടകയും, ദീർഘകാലം വിവിധ ഭാരവാഹിത്വവും വഹിച്ച വ്യക്തി കൂടി ആയിരുന്നു ആലീസ് മാത്യു.ഭർത്താവ് വിൻസെന്റ് അകിനാസ്. വെക്കേഷനായി നാട്ടിൽ എത്തിയപ്പോഴായിരുന്നു മരണം. പ്രമുഖ വ്യവസായിയും ഫൊക്കാനാ ട്രസ്റ്റി ബോർഡ് ചെയറും ആയ ജോജി തോമസിന്റെ മാതൃ സഹോദരിയാണ്. കോട്ടയം മള്ളുശേരിയാണ് വീട്.

### സിസിലി ആന്റണി

ഇഞ്ചിയാനി:ചിന്താർമണിയിൽ പരേതനായ സി.ടി. ആന്റണിയുടെ ഭാര്യ സിസിലി ആന്റണി (75) അന്തരിച്ചു. മകൻ: തോമസ് ആന്റണി. മരുമകൾ: മഞ്ജു.



### അഡ്വ. പി.വി. ജോർജ്

ഡാളസ്: അഡ്വ. പി.വി. ജോർജ് പറയരുത്തോട്ടം (92) അന്തരിച്ചു. കേരള അസോസിയേഷൻ ഓഫ് ഡാളസ് അനുശോച്ചു. അഡ്വ. ജോർജിന്റെ കുടുംബം കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ദീർഘകാല അംഗങ്ങളും പിന്തുണക്കാരുമാണ്.

### രാജു ഐ. മാത്യു

തൃക്കൊടിത്താനം:നാട്ടകം ഗവ. പോളിടെക്നിക് മുൻ ജീവനക്കാരനായിരുന്ന കിളിമല വാഴപ്പറമ്പിൽ രാജു ഐ. മാത്യു (65) അന്തരിച്ചു. ഭാര്യ: പാക്കിൽ പള്ളിക്കിഴക്കേതിൽ അമ്മിണി. മകൾ: ഐഷ രാജു. മരുമകൻ: സുബിൻ (പുനലൂർ).

### റെജി രാമകൃഷ്ണൻ

ആർപ്പൂക്കര:തൊണ്ണാംകുഴി പനച്ചോലിൽ രാമകൃഷ്ണന്റെയും സുലോചനയുടെയും മകൻ റെജി രാമകൃഷ്ണൻ (45) അന്തരിച്ചു



### തോമസ് മത്തായി

ഡാളസ് :തോമസ് മത്തായി ഡാലസിൽ അന്തരിച്ചു. പരേതരായ വൈക്കത്തെ ഇരുമ്പൂഴിക്കരയിൽ വറുഗീസ് മത്തായിയുടെയും അന്നമ്മ മത്തായിയുടെയും മകനാണ് തോമസ് മത്തായി.ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് ജനറൽ സെക്രട്ടറി ബിജിലി ജോർജിന്റെ മാതൃസഹോദരനാണ് പരേതൻ. ഭാര്യ അന്നമ്മ തോമസ് ,മകൻ- ഡോ.ഷി ബു തോമസ് -മരുമകൾ- മെഡലെയ്ൻ സഹോദരങ്ങൾ :സാറാമ്മ ജോർജ് , പരേതയായ മേരി ജോസ്ഫ്, സൂസി ജോയ് (ഡാളസ്), ദീന ജോർജ് (ഫ്ലോറിഡ) ജോർജ്കുട്ടി മത്തായിഡാളസ്),സാജുമോൻ മത്തായി (ഡാളസ്). 90 കളുടെ തുടക്കത്തിൽ ഡാളസിലെ കേരള അസോസിയേഷന്റെ വളർച്ചയിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു.



### ഏലിയാമ്മ കുരുവിള

ചിക്കാഗോ: കൊല്ലപ്പള്ളിൽ ഏലിയാമ്മ കുരുവിള (87) ജനുവരി ഒമ്പതിന് ചിക്കാഗോയിൽ അന്തരിച്ചു. മക്കൾ: സണ്ണി കുരുവിള, പരേതയായ മേരി ജെയിംസ്, ജോസ് കുരുവിള, പീറ്റർ കുരുവിള, അലക്സ് കുരുവിള, മേഴ്സി ആന്റണി, പ്രകാശ് കുരുവിള, പ്രിൻസ് കുരുവിള, സോഫി ജോസഫ്.മരുമക്കൾ: തെരേസ കുരുവിള, ജെയിംസ് മാവുങ്കൽ, സൂസമ്മ കുരുവിള, സിസിലി പീറ്റർ, ബീന അലക്സാണ്ടർ, രാജു ആന്റണി, സിമോണ പ്രകാശ്, ലിറ്റ കുരുവിള, വിൽസൺ ജോസഫ്.

### ആൻസമ്മ ജയിംസ്


മൂന്നിലവ്:മുതലക്കുഴിയിൽ (പുത്തൻപുരയിൽ) ആൻസമ്മ ജയിംസ് (63) അന്തരിച്ചു. ഉപ്പുതറ മാക്കിയിൽ കുടുംബാംഗമാണ്. ഭർത്താവ്: ജയിംസ്. മക്കൾ: ജോമി, ജോബിൻ, ജിജോ.



ഉഴവൂർ: കോട്ടയം വിസിറ്റേഷൻ സമൂഹാംഗമായ സി. റുപ്പീന എസ്.വി.എം (98) അന്തരിച്ചു. ഉഴവൂർ പുളിതൊട്ടിൽ പരേതരായ തൊമ്മൻ നൈത്തി എന്നിവരുടെ മകളാണ്. എബ്രഹാം, കുര്യൻ, ലൂക്ക, സ്റ്റീഫൻ, തോമസ്, ഏലി, അന്നമ്മ എന്നിവർ സഹോദരങ്ങളാണ്. ഉഴവൂർ, മ്രാല, ചുങ്കം, പയ്യാവൂർ, കൂടല്ലൂർ, ചിങ്ങവനം, പയസ് മൗണ്ട്, പേരൂർ, കൈപ്പുഴ, രാജപുരം, കിടങ്ങൂർ, പൂഴിക്കോൽ, ഒളശ്ശ, കുറ്റൂർ എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

### വത്സമ്മ തമ്പി

ഏറ്റുമാനൂർ:കട്ടച്ചിറ അരുൺ നിവാസിൽ പരേതനായ എം.കെ.തമ്പിയുടെ ഭാര്യ എസ്എൻഡിപി കട്ടച്ചിറ ശാഖ മുൻ സെക്രട്ടറി വത്സമ്മ തമ്പി (70) അന്തരിച്ചു. മകൻ: അരുൺ തമ്പി. മരുമകൾ: സൗമ്യ അരുൺ (മറ്റക്കര).



### ടി.എസ്. ബേബി

കട്ടപ്പന: തുണ്ടത്തിലേട്ട് ടി.എസ്. ബേബി - 77 ( റിട്ട. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ) അന്തരിച്ചു. ഭാര്യ കെ.ജെ. അന്നമ്മ (മണി ടീച്ചർ, റിട്ട്. അധ്യാപിക), മക്കൾ: ട്രീസാ ബേബി ( അസി. പ്രഫസർ ഗവ. കോളജ് തൃപ്പൂണിത്തുറ), പരേതയായ റേച്ചൽ ബേബി (ട്രാവൽ പോർട്ട് യുകെ), ഡോ. ആൻപിയ ബേബി എൻഡോക്രൈനോളജിസ്റ്റ്, യാക്ക് ഹോസ്പിറ്റൽ (ന്യൂയോർക്ക് യുഎസ്എ). മരുമക്കൾ: എബി കെ. തോമസ് മുഞ്ഞനാട്ട് പുത്തൻകുരിശ്, പരേതനായ സുനിൽ ജോർജ് , ജോവിൻ ജോയി തുണ്ടത്തിൽ, അറക്കുളം.

### വർഗീസ്

പാമ്പാടി:വർഗീസ് (കുട്ടായി-88) അന്തരിച്ചു. ഭാര്യ: പടിഞ്ഞാറേ പറമ്പിൽ പരേതയായ തങ്കമ്മ.



### ബെന്നി ജോസ്

നടുക്കണ്ടം: ആലപ്പാട്ട് പരേതനായ എൻ.എം ജോസഫ്-ഏലിയാമ്മ മകൻ ബെന്നി ജോസ് (62) അന്തരിച്ചു. ഭാര്യ: ആനിമോൾ മോനിപ്പള്ളി തെക്കേ തോട്ടപ്ലാക്കിൽ കുടുംബാംഗമാണ്. മക്കൾ: ഷെറിൻ, ജെറിൻ, ഷിബിൻ. മരുമക്കൾ: എബിൻ തോമസ് നായത്ത്പറമ്പിൽ (പാലത്തുരുത്ത്), പ്രീതി ജോസഫ് മരുതനാടിയിൽ (അരീക്കര).

### ശോശാമ്മ മാത്യു

പാമ്പാടി:വെള്ളൂർ കൊച്ചിട്ട്യടത്ത് ശോശാമ്മ മാത്യു (92) യുഎസിൽ അന്തരിച്ചു. വെള്ളൂർ പൈലിത്താനത്തായ ചുക്കുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കോര മാത്യു. മക്കൾ: ലീലാമ്മ, പൊന്നമ്മ. മരുമക്കൾ: പുതുപ്പള്ളി ഓതറയിൽ സണ്ണി, അരീപ്പറമ്പ് പുത്തൻപ്പുരയിൽ ജെയ്ജി (എല്ലാവരും യുഎസ്).



### ആലീസ് ചാണ്ടി

പേരൂർ: കാരണംകോട്ട് പരേതനായ കെ.എം ചാണ്ടിയുടെ ഭാര്യ ആലീസ് ചാണ്ടി (80) അന്തരിച്ചു. പരേത കുറുപ്പന്തറ കണ്ടാരപ്പള്ളി (കളരിക്കൽ) കുടുംബാംഗമാണ്. മക്കൾ: ബിനി (യു.എസ്.എ), ബിനു (ബിസിനസ്സ്), ബിനോയി (യു.കെ). മരുമക്കൾ: ബെന്നി ആകശാലയിൽ പിറവം, സിന്ധു പുല്ലാനപ്പള്ളിൽ എസ്.എച്ച് മൗണ്ട്, ദിവ്യ കൊച്ചുപറമ്പിൽ വെളിയനാട്.

### ഭാനുമതിയമ്മ

പൂഞ്ഞാർ:ഭാനുമതിയമ്മ (97) അന്തരിച്ചു. മക്കൾ കൃഷ്ണകുമാർ, പരേതനായ ശ്രീനാരായണ മേനോൻ. മരുമക്കൾ: ലളിത മേനോൻ, പ്രിയ കൃഷ്ണകുമാർ.

### അബ്ദുൽ സലാം

ഈരാറ്റുപേട്ട:തെക്കേക്കര കൊച്ചേപ്പറമ്പിൽ അബ്ദുൽ സലാം (71) അന്തരിച്ചു.



### കെ.എം തോമസ്

ഉഴവൂർ: കുന്നുംപുറത്ത് കെ.എം തോമസ് (74) അന്തരിച്ചു. ഭാര്യ: ഉഴവൂർ കൈപ്പുങ്കൽ ലീലാമ്മ. മക്കൾ: മായ, മനു തോമസ് (ക്രൈം ബ്രാഞ്ച് ഓഫിസ് കോട്ടയം). മരുമക്കൾ: പയസ് വണ്ടൻമാക്കിൽ (വള്ളിച്ചിറ), ബിൻസി കിഴക്കേകൊലായിൽ (കരിപ്പാടം).

### കെ.ജെ.ജോൺ

പൊൻകുന്നം:കളപ്പുരയ്ക്കൽ കെ.ജെ.ജോൺ (കുഞ്ഞ്-90) അന്തരിച്ചു. ഭാര്യ: ചാമംപതാൽ നരിമറ്റത്തിൽ പരേതയായ അന്നമ്മ ജോൺ. മക്കൾ: ലൈസാമ്മ, ആനിയമ്മ, ഷാജി (ചെറുവള്ളി), ബിനോയ്, ടോണി. മരുമക്കൾ: ടോമി പനച്ചിപ്പുറ്റം (മൂഴൂർ), ജോസ് വടക്കേൽ (ചെമ്മലമറ്റം), ബിൻസി പാറയിൽ (വെളിച്ചിയാനി), ഡെൻസി പാറയിൽ, ലിറ്റി വടക്കേൽ (വഞ്ചിമല).



### ബാബു തോമസ്

കിടങ്ങൂർ: കുമ്മണ്ണൂർ പാലക്കാട്ട് പരേതനായ തോമസിന്റെ മകൻ ബാബു തോമസ് (64) അന്തരിച്ചു. ഭാര്യ: മേരി ബാബു മാലക്കല്ല് ആനിമൂട്ടിൽ കുടുംബാംഗമാണ്. മക്കൽ: സൗമ്യ, സ്മിത, സന്ധ്യാ (യു.എസ്.എ). മരുമക്കൾ: അജീഷ് പാലത്തിനാടിയിൽ (അയർലണ്ട്), ലിൻസൺ പ്രാലേൽ നീണ്ടൂർ, ജിമ്മി ആനക്കല്ലാമലയിൽ (യു.എസ്.എ).

### കുഞ്ഞുമോൾ തമ്പി

കുമരകം:ആശാരിപ്പറമ്പിൽ തമ്പിയുടെ ഭാര്യ കുഞ്ഞുമോൾ തമ്പി (75) അന്തരിച്ചു. മക്കൾ: അഭിലാഷ് ശാന്തി, അമ്പിളി, അജിത. മരുമക്കൾ: മുരുകൻ, ജനീഷ്, സജിത.

### അയ്യപ്പൻ

കാരാപ്പുഴ:കറുപ്പയ്യാ നാടാരുടെ മകൻ അയ്യപ്പൻ (46) അന്തരി ച്ചു. ഭാര്യ: വിനു. മകൻ: അശ്വിൻ.



pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News